മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

Vol. 08 No. 50 THE ONLINE OFFICIAL NEWS BULLETIN 2025 December 11

SEASON OF THE ANNUNCIATION ❁ അറിയിപ്പുകാലം ❁ ܥܕܢܐ ܕܒܫܪܬܐ

SUNDAY	MONDAY	TUESDAY	WEDNESDAY	THURSDAY	FRIDAY	SATURDAY
14	15	16	17	18	19	20
Galyono d-Yawseph Kino Revelation to St. Joseph 108th Memorial of Paulose Mar Coorilose Metropolitan ✠ (Panampady)			97th Mem. of H.H.Baselius Geevarghese I ✠ (Vallikkattu Dayara)	Comme. of St. Thomas the Apostle (The day St. Thomas was pierced by the lance of heathens)		Comme. of St. Ignatius Nurono (Fiery One)

മാത്യൂസ് മാർ ബർണബാസ് മെത്രാപ്പോലീത്തായുടെ 13-ാം ശ്രാദ്ധപ്പെരുന്നാൾ വളയൻചിറങ്ങര സെന്റ് പീറ്റേഴ്സ് & സെന്റ് പോൾസ് ഓർത്തഡോക്സ് സിറിയൻ പള്ളിയിൽ നടന്നു. വിശുദ്ധ കുർബാനയ്ക്ക് പ. ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവാ മുഖ്യ കാർമ്മികത്വം വഹിച്ചു. ഡോ. തോമസ് മാർ അത്തനാസിയോസ്, യുഹാനോൻ മാർ പോളികാർപ്പോസ്, ഡോ. ഗീവർഗീസ് മാർ യൂലിയോസ്, ഡോ. ജോഷ്വാ മാർ നിക്കോദിമോസ്, സഖറിയ മാർ സേവേറിയോസ് എന്നിവർ സഹകാർമ്മികത്വം വഹിച്ചു.

പരിശുദ്ധ ബസേലിയോസ് ഔഗേൻ പ്രഥമൻ കാതോലിക്കാ ബാവായുടെ 50-ാം ഓർമ്മപ്പെരുന്നാളിന് പ. ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവാ മുഖ്യ കാർമ്മികത്വം വഹിച്ചു.

കോട്ടയം ഭദ്രാസനം പാറക്കൽ കുര്യാക്കോസ് കോറെപ്പിസ്കോപ്പായുടെ 37 – ാം ചരമദിനം ലഹരി വിരുദ്ധ ദിനമായി ആചരിച്ചു. മീനടം സെന്റ് ജോൺസ് ഓർത്തഡോക്സ് പള്ളിയിൽ നടന്ന വിശുദ്ധ കുർബാനക്ക് ഡോ. യുഹാനോൻ മാർ ദിയസ്കോറസ് മെത്രാപ്പോലീത്തോ മുഖ്യകാർമികത്വം വഹിച്ചു.

നവീകരിച്ച കുറ്റപ്പുഴ മാർ ഗ്രിഗോറിയോസ് ഓർത്തഡോക്സ് ദേവാലയത്തിന്റെ കൂദാശയും പ്ലാറ്റിനം ജൂബിലി ഉദ്ഘാടനവും പ. ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവാ നിർവ്വഹിച്ചു.

കെ. വി. ജോസഫ് റമ്പാൻ അന്തരിച്ചു



മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ മുതിർന്ന വൈദികൻ കെ. വി. ജോസഫ് റമ്പാൻ (90) അന്തരിച്ചു. ആരോഗ്യ പ്രശ്നങ്ങളെ തുടർന്ന് പരുമല ആശുപത്രിയിൽ ചികിത്സയിലിരിക്കെയാണ് അന്ത്യം. മലങ്കരസഭാ മാനേജിംഗ് കമ്മിറ്റി അംഗം, എം.ഒ.സി കോളജ് ഗവേർണിംഗ് ബോർഡ് അംഗം, പരുമല സെമിനാരി കൗൺസിൽ അംഗം, കോട്ടയം ഭദ്രാസന കൗൺസിൽ അംഗം, ദേവലോകം അരമന മാനേജർ, പഴയ സെമിനാരി അസിസ്റ്റന്റ് മാനേജർ, പ. ഔഗേൻ ബാവായുടെ സെക്രട്ടറി, പരിശുദ്ധ എപ്പിസ്കോപ്പൽ സുന്നഹദോസ് ഓഫീസ് സെക്രട്ടറി, കോട്ടയം മാർ ഏലിയ കത്തീഡ്രൽ വികാരി, എം.ഡി. സെമിനാരി മാനേജർ, പഴയ സെമിനാരി മാനേജർ, പരുമല സെമിനാരി അസിസ്റ്റന്റ് മാനേജർ തുടങ്ങി മലങ്കരസഭയിൽ നിരവധി സുപ്രധാന ചുമതലകൾ വഹിച്ചിരുന്നു. കൂടാതെ കോട്ടയം ഭദ്രാസനത്തിലെ വിവിധ ഇടവകകളിൽ വികാരിയായും സേവനം അനുഷ്ഠിച്ചിട്ടുണ്ട്. കഴിഞ്ഞ കുറെ വർഷങ്ങളായി പാമ്പാടി മാർ കുറിയാക്കോസ് ദയറായിൽ വിശ്രമജീവിതം നയിച്ച് വരികയായിരുന്നു.

ഭൗതികദേഹം ശനിയാഴ്ച്ച 3 മണിക്ക് മണിക്ക് മന്ദിരം ആശുപത്രിയിൽ നിന്ന് എടുക്കും. രാത്രി പാമ്പാടി ദയറായിൽ വയ്ക്കും. രാവിലെ വി. കുർബ്ബാനയ്ക്കു ശേഷം പുതുപ്പള്ളിയിലേക്ക് കൊണ്ടുപോകും. സംസ്കാരം ഞായർ 3 മണിക്ക് പുതുപ്പള്ളി പള്ളിയിൽ.

Published by Dr. Yuhanon Mar Diascoros Metropolitan on behalf of MOSC Media Department

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

ചരിത്രരേഖകൾ

പ. ഗീവർഗീസ് രണ്ടാമൻ ബാവായുടെ ഡയറിക്കുറിപ്പുകൾ (1957)

സമ്പാദകൻ: ജോയ്സ് തോട്ടയ്ക്കാട്



1957 ഫെബ്രുവരി

10 ഞായർ. കാതോലിക്കേറ്റ് അരമന. നമ്മുടെ ശരീരത്തിന് സുഖം ഇല്ലാത്തതിനാൽ മല്പാൻ യോഹന്നാൻ കത്തനാർ കുർബ്ബാന ചൊല്ലുകയും കുർബ്ബാന കഴിഞ്ഞ് നോമ്പിനെപ്പറ്റിയും കുരിശ് കൂദാശയെപ്പറ്റിയും കുറച്ചുസമയം പ്രസംഗിക്കയും ഉടനെതന്നെ കുരിശ് കൂദാശയ്ക്കായി പുറപ്പെടുകയും കൂദാശ ആരംഭിക്കയും ചെയ്തു. പതിനൊന്നര മണിയോടു കൂടി കൂദാശ അവസാനിച്ചു. കൈമുത്തിനുശേഷം അരമനയിൽ വരികയും മേസ്തിരിമാർക്ക് തക്കതായ സമ്മാനങ്ങൾ കൊടുക്കയും ചെയ്തു. കാപ്പിമേശയ്ക്കുശേഷം വിശ്രമിച്ചു. ഒരു മണിയോടുകൂടി തിരുമൂല നിന്നും കുറച്ചു സ്ത്രീകൾ വന്നിരുന്നു. വിമൻസ് കോൺഫ്രൻസിൽ അദ്ധ്യക്ഷം വഹിക്കണമെന്ന് അറിയിച്ചു. ശരീരസുഖം ഉണ്ടെങ്കിൽ നാം വരുന്നതാണ് എന്നു പറകയും ചെയ്തു. നമസ്കാരം കഴിഞ്ഞ് കുരിശിൻതൊട്ടിയിൽ ധൂപപ്രാർത്ഥന നടത്തി.

11 തിങ്കൾ. കാതോലിക്കേറ്റ് അരമന. മൂന്നു നോമ്പിന്റെ ദിവസം ആയിരുന്നു. ഉച്ചനമസ്കാരം കഴിഞ്ഞ് മേശ കഴിച്ചു. മൂന്ന് മണിയോടു കൂടി പാർലമെന്റിലേക്കു വോട്ടിനു നിൽക്കുന്ന കെ. ജെ. മാത്യു വക്കീൽ വന്നിരുന്നു. പരുമല നിന്നും മാത്യൂസ് കത്തനാർ വന്നു. ഉടനെതന്നെ കെ. ഒ. മാത്യു വക്കീലിനെ കൊണ്ടുവരണം എന്ന് നാം അറിയിച്ചു. വേണ്ടത് പ്രവർത്തിക്കണമെന്ന് നാം അറിയിച്ചു. പഴയസെമിനാരി മാനേജർ വന്നിരുന്നു. ഉമ്മൻ കത്തനാരും ഫീലിപ്പോസ് കത്തനാരും വന്നിരുന്നു.

12 ചൊവ്വ. കാതോലിക്കേറ്റ് അരമന. നാം സുഖമായി താമസിച്ചു. ഫീലിപ്പോസ് കത്തനാർ വന്നിരുന്നു. ഉമ്മൻ കത്തനാർ നമ്മോടുകൂടി താമസിച്ചു. സന്ധ്യാനമസ്കാരം കഴിഞ്ഞ് കുരിശിൻതൊട്ടിയിൽ പോകയും ധൂപപ്രാർത്ഥന നടത്തുകയും ചെയ്തു.

13 ബുധൻ. കാതോലിക്കേറ്റ് അരമന. 12 മണിയോടു കൂടി നമസ്കാരം ആരംഭിച്ചു. ഉമ്മൻ കത്തനാർ വി. കുർബ്ബാന അർപ്പിക്കുകയുണ്ടായി. നാം അതിൽ സംബന്ധിച്ചു. ഒന്നര മണിയോടു കൂടി കുർബ്ബാന കഴിഞ്ഞു. മല്പാൻ യോഹന്നാൻ കത്തനാരും ഫീലിപ്പോസ് കത്തനാരും വന്നിരുന്നു. സുപ്രീം കോർട്ടിൽ നിന്നും സ്റ്റേ കിട്ടിയ വിവരം നാം അവരെ അറിയിക്കയുണ്ടായി.

14 വ്യാഴം. കാതോലിക്കേറ്റ് അരമന. മൂന്നു നോമ്പ് വീടിയ ദിവസം ആയിരുന്നു. ഇന്നേ ദിവസം ഉമ്മൻ കത്തനാർ വി. കുർബ്ബാന ചൊല്ലുകയും, നാം അതിൽ സംബന്ധിക്കുകയും ചെയ്തു. പരുമല മാനേജർ വന്നിരുന്നു. മത്തായി കത്തനാർ പള്ളം പള്ളിയിൽ നിന്ന് വന്നിരുന്നു. ആറര മണിയോടു കൂടി കൂറിലോസ് മെത്രാച്ചനും ഡോ. സി. റ്റി. ഈപ്പൻ കത്തനാരും വന്നിരുന്നു. മേശയ്ക്കുശേഷം പോവുകയും ചെയ്തു. തീമോത്തിയോസ് മെത്രാച്ചനെ കാണാൻ പോയി എന്നു നമ്മെ അറിയിക്കുകയും ചെയ്തു.

15 വെള്ളി. കാതോലിക്കേറ്റ് അരമന. പഴയസെമിനാരി മാനേജർ വന്നിരുന്നു. സി. സി. ഗീവർഗീസ് കത്തനാർ വന്നിരുന്നു. മുളന്തുരുത്തിയിൽ നിന്നും തോമസ് കത്തനാർ വന്നിരുന്നു. ഉമ്മൻ കത്തനാർ ദീവന്നാസ്യോസ് മെത്രാച്ചന്റെ കല്പനപ്രകാരം കടപ്ര ബേതലഹേം പള്ളിയിൽ ചാർജ് എടുക്കുന്നതിനായി നമ്മുടെ അനുവാദത്തോടു കൂടി പോയി. നാം കത്തനാരോട് എന്റെ സാധനങ്ങളുടെ ഒരു ലിസ്റ്റ് ഉണ്ടാക്കി ശെമ്മാശനെ ഏല്പിക്കണം എന്ന് അറിയിച്ചു. അപ്രകാരം ഏറ്റുവാങ്ങിച്ചു എന്ന് നമ്മെ അറിയിച്ചു. നമ്മുടെ അനുവാദത്തോടു കൂടി ഒരു കാസായും പീലാസായും ജലപാത്രവും ഉമ്മൻ കത്തനാരുടെ കാസയും മറ്റും പണി തീരുന്നതുവരെത്തേക്കു നാം കൊടുത്തു. അതിന് രേഖ എഴുതി ഒപ്പിട്ടു തരണം എന്നു നാം അറിയിച്ചു. അപ്രകാരം ചെയ്തു. മൂലവട്ടം അബ്രഹാം കത്തനാർ വന്നു. സന്ധ്യാനമസ്കാരശേഷം കുരിശിങ്കൽ ധൂപപ്രാർത്ഥന നടത്തി.

16 ശനി. കാതോലിക്കേറ്റ് അരമന. നാം സുഖമായി താമസിച്ചു. മൂലവട്ടം പള്ളി നടത്തുന്നതിനായി അബ്രഹാം കത്തനാർ പോയി. പള്ളം പള്ളി നടത്തുന്നതിനായി മത്തായി കത്തനാരും പോയി. തിരുവല്ല കെ. ജെ. മാത്യു വക്കീൽ വന്ന് സ്ഥാനാർത്ഥിയായി നിൽക്കുന്ന വിവരം നമ്മെ അറിയിച്ചു. മല്പാൻ യോഹന്നാൻ കത്തനാർ നാലു മണിയോടു കൂടി വന്നു. സന്ധ്യാനമസ്കാരത്തോടു കൂടി കുരിശിൻതൊട്ടിയിൽ ധൂപപ്രാർത്ഥനയും നടത്തുകയുണ്ടായി.

17 ഞായർ. കാതോലിക്കേറ്റ് അരമന. സകല മരിച്ചുപോയ പട്ടക്കാരുടെയും ഓർമ്മ ആയിരുന്നതിനാൽ നാം വി. കുർബ്ബാന അർപ്പിക്കയുണ്ടായി. കുർബ്ബാനമദ്ധ്യേ സുദീർഘമായ ഒരു പ്രസംഗം പറകയുണ്ടായി. ഫെബ്രുവരി 23-നു ശനിയാഴ്ച നമ്മുടെ വട്ടശ്ശേരിൽ തിരുമേനിയുടെ ഓർമ്മ കൊണ്ടാടുന്നതാണ്. എല്ലാവരും അതിൽ സംബന്ധിക്കണം എന്ന് അറിയിക്കയുണ്ടായി. പത്തേമുക്കാൽ മണിയോടു കൂടി കുർബ്ബാന അവസാനിച്ചു. അതിനുശേഷം നാം വിശ്രമിക്കയുണ്ടായി. മല്പാൻ യോഹന്നാൻ കത്തനാർ പാറമ്പുഴ പള്ളിയിൽ നിന്നു വന്നു. മണലിൽ യാക്കോബ് കത്തനാരും മാനേജർ കത്തനാരും മത്തായി കത്തനാരും ആറര മണിയോടു കൂടി വന്നു. സന്ധ്യാനമസ്കാരശേഷം കുരിശിൻതൊട്ടിയിൽ ധൂപപ്രാർത്ഥന നടത്തുകയും ചെയ്തു.

18 തിങ്കൾ. കാതോലിക്കേറ്റ് അരമന. പഴയസെമിനാരി മാനേജർ വന്നിരുന്നു. മാവേലിക്കര പറമ്പിലെ കത്തനാരും വന്നിരുന്നു. ഫീലിപ്പോസ് കത്തനാർ വന്നിരുന്നു. നാം അയാളോടു റൂമേനിയായിൽ നിന്ന് സാധനങ്ങൾ എറ

ണാകുളത്ത് വന്നിട്ടുണ്ട്. സാധനങ്ങൾ കൊണ്ടുവരാൻ താൻ പോകണമെന്നു അറിയിക്കയുണ്ടായി. നാളെ എട്ടു മണിയോടു കൂടി പോകാം എന്നു സമ്മതിച്ചു. മത്തായി കത്തനാർ നമ്മോടുകൂടി താമസിക്കയും ചെയ്തു. സന്ധ്യാനമസ്കാരശേഷം നാം വിശ്രമിച്ചു.

19 ചൊവ്വ. കാതോലിക്കേറ്റ് അരമന. റൂമേനിയൻ പാത്രിയർക്കീസ് കൊടുത്തയച്ച സാധനങ്ങൾ നാലു മണിയോടു കൂടി ഫീലിപ്പോസ് കത്തനാർ കൊണ്ടുവന്നു. നാം അവയെല്ലാം കാണുകയും ചെയ്തു. ഫീലിപ്പോസ് കത്തനാരുടേത് ഉടനെ കൊടുക്കയും ചെയ്തു. പഴയസെമിനാരി മാനേജർ വന്നിരുന്നു. മത്തായി കത്തനാർ നമ്മോടു കൂടി താമസിച്ചു. ഡോക്ടർ ... വന്നിരുന്നു. മകളുടെ വിവാഹകാര്യം നമ്മോട് അറിയിച്ചു. സന്ധ്യാനമസ്കാരം കഴിഞ്ഞ് വിശ്രമിച്ചു.

20 ബുധൻ. കാതോലിക്കേറ്റ് അരമന. പഴയസെമിനാരി മാനേജർ വന്നിരുന്നു. ഫീലിപ്പോസ് കത്തനാരും വന്നിരുന്നു. പള്ളം പള്ളിയിൽ ആരുടെയോ ചാത്തകുർബ്ബാന ചൊല്ലുന്നതിനായി മത്തായി കത്തനാർ നമ്മുടെ അനുവാദത്തോടു കൂടി പോയി. സന്ധ്യാനമസ്കാരം കഴിഞ്ഞ് നാം വിശ്രമിക്കുകയുണ്ടായി.

21 വ്യാഴം. കാതോലിക്കേറ്റ് അരമന. കൗൺസിൽ ഉണ്ടായിരുന്നു. ഈവാനിയോസ് മെത്രാച്ചനും പീലക്സിനോസ് മെത്രാച്ചനും ഉണ്ടായിരുന്നു. റൂമേനിയായിൽ നിന്നു വന്നതായ സാധനങ്ങൾ ഓരോരുത്തർക്കും കൊടുക്കുകയും ചെയ്തു. മാനേജർ വന്നിരുന്നു. എം. വി. ജോർജ് കത്തനാരും വന്നിരുന്നു. പള്ളം പള്ളിയിൽ നിന്ന് മത്തായി കത്തനാരും വന്നു. പാമ്പാടി തിരുമേനിക്കു സുഖം ഇല്ല എന്ന് നാം അറികയും സന്ധ്യാനമസ്കാരം കഴിഞ്ഞ് നാം ആശുപത്രിയിൽ പോയി മെത്രാച്ചനെ കാണുകയും ഉടനെതന്നെ നാം അരമനയിലേക്കു പോരുകയും ചെയ്തു.

22 വെള്ളി. കാതോലിക്കേറ്റ് അരമന. ഉച്ചമേശയ്ക്കുശേഷം നാം വിശ്രമിച്ചശേഷം വട്ടശ്ശേരിൽ തിരുമേനിയുടെ ഓർമ്മദിനം കൊണ്ടാടുന്നതിനായി പഴയസെമിനാരിയിൽ എഴുന്നള്ളുകയും പോകുംവഴി ആശുപത്രിയിൽ പാമ്പാടി തിരുമേനിയെ കാണുന്നതിനായി കയറുകയും ചെയ്തു. സ്പഞ്ച് ചെയ്യുകയായിരുന്നതിനാൽ കാണാൻ സാധിച്ചില്ല. ഉടനെതന്നെ നാം പഴയസെമിനാരിയിലേക്കു എഴുന്നള്ളുകയും ചെയ്തു. സന്ധ്യാനമസ്കാരത്തിന് തിയോളജിക്കൽ സെമിനാരിയിൽ നിന്നും എല്ലാവരും സംബന്ധിച്ചിരുന്നു. നമസ്കാരമദ്ധ്യേ അത്താനാസിയോസ് മെത്രാച്ചൻ വന്നിരുന്നു. നമസ്കാരശേഷം കബറിങ്കൽ ധൂപപ്രാർത്ഥന നടത്തി. അതിന്റെ ശേഷം മെത്രാച്ചൻ അര മണിക്കൂർ നേരം പ്രസംഗിച്ചു. അതിനുശേഷം റാസാ ആരംഭിച്ചു. മേശയ്ക്കുശേഷം നാം ദേവലോകത്തേയ്ക്കു എഴുന്നെള്ളുകയും ചെയ്തു. യാക്കോബ് കത്തനാരും മാനേജർ കത്തനാരും മറ്റ് കത്തനാരന്മാരും അവിടെ ഉണ്ടായിരുന്നു. മൂലവട്ടത്തു നിന്നു അബ്രഹാം കത്തനാർ വന്നിരുന്നു. മത്തായി കത്തനാർ നമ്മോടു കൂടി താമസിച്ചു.

23 ശനി. മത്തായി കത്തനാരെ നാം മാങ്ങാനം പള്ളി നടത്തുന്നതിനായി അയച്ചു. ഏഴു മണിയോടു കൂടി നാം പഴയസെമിനാരിയിലേയ്ക്കു എഴുന്നെള്ളി. അവിടെ തീമോത്തിയോസ് മെത്രാച്ചനും അത്താനാസിയോസ് മെത്രാച്ചനും ഈവാനിയോസ് മെത്രാച്ചനും ഉണ്ടായിരുന്നു. വട്ടശ്ശേരിൽ തിരുമേനിയുടെ ഓർമ്മദിവസമായിരുന്നതിനാൽ വി. മൂന്നിന്മേൽ കുർബ്ബാന അർപ്പിച്ചു. നാം നടുക്കത്തെ ത്രോണോസ്സിലും തെക്കുവശത്തെ ത്രോണോസ്സിൽ അത്താനാസിയോസ് മെത്രാച്ചനും വടക്കുവശത്ത് ഈവാനിയോസ് മെത്രാച്ചനും ആയിരുന്നു. കുർബ്ബാനമദ്ധ്യേ തീമോത്തിയോസ് മെത്രാച്ചൻ പ്രസംഗിച്ചു. കുർബ്ബാന കഴിഞ്ഞ് കബറിങ്കൽ ധൂപപ്രാർത്ഥനയും മറ്റും ഉണ്ടായിരുന്നു. നേർച്ച ഇടീൽ കഴിഞ്ഞ് റാസ്സാ ആരംഭിച്ചു. റാസ്സാ കഴിഞ്ഞ് നാം മേശ കഴിച്ചു. മെത്രാച്ചന്മാർ എല്ലാവരും ഉണ്ടായിരുന്നു. തീമോത്തിയോസ് മെത്രാച്ചൻ ഉടനെതന്നെ ചെങ്ങന്നൂർ കൺവൻഷന് പോകയും ചെയ്തു. ഉച്ചമേശയ്ക്കുശേഷം നാം ദേവലോകത്തേക്കു എഴുന്നെള്ളുകയും ചെയ്തു. മത്തായി കത്തനാർ പള്ളം പള്ളി നടത്തുന്നതിനായി പോയി.

24 ഞായർ. കാതോലിക്കേറ്റ് അരമന. മല്പാൻ യോഹന്നാൻ കത്തനാർ ഇന്ന് വി. കുർബ്ബാന അർപ്പിക്കയും നാം അതിൽ സംബന്ധിക്കയും ചെയ്തു. കുർബ്ബാന കഴിഞ്ഞ് സകല മരിച്ചുപോയവരുടെയും ഓർമ്മദിവസം ആയിരുന്നതിനാൽ നാം അര മണിക്കൂർ പ്രസംഗിക്കയും പ്രത്യേക ധൂപപ്രാർത്ഥന നടത്തുകയുമുണ്ടായി. കുർബ്ബാന കഴിഞ്ഞ് കാപ്പിമേശയും കഴിഞ്ഞ് നാം അല്പ സമയം വിശ്രമിക്കയും പതിനൊന്നര മണിയോടു കൂടി നെഹ്റുവിനെ കാണുന്നതിനായി എം.ഡി. യിലേക്കു എഴുന്നെള്ളുകയും ചെയ്തു. പന്ത്രണ്ടേകാലിന് നെഹ്റു വന്നു. നാം അദ്ദേഹത്തിനെ ഒരു ഹാരം അണിയിക്കയും ഉടനെതന്നെ പാമ്പാടി തിരുമേനിയെ കാണാൻ ആശുപത്രിയിലേക്കു എഴുന്നെള്ളുകയും ഉടനെതന്നെ ദേവലോകത്തേക്കു എഴുന്നെള്ളുകയും ചെയ്തു. സന്ധ്യാനമസ്കാരശേഷം വിശ്രമിച്ചു.

25 തിങ്കൾ. കാതോലിക്കേറ്റ് അരമന. ഫീലിപ്പോസ് കത്തനാർ വന്നിരുന്നു. റൂമേനിയായ്ക്കു നാളെ കമ്പി അടിക്കുന്ന കാര്യം നാം പറഞ്ഞു. സന്ധ്യാനമസ്കാരം കഴിഞ്ഞപ്പോൾ അത്താനാസിയോസ് മെത്രാച്ചനും മാനേജരും കൂടി വന്ന് കുരിശ് കൂദാശയെപ്പറ്റി നമ്മെ അറിയിച്ചു. നാം അക്കാര്യം സമ്മതിച്ചില്ല. ബഥനി ആശ്രമത്തിലെ കുറിയാക്കോസ് കത്തനാർ വന്നിരുന്നു. മത്തായി കത്തനാർ നമ്മോടു കൂടി താമസിച്ചു.

26 ചൊവ്വ. കാതോലിക്കേറ്റ് അരമന. പഴയസെമിനാരി മാനേജർ വന്നിരുന്നു. ഫീലിപ്പോസ് കത്തനാർ വന്ന് റൂമേനിയൻ പാത്രിയർക്കീസിന് കമ്പിയടിക്കുന്ന കാര്യം നമ്മെ അറിയിച്ചു. ഉടനെതന്നെ ചെയ്യുവാൻ ഫീലിപ്പോസ് കത്തനാരെ ചുമതലപ്പെടുത്തി. സി. പി. മാത്തൻ വന്നിരുന്നു. നിലയ്ക്കൽ പള്ളിക്കാര്യം നാം പറഞ്ഞു. വേണ്ടതു പ്രവർത്തിക്കാം എന്ന് അറിയിച്ചു. കുറിയാക്കോസ് കത്തനാർ റാന്നിക്ക് പോയി. മത്തായി കത്തനാർ നമ്മോടു കൂടി താമസിച്ചു.

27 ബുധൻ. കാതോലിക്കേറ്റ് അരമന. ഫീലിപ്പോസ് കത്തനാർ വന്നിരുന്നു. കമ്പി റൂമേനിയായ്ക്കു അയക്കുന്ന കാര്യങ്ങൾ പറകയുണ്ടായി. ഡീക്കൻ ജോഷ്വാ വന്ന് തിയോളജിക്കൽ സെമിനാരിയിലെ വാർഷിക മീറ്റിംഗ് കാര്യം നമ്മെ അറിയിച്ചു. മാന്നാർ പള്ളി വികാരി അലക്സാണ്ടർ കത്തനാർ വന്നിരുന്നു. മത്തായി കത്തനാർ നമ്മോടു കൂടി താമസിച്ചു.

28 വ്യാഴം. കാതോലിക്കേറ്റ് അരമന. ഉമ്മൻ കത്തനാർ വന്നിരുന്നു. മത്തായി കത്തനാർ പള്ളം പള്ളിയിലെ പെരുന്നാളിൽ സംബന്ധിച്ചശേഷം സന്ധ്യയോടുകൂടി വന്ന് നമ്മോടുകൂടി താമസിച്ചു.

1957 മാർച്ച്

1 വെള്ളി. കാതോലിക്കേറ്റ് അരമന. മത്തായി കത്തനാർ മൂലവട്ടം പള്ളിയിലേക്കു പോയി. മാവേലിക്കര നിന്നും വടക്കേതലയ്ക്കലെ സ്കറിയ കത്തനാർ വന്നിരുന്നു. ... വെള്ളിയാഴ്ച ആയതുകൊണ്ട് നാം കുർബ്ബാന അർപ്പിച്ചു.

2 ശനി. കാതോലിക്കേറ്റ് അരമന. 3 മണിയോടു കൂടി നാം തിയോളജിക്കൽ സെമിനാരിയുടെ വാർഷിക മീറ്റിംഗിൽ സംബന്ധിക്കാൻ പോയി. അവിടെ അത്താനാസിയോസ് മെത്രാച്ചനും ഈവാനിയോസ് മെത്രാച്ചനും ഉണ്ടായിരുന്നു. അനവധി പട്ടക്കാരും മറ്റും മീറ്റിംഗിൽ സംബന്ധിച്ചു. മീറ്റിംഗ് കഴിഞ്ഞ് കാപ്പിമേശയ്ക്കു ശേഷം ഫോട്ടോ എടുത്തു. അതിനുശേഷം നാം ആറു മണിയോടു കൂടി ദേവലോകത്ത് വന്നുചേർന്നു. സന്ധ്യാനമസ്കാരം നടത്തി.

3 ഞായർ. കാതോലിക്കേറ്റ് അരമന. കൊത്തിനെ ഞായറാഴ്ച ആയിരുന്നു. നാം വിശുദ്ധ കുർബ്ബാന അർപ്പിക്കുകയുണ്ടായി. കുർബ്ബാനമദ്ധ്യേ നാം അര മണിക്കൂർ നോമ്പിന്റെ പ്രാധാന്യത്തെപ്പറ്റി പ്രസംഗിച്ചു. പത്തര മണിയോടു കൂടി കുർബ്ബാന അവസാനിച്ചു. കാപ്പിമേശയ്ക്കു ശേഷം വിശ്രമിച്ചു. മത്തായി കത്തനാർ മാങ്ങാനം പള്ളിയിൽ പോയി കുർബ്ബാന അർപ്പിച്ചു. മൂന്നു മണിയോടു കൂടി നാം പാമ്പാടി മെത്രാച്ചനെ കാണാൻ ആശുപത്രിയിൽ പോയിരുന്നു. ഉടനെതന്നെ തിരിച്ച് ദേവലോകത്ത് വന്നുചേർന്നു. മെത്രാച്ചൻ നാളെ ശുബുക്കോനോ ആയതുകൊണ്ട് ദേവലോകത്ത് വരണം എന്നു നാം അറിയിക്കയും ചെയ്തു.

4 തിങ്കൾ. കാതോലിക്കേറ്റ് അരമന. നോമ്പ് തുടങ്ങുന്ന ദിവസം ആയിരുന്നു. 12 മണിയോടു കൂടി ശുബുക്കോനോ ശുശ്രൂഷയും നമസ്കാരവും നടത്തി. പാമ്പാടി ഗ്രീഗോറിയോസ് മെത്രാച്ചനും പരുമല മാനേജരും മത്തായി കത്തനാരും മറ്റും ഉണ്ടായിരുന്നു. ശുശ്രൂഷ ഒരു മണിയോടെ അവസാനിച്ചു. മേശയ്ക്കു ശേഷം വിശ്രമിച്ചു. ഗ്രീഗോറിയോസ് മെത്രാച്ചൻ മൂന്നു മണിയോടു കൂടി ആശുപത്രിയിലേയ്ക്കു പോയി. ഏഴര മണിയോടു കൂടി തീമോത്തിയോസ് മെത്രാച്ചൻ വന്നു. റൂമേനിയൻ പാത്രിയർക്കീസിന്റെ സമ്മാനങ്ങൾ നാം

കൊടുത്തു. മേശ കഴിഞ്ഞ് ഒമ്പതു മണിയോടു കൂടി മൂവാറ്റുപുഴയ്ക്കു പോകയും ചെയ്തു.

5 ചൊവ്വ. കാതോലിക്കേറ്റ് അരമന. പഴയസെമിനാരി മാനേജർ വന്നിരുന്നു. ഏലിയാസ് കോർഎപ്പിസ്ക്കോപ്പാ വന്നിരുന്നു. പയ്യമ്പള്ളി ദാവീദ് കത്തനാർ വന്നു പള്ളിക്കാര്യങ്ങൾ നമ്മെ അറിയിക്കയും നമ്മോടുകൂടി താമസിക്കയും ചെയ്തു. മത്തായി കത്തനാർ ഇവിടെ ഉണ്ടായിരുന്നു.

6 ബുധൻ. കാതോലിക്കേറ്റ് അരമന. മത്തായി കത്തനാർ പരുമലയ്ക്കു കുറെ പാൽപൊടി കൊടുക്കുന്നതിനായി പോയി. ഫീലിപ്പോസ് കത്തനാർ വന്നിരുന്നു. ആറര മണിയോടു കൂടി തറയിൽ ബിഷപ്പ് നമ്മെ കാണുന്നതിനായി വരുകയും നമ്മുടെ പള്ളിയിൽ കയറി അത് കാണുകയും മറ്റും ചെയ്തശേഷം പോകയും ചെയ്തു. ബിഷപ്പ് ജേക്കബ് തിരുമേനി വന്നിട്ടുണ്ട് എന്ന് നമ്മെ ഫീലിപ്പോസ് കത്തനാർ അറിയിച്ചു. അദ്ദേഹത്തെ ഒന്ന് പോയി കാണാം എന്ന് പറഞ്ഞു.

7 വ്യാഴം. കാതോലിക്കേറ്റ് അരമന. നാം രാവിലെ എട്ടു മണിയോടുകൂടി ഫീലിപ്പോസ് കത്തനാരുടെ കാറിൽ ജേക്കബ് ബിഷപ്പിനെ കാണാൻ ആയി പോകുകയും കുറച്ചുസമയം സംസാരിച്ചശേഷം തിരികെ ദേവലോകത്തു വന്നു ചേരുകയും ചെയ്തു. കൗൺസിൽ ഉണ്ടായിരുന്നതിനാൽ ഈവാനിയോസ് മെത്രാച്ചനും അത്താനാസ്യോസ് മെത്രാച്ചനും പീലക്സിനോസ് മെത്രാച്ചനും വന്നിരുന്നു. മണലിൽ ജേക്കബ് കത്തനാർ വന്നിരുന്നു. സ്റ്റേ സംബന്ധിച്ച കാര്യങ്ങൾ നമ്മെ അറിയിച്ചു. പാണ്ടങ്കേരി പള്ളി വികാരിയും മറ്റും വന്ന് പള്ളിക്കേസ് സംബന്ധമായ കാര്യങ്ങൾ നമ്മെ അറിയിച്ചു. ആയത് തീരുമാനിക്കുന്നതിനായി കൗൺസിൽ വിഷയം ആക്കി. ആ തീരുമാനത്തിന്മേൽ നാം ദീവന്നാസിയോസ് തിരുമേനിക്കു ഒരു കല്പന കൊടുക്കുകയും ചെയ്തു.

8 വെള്ളി. കാതോലിക്കേറ്റ് അരമന. ഈവാനിയോസ് മെത്രാച്ചൻ വന്ന് മാങ്ങാനത്ത് കോട്ടയം ഭദ്രാസന ആഫീസ് സ്ഥാപിക്കാൻ മുറിയുടെ താക്കോൽ വേണം എന്ന് ആവശ്യപ്പെട്ടു. നാം അത് നല്ലതാണ് എന്ന് അറിയിച്ചു. മെത്രാച്ചൻ പല്ല് എടുത്തശേഷം തിരികെ വന്ന് വിവരങ്ങൾ അറിയിച്ചശേഷം പോകയും ചെയ്തു. ഫീലിപ്പോസ് കത്തനാർ വന്നിരുന്നു.

9 ശനി. കാതോലിക്കേറ്റ് അരമന. കുണ്ടറ നിന്നും ജേക്കബ് കത്തനാരും ദല്ലാ കത്തനാരും വന്നിരുന്നു. പഴയസെമിനാരി മാനേജർ വന്നിരുന്നു. നോമ്പിന്റെ ആദ്യത്തെ ശനിയാഴ്ച ആയിരുന്നതിനാൽ നാം നമസ്കാരത്തോടുകൂടി വി. കുർബ്ബാന അർപ്പിക്കയുണ്ടായി. എട്ടു മണിയോടുകൂടി കുർബ്ബാന അവസാനിച്ചു നാം വിശ്രമിച്ചു.

10 ഞായർ. കാതോലിക്കേറ്റ് അരമന. ഗർബോ ഞായറാഴ്ച ആയിരുന്നതിനാൽ നാം വി. കുർബ്ബാന അർപ്പിക്കയും കുർബ്ബാനമദ്ധ്യേ നാം പ്രസംഗിക്കയും പത്തേമുക്കാൽ മണിയോടു കൂടി കുർബ്ബാന അവസാനിച്ചു നാം വിശ്രമിച്ചു. അഞ്ചു മണിയോടു കൂടി ഈവാനിയോസ് മെത്രാച്ചൻ വന്നിരുന്നു. സന്ധ്യാനമസ്കാരം കഴിഞ്ഞ് പോകയും ചെയ്തു.

11 തിങ്കൾ. കാതോലിക്കേറ്റ് അരമന. പരുമല നിന്നും മാത്യൂസ് കത്തനാർ വന്നിരുന്നു. മത്തായി കത്തനാർ പരുമല നിന്നും പള്ളം പള്ളിയിൽ വന്ന് കുർബ്ബാന ചൊല്ലിയശേഷം എട്ടു മണിയോടു കൂടി വന്നു. ചെങ്ങരൂർ പള്ളി വികാരി വന്നിരുന്നു. യോഹന്നാൻ കത്തനാർ വന്നിരുന്നു.

12 ചൊവ്വ. കാതോലിക്കേറ്റ് അരമന. നാം ഒരു കല്പനയും കൊടുത്ത് പരുമലയ്ക്കു അയച്ചു. പോരുന്ന വഴി ബഥനി അരമനയിൽ വന്ന് മെത്രാച്ചന്റെ വിവരം അറിയണം എന്ന് പറഞ്ഞിരുന്നു. മെത്രാച്ചന്റെ ഒരു എഴുത്ത് നമ്മുടെപേർക്ക് ശെമ്മാശൻ വശം കൊടുത്തയച്ചിരുന്നു. പരുമല നിന്നും മാനേജരുടെ ഒരു എഴുത്തും ഉണ്ടായിരുന്നു.

13 ബുധൻ. കാതോലിക്കേറ്റ് അരമന. പരുമല നിന്നും ശെമ്മാശൻ വന്നു. മെത്രാച്ചന്റെയും (ദീവന്നാസിയോസ്) പരുമല മാനേജരുടെയും ഓരോ എഴുത്തുകൾ ഉണ്ടായിരുന്നു. മെത്രാച്ചന്റെ അസുഖങ്ങൾക്ക് കുറച്ച് കുറവുണ്ടെന്നു നാം അറിഞ്ഞു. മത്തായി കത്തനാർ നമ്മോടുകൂടി താമസിച്ചു.

14 വ്യാഴം. കാതോലിക്കേറ്റ് അരമന. പഴയസെമിനാരിയിൽ നിന്നും മാനേജർ വന്നിരുന്നു. എം. വി. ജോർജ് കത്തനാരും വന്നിരുന്നു. മത്തായി കത്തനാർ നമ്മോടു കൂടി താമസിച്ചു. സന്ധ്യാനമസ്കാരം കഴിഞ്ഞ് നാം വിശ്രമിച്ചു.

15 വെള്ളി. കാതോലിക്കേറ്റ് അരമന. മത്തായി കത്തനാർ പള്ളം പള്ളിയിൽ കുർബ്ബാന ചൊല്ലുന്നതിനായി പോയി. കൊല്ലാട്ട് ഗീവർഗീസ് കത്തനാരും മല്പാൻ യോഹന്നാൻ കത്തനാരും വന്ന് നമ്മോടു കൂടി താമസിച്ചു.

16 ശനി. കാതോലിക്കേറ്റ് അരമന. നമസ്കാരത്തോടു കൂടി കുർബ്ബാന ആരംഭിച്ചു. കൊല്ലാട്ട് ഗീവർഗീസ് കത്തനാർ കുർബ്ബാന ചൊല്ലി. കുർബ്ബാന കഴിഞ്ഞ് പോകയും ചെയ്തു. മല്പാൻ യോഹന്നാൻ കത്തനാർ വന്ന് നമ്മോടു കൂടി താമസിച്ചു.

17 ഞായർ. കാതോലിക്കേറ്റ് അരമന. മല്പാൻ യോഹന്നാൻ കത്തനാർ കുർബ്ബാന ചൊല്ലി, കുർബ്ബാനമദ്ധ്യേ പ്രസംഗിച്ചു. നാം കുർബ്ബാനയിൽ സംബന്ധിച്ചു. മത്തായി കത്തനാർ പള്ളത്തു നിന്നും വന്നു.

18 തിങ്കൾ. കാതോലിക്കേറ്റ് അരമന. തുമ്പമൺ നിന്നും ശമുവേൽ കത്തനാർ വന്ന് പള്ളി സംബന്ധമായ കേസ് സംബന്ധിച്ച് അറിയിച്ചു. പഴയസെമിനാരി മാനേജർ വന്നിരുന്നു. ഫീലിപ്പോസ് കത്തനാരും വന്നിരുന്നു. ഏലിയാസ് കോർഎപ്പിസ്കോപ്പായും ചാലക്കുഴിയിൽ ഗീവർഗീസ് കത്തനാരും തിരുമൂലപള്ളി വികാരിയും ദീവന്നാസ്യോസ് മെത്രാച്ചന്റെ എഴുത്തുമായി വന്നിരുന്നു. മത്തായി കത്തനാർ നമ്മോടു കൂടി താമസിച്ചു.

19 ചൊവ്വ. കാതോലിക്കേറ്റ് അരമന. പരുമല മാനേജർ വന്നിരുന്നു. കൂറിലോസ് മെത്രാച്ചൻ മൂന്നു മണിയോടു കൂടി വന്നു. റൂമേനിയൻ പാത്രിയർക്കീസ് അയച്ച സാധനങ്ങളൊക്കെയും കൊടുത്തു. ഉടൻതന്നെ പോകയും ചെയ്തു. ബഥനിയിൽ നിന്നും കുറിയാക്കോസ് കത്തനാർ വന്ന് നിലയ്ക്കൽ പള്ളി സംബന്ധമായ കാര്യങ്ങൾ നമ്മെ അറിയിച്ചു. മത്തായി കത്തനാർ നമ്മോടു കൂടി താമസിച്ചു.

20 ബുധൻ. കാതോലിക്കേറ്റ് അരമന. ഉമ്മൻ കത്തനാർ വന്നിരുന്നു. കാസായും മറ്റും നമ്മെ ഏല്പിച്ചു. പാറയ്ക്കൽ കുറിയാക്കോസ് കത്തനാർ സന്ധ്യാനമസ്കാരം കഴിഞ്ഞ് വരികയും ഉടൻതന്നെ പോകയും ചെയ്തു. മത്തായി കത്തനാർ നമ്മോടു കൂടി താമസിച്ചു.

21 വ്യാഴം. കാതോലിക്കേറ്റ് അരമന. നാം രാവിലെ പഴയസെമിനാരിയിൽ പോകയും കുറച്ചുസമയം വിശ്രമിച്ചശേഷം പതിനൊന്നു മണിയോടു കൂടി ദേവലോകത്തേക്കു പോരുകയും ചെയ്തു. കൗൺസിൽ ഉണ്ടായിരുന്നു. ഈവാനിയോസ് മെത്രാച്ചനും അത്താനാസിയോസ് മെത്രാച്ചനും പീലക്സിനോസ് മെത്രാച്ചനും ഉണ്ടായിരുന്നു. പഴയസെമിനാരി മാനേജർ വന്നിരുന്നു. ഏലിയാസ് കോർഎപ്പിസ്കോപ്പാ വന്നിരുന്നു. മുണ്ടകത്തിൽ ഗീവർഗീസ് കത്തനാർ വന്നിരുന്നു. കല്ലൂപ്പാറ പള്ളി വികാരി ഗീവർഗീസ് പണിക്കർ വന്നിരുന്നു. മത്തായി കത്തനാർ നമ്മോടു കൂടി താമസിച്ചു.

22 വെള്ളി. കാതോലിക്കേറ്റ് അരമന. മത്തായി കത്തനാർ പള്ളം പള്ളിയിൽ വി. കുർബ്ബാന ചൊല്ലുന്നതിനായി നമ്മുടെ അനുവാദത്തോടുകൂടി പോയി. മല്പാൻ യോഹന്നാൻ കത്തനാർ വന്ന് നമ്മോടു കൂടി താമസിച്ചു.

23 ശനി. കാതോലിക്കേറ്റ് അരമന. നമസ്കാരത്തോടു കൂടി മല്പാൻ യോഹന്നാൻ കത്തനാർ വി. കുർബ്ബാന ചൊല്ലുകയും നാം കുർബ്ബാനയിൽ സംബന്ധിക്കുകയും ചെയ്തു. മല്പാൻ നമ്മോടു കൂടി താമസിച്ചു. കുറ്റിയിലെ യോഹന്നാൻ കത്തനാർ വന്നിരുന്നു.

24 ഞായർ. കാതോലിക്കേറ്റ് അരമന. ഇന്ന് ക്നാനെത്തോ ഞായറാഴ്ച ആയിരുന്നു. മല്പാൻ യോഹന്നാൻ കത്തനാർ വി. കുർബ്ബാന ചൊല്ലി. കുർബ്ബാനമദ്ധ്യേ നാം അര മണിക്കൂർ പ്രസംഗിക്കയുണ്ടായി. പത്തര മണിയോടു കൂടി കുർബ്ബാന കഴിഞ്ഞ് നാം വിശ്രമിച്ചു. യോഹന്നാൻ കത്തനാർ നമ്മോടു കൂടി താമസിച്ചു. പള്ളം പള്ളിയിൽ നിന്നും മത്തായി കത്തനാർ വന്നു.

25 തിങ്കൾ. കാതോലിക്കേറ്റ് അരമന. ഇന്ന് ദൈവമാതാവിന്റെ വചനിപ്പു പെരുന്നാൾ ആയിരുന്നതിനാൽ നാം വി. കുർബ്ബാന അർപ്പിച്ചു. മല്പാൻ യോഹന്നാൻ കത്തനാർ പ്രഭാത നമസ്കാരം കഴിഞ്ഞ ഉടനെ പട്ടംകൊട സംബന്ധിച്ച് ഏലിയാ ചാപ്പലിലേക്കു പോകയും ചെയ്തു. മത്തായി കത്തനാർ നമ്മോടു കൂടി കുർബ്ബാനയിൽ സംബന്ധിച്ചു. സന്ധ്യാനമസ്കാരം കഴിഞ്ഞ ഉടനെ വന്നിരുന്നു. ഉടൻതന്നെ പോകയും ചെയ്തു. മൂലവട്ടത്തു നിന്ന് അബ്രഹാം കത്തനാർ വന്നു നമ്മോടു കൂടി താമസിച്ചു.

(തുടരും)

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

സൗമ്യനായ ജ്ഞാനയോഗി

ഫാ. ഡോ. ജോൺ തോമസ് കരിങ്ങാട്ടിൽ

കാഞ്ഞിരപ്പള്ളി പാറത്തോട് ഗ്രേസി മെമ്മോറിയൽ സെന്റ് ജോർജ് പള്ളിയിലേക്ക് കോട്ടയം മേഖലയിലെ വിദ്യാർഥിപ്രസ്ഥാന പ്രവർത്തകരെയും കോണ്ട് 1960-ൽ പോകുവാൻ നേതൃത്വം ഏറ്റെടുത്തത് സെമിനാരി പഠനം കഴിഞ്ഞ പുതുപ്പള്ളി കളപ്പുരയ്ക്കൽ കെ. വി. ജോസഫ് ആയിരുന്നു.

കോട്ടയത്തെ പ്രധാന കോളജുകളായ സി.എം.എസ്., ബി.സി.എം., മൗണ്ട് കാർമൽ ട്രെയിനിംഗ് കോളജ്, വൈദിക സെമിനാരി എന്നിവിടങ്ങളിൽ നിന്നുള്ള വിദ്യാർത്ഥികളെയാണ് രണ്ട് ബസ്സിലും ആറ് കാറുകളിലുമായി കാഞ്ഞിരപ്പള്ളി കഴിഞ്ഞുള്ള പാറത്തോട്ടിലേക്ക് കൊണ്ടുപോയത്.

പ്രഗൽഭരായ വൈദികരും അദ്ധ്യാപകരും വിദ്യാർഥി നേതാക്കളും എല്ലാം കോൺഫ്രൻസിൽ പങ്കുചേരാൻ എത്തി. ഫാ. കെ. ഫിലിപ്പോസ്, ഫാ. എം. വി. ജോർജ്, ഫാ. കെ. എം. അലക്സാണ്ടർ, സി. ജെ. കുര്യൻ, കുര്യൻ ഉതുപ്പ്, ടി. പി. ഫിലിപ്പോസ്, മിസിസ് കെ. എം. മാത്യു തുടങ്ങി നിരവധി പേർ ബസിലും കാറിലുമായി യാത്ര ആരംഭിച്ചു.

ഒരു ബസിന്റെ ചവിട്ടുപടിയിൽ നിന്ന് കെ. വി. ജോസഫ് മറ്റു വിദ്യാർത്ഥികൾക്ക് നിർദ്ദേശം നൽകി. 'ആരും കയ്യും തലയും പുറത്തിടരുത്.' കാഞ്ഞിരപ്പള്ളിക്കു സമീപത്തുവെച്ച് പെട്ടെന്നായിരുന്നു അത് സംഭവിച്ചത്. ഒരു ലോറിക്ക് സൈഡ് കൊടുത്ത്, ബസ് റോഡരികു ചേർന്ന് പോയപ്പോൾ ചവിട്ടുപടിയിൽ നിന്ന കെ. വി. ജോസഫ് ഇലക്ട്രിക്ക് പോസ്റ്റിൽ തലയിടിച്ച് അബോധാവസ്ഥയിലായ കെ. വി. ജോസഫിനെ ഉടൻ കാഞ്ഞിരപ്പള്ളി ഗവൺമെന്റ് ആശുപത്രിയിലും തുടർന്ന് കോട്ടയം ജില്ലാ ആശുപത്രിയിലും എത്തിച്ചെങ്കിലും ബോധം തെളിഞ്ഞില്ല. സി. ജെ. കുര്യന്റെ കാറിലാണ് കോട്ടയത്ത് എത്തിച്ചത്. അന്ന് ജില്ലാ ആശുപത്രി ഒ.പി. യിൽ ഡോ. പി. എം. പൗലോസാണ് മുഖ്യ ചുമതല വഹിച്ചത്. വളരെ ഗുരുതരമായ മുറിവുകളുമായി എത്തിയ കെ. വി. ജോസഫിനെ ഓപ്പറേഷൻ തിയറ്ററിലേക്ക് കൊണ്ടുപോയി.

നട്ടെല്ലിലേക്ക് ഫ്ളൂയിഡ് ഇറങ്ങിയതിനാൽ രക്തം കട്ടി ആകാതിരിക്കാനായി ട്രിൽ ചെയ്തു. അതിൽ നിന്നും ആറ് ഔൺസ് ഫ്ളൂയിഡ് പുറത്തെ ടുത്തു. വിവിധ തരത്തിലുള്ള ചികിത്സ നൽകിയെങ്കിലും അബോധാവസ്ഥയിൽ മൂന്ന് ദിവസം കഴിഞ്ഞു.

കോട്ടയം ഏലിയാ കത്തീഡ്രൽ വികാരി ഫാ. കെ. മത്തായി (പിന്നീട് മാത്യൂസ് മാർ എപ്പിഫാനിയോസ് മെത്രാപ്പോലീത്താ) എത്തി തൈലാഭിഷേകം നടത്തി. വെല്ലൂർ ആശുപത്രിയിലേക്ക് കൊണ്ടുപോകാനുള്ള ക്രമീകരണങ്ങൾ ചെയ്തു. ഇതറിഞ്ഞ് പ. ഗീവർഗീസ് രണ്ടാമൻ ബാവാ കോട്ടയം ജില്ലാ ആശുപത്രിയിൽ എത്തി. കെ. വി. ജോസഫിന്റെ രോഗവിവരങ്ങൾ ബന്ധുകൂടിയായ ഡോ. പി. എം. പൗലോസിനോട് ചോദിച്ചറിഞ്ഞു. ഡോക്ടർ കൂട്ടിച്ചേർത്തു: "ദൈവം തന്നെങ്കിൽ ഉണ്ട്. നാളെ വെല്ലൂർക്ക് കൊണ്ടുപോകും. ഞാനും കൂടെ പോകുന്നു." കുറെനേരം നിശബ്ദനായി നിന്ന പ. ഗീവർഗീസ് രണ്ടാമൻ ബാവാ കെ. വി. ജോസഫിന്റെ തലയിൽ കൈവെച്ച് പ്രാർത്ഥിച്ചു. പോകാൻ ഇറങ്ങിയപ്പോൾ ഡോ. പി. എം. പൗലോസിനെ അടുത്ത് വിളിച്ചിട്ട് പറഞ്ഞു: "ഡോക്ടർ ചികിത്സിക്ക്. ഞാൻ പ്രാർത്ഥിക്കാം. ചിന്തിച്ചു വേണ്ടത് ചെയ്യുക."

പിറ്റേദിവസം വെല്ലൂർക്ക് കൊണ്ടുപോകാനുള്ള ക്രമീകരണം ചെയ്തു കൊണ്ടിരുന്നപ്പോൾ ഡോ. പി. എം. പൗലോസ് എത്തി. "വെല്ലൂർക്ക് കൊണ്ടുപോകണ്ട. ഞാൻ ചികിത്സിച്ചുകൊള്ളാം" എന്നു പറഞ്ഞു.

കോട്ടയം ജില്ലാ ആശുപത്രിയിൽ 30 ദിവസത്തെ ചികിത്സയെ തുടർന്ന് മുറിവുകൾ ഉണങ്ങുകയും സൗഖ്യം നേടുകയും ചെയ്തു. തുടർന്ന് പ്രശസ്തനായ ആയുർവേദ ഡോക്ടർ വയസ്ക്കര മൂസ്സത് എണ്ണയും കുഴമ്പും നൽകി, തളം വെച്ച് കുളിപ്പിച്ചു. ഉറക്കം നഷ്ടപ്പെട്ട കെ. വി. ജോസഫ് പിന്നീട് ഉറങ്ങുവാൻ തുടങ്ങി. പൂർണ്ണ ആരോഗ്യത്തോടെ ഉണർന്ന് ജീവിതത്തിലേക്ക് തിരിച്ചെത്തിയ കെ. വി. ജോസഫാണ് 2020 ജൂലൈ നാലിന് പൗരോഹിത്യ സുവർണ്ണ ജൂബിലിയിൽ എത്തിയത്.



മലങ്കരസഭയിലെ ആറ് കാതോലിക്കാ ബാവാമാരോടൊപ്പം ദേവലോകം, പഴയസെമിനാരി, പരുമല സെമിനാരി, എം.ഡി. സെമിനാരി തുടങ്ങിയ സഭയിലെ പൊതു സ്ഥാപനങ്ങളുടെ മുഖ്യ സാരഥ്യം വഹിച്ച വന്ദ്യ കെ. വി. ജോസഫ് റമ്പാൻ, 86-ന്റെ നിറവിലായി. അജപാലന ശുശ്രൂഷയിൽ 50 വർഷവും പൂർത്തീകരിച്ചു. ജീവിതത്തിലേക്ക് തിരിഞ്ഞു നോക്കിയ കെ. വി. ജോസഫ് റമ്പാൻ പറയുന്നു:

കാഞ്ഞിരപ്പള്ളിയിൽ വച്ച് 1960 സെപ്റ്റംബർ 20-ന് ഉണ്ടായ അപകടത്തിൽ നിന്നും ജീവിതത്തിലേക്ക് ഞാൻ തിരിച്ചു വന്നത് പ. ഗീവർഗീസ് ദ്വിതീയൻ ബാവായുടെ പ്രത്യേകമായ മധ്യസ്ഥ പ്രാർത്ഥനയും അനുഗ്രഹവും കൊണ്ടാണ്. വിദഗ്ധ ചികിത്സയ്ക്കായി വെല്ലൂർക്ക് കൊണ്ടുപോകണ്ട, കോട്ടയത്തു തന്നെ ചികിത്സിക്കുക എന്ന് ദൈവാത്മാവിൽ ആജ്ഞാപിക്കുവാനുള്ള ഇച്ഛാശക്തി പ. ബാവായ്ക്ക് ഉണ്ടായിരുന്നു.

1957 മുതൽ പ. ഗീവർഗീസ് ദ്വിതീയൻ ബാവായോടൊപ്പം ദേവലോകത്ത് താമസിച്ച കെ. വി. ജോസഫാണ് പിന്നീട് സഭാകേന്ദ്രങ്ങളുടെ മുഖ്യ കാര്യദർശിയായി വിവിധ നിലകളിൽ സ്തുത്യർഹമായി സേവനം അനുഷ്ഠിച്ച കളപ്പുരയ്ക്കൽ കെ. വി. ജോസഫ് റമ്പാൻ.

ജീവിതരേഖ

കോട്ടയം പുതുപ്പള്ളിയിൽ പുരാതന കുടുംബമായ കളപ്പുരയ്ക്കൽ ജോസഫ് വർഗീസിന്റെയും മീനടം തെക്കേക്കര അന്നമ്മ വർഗീസിന്റെയും മൂത്ത പുത്രനായി 1935 ഏപ്രിൽ 7-ന് ജനിച്ചു. സ്കൂൾ വിദ്യാഭ്യാസം പുതുപ്പള്ളി സെന്റ് ജോർജ് ഹൈസ്കൂളിൽ നടത്തി. ഓർത്തഡോക്സ് സെമിനാരിയിൽ നിന്ന് വൈദിക വിദ്യാഭ്യാസം പൂർത്തിയാക്കി (1953-57). കോട്ടയം സി.എം.എസ്. കോളജിൽ നിന്ന് ഇംഗ്ലീഷ് സാഹിത്യത്തിൽ ബി.എ. ബിരുദം (1958-62) കരസ്ഥമാക്കി.

പ. ബസേലിയോസ് ഔഗേൻ പ്രഥമൻ കാതോലിക്കാ ബാവാ 1967 ഡിസംബർ 16-ന് ദേവലോകം അരമന ചാപ്പലിൽ വച്ച് ശെമ്മാശുപട്ടവും, കോട്ടയം മെത്രാസനാധിപൻ പാറേട്ട് മാത്യൂസ് മാർ ഈവാനിയോസ് 1970 ജൂലൈ 4-ന് പുതുപ്പള്ളി സെന്റ് ജോർജ് പള്ളിയിൽ വച്ച് വൈദിക പട്ടവും നൽകി. 2009 ഏപ്രിൽ 15-ന് പരുമല സെമിനാരിയിൽ വെച്ച് പ. ബസേലിയോസ് ദിദിമോസ് ബാവ റമ്പാൻ സ്ഥാനം നൽകി.

പ. ഗീവർഗീസ് ദ്വിതീയൻ കാതോലിക്കാ ബാവായുടെ ശിഷ്യത്വം സ്വീകരിച്ച് (1962-64) സഭാ ശുശ്രൂഷയിൽ വ്യാപൃതനായി. വൈദിക സെമിനാരി പഠനം പൂർത്തിയാക്കി പത്തു വർഷം കഴിഞ്ഞാണ് ശെമ്മാശ പദവിയിലേക്ക് എത്തുന്നത്. പഴയസെമിനാരി മെസ് മാനേജരും അസിസ്റ്റന്റ് മാനേജരുമായി (1964-66) ചുമതല വഹിച്ചു. പ. ഔഗേൻ പ്രഥമൻ കാതോലിക്കാ ബാവായുടെ സെക്രട്ടറിയായി എട്ട് വർഷം പ്രവർത്തിച്ചു (1967-75). തുടർന്ന് ദേവലോകം കാതോലിക്കേറ്റ് അരമന മാനേജർ (1976).

കോട്ടയം ഏലിയാ കത്തീഡ്രൽ വികാരിയായി പത്തു വർഷം ശുശ്രൂഷിച്ചു (1976-86). ഇക്കാലത്ത് 55 അടി വീതിയിലും 80 അടി നീളത്തിലുമായി ഏലിയാ കത്തീഡ്രൽ പുതുക്കിപ്പണിതു കൂദാശയ്ക്കു നേതൃത്വം നൽകി.

കോട്ടയം ഭദ്രാസനത്തിലെ തോട്ടയ്ക്കാട് മാർ അപ്രേം, തോട്ടയ്ക്കാട് സെന്റ് മേരീസ് ബേത്‌ലഹേം, കൊല്ലാട് സെന്റ് പോൾസ്, വെള്ളുക്കുട്ട സെന്റ് തോമസ്, വാകത്താനം പുത്തൻചന്ത സെന്റ് ജോർജ്, ഞാലിയാകുഴി മാർ ഗ്രിഗോറിയോസ്, കോത്തല സെഹിയോൻ, പള്ളം കാരമൂട് സെന്റ് മേരീസ്, പാത്താമുട്ടം സെന്റ് മേരീസ്, മീനടം സെന്റ് ജോർജ്, പരിയാരം സെന്റ് തോമസ്, കുമ്മനം സെന്റ് ജോർജ് തുടങ്ങിയ പള്ളികളിൽ വികാരിയായി സേവനമനുഷ്ഠിച്ചു.

തുടർന്ന് കോട്ടയം പഴയസെമിനാരി മാനേജരായും (1995-2006) പരുമല സെമിനാരി അസിസ്റ്റന്റ് മാനേജരായും (2006-2020) പ്രവർത്തിച്ചു. 2020 ജൂലൈ ഒന്നു മുതൽ പാമ്പാടി ദയറായിൽ വിശ്രമ ജീവിതം.

മലങ്കരസഭയിൽ പ. ഗീവർഗ്ഗീസ് ദ്വിതീയൻ കാതോലിക്കാ മുതൽ പ. പൗലോസ് ദ്വിതീയൻ കാതോലിക്കാ വരെയുള്ള ആറു കാതോലിക്കാബാവാമാരോടൊപ്പം സഭയുടെ വിവിധ ശുശ്രൂഷകളിൽ നിർണ്ണായക പങ്കാളിത്തം വഹിച്ചു. മലങ്കരസഭയിൽ 1951 മുതൽ നടന്ന ഏഴ് മൂറോൻ കൂദാശയ്ക്കും പ. ഔഗേൻ കാതോലിക്കാബാവാ മുതൽ പ. പൗലോസ് ദ്വിതീയൻ കാതോലിക്കാ വരെയുള്ള പ. കാതോലിക്കാബാവാമാരുടെ സ്ഥാനാരോഹണ ശുശ്രൂഷയിലും പങ്കാളിയായി.

കോട്ടയം സെൻട്രൽ, കോട്ടയം ഭദ്രാസനങ്ങളിൽ നിന്നുള്ള സഭാ മാനേജിംഗ് കമ്മിറ്റി അംഗം, മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ ട്രൈബ്യൂണൽ അംഗം, കോട്ടയം ഭദ്രാസന കൗൺസിൽ അംഗം, പാമ്പാടി ദയറാ പള്ളി, പരുമല പള്ളി എന്നിവയുടെ പുനർ നിർമ്മാണ കമ്മിറ്റി അംഗം, കോട്ടയം ബസേലിയോസ് കോളജ്, പാമ്പാടി കെ. ജി. കോളജ് ഇവയുടെ ലോക്കൽ കമ്മിറ്റി അംഗം, എം.ഒ.സി. കോളജ് ഗവേണിംഗ് ബോർഡ് അംഗം എന്നീ നിലകളിൽ പ്രവർത്തിച്ചു. മികച്ച സംഘാടകൻ, ധ്യാനഗുരു എന്നീ നിലകളിൽ സ്തുത്യർഹമായി സേവനം അനുഷ്ഠിക്കുന്നു.

വന്ദ്യ കെ. വി. ജോസഫ് റമ്പാച്ചൻ അറിവും അനുഭവവും ഉൾക്കൊള്ളുന്ന മലങ്കരസഭയിലെ മഹത്തായ വ്യക്തിത്വമാണ്. ആ ജീവിതവും സാക്ഷ്യവും സ്വതസിദ്ധമായ ശൈലിയിൽ ഹൃദയത്തിൽ നിന്നും പങ്കുവയ്ക്കുന്നു:

അദ്ധ്യാത്മിക രംഗത്തേക്ക് ആകൃഷ്ടനായത് എങ്ങനെ?

ചെറുപ്രായത്തിൽ തന്നെ ആദ്ധ്യാത്മിക കാര്യങ്ങളിൽ വളരെ താല്പര്യം ഉണ്ടായിരുന്നു. കോട്ടയത്ത് മാങ്ങാനം ക്രൈസ്തവാശ്രമത്തിൽ മധ്യവേനലവധിക്കാലത്ത് ബൈബിൾ ക്ലാസ്സുകൾ ഉണ്ടായിരുന്നു. അതിൽ പതിവായി പങ്കെടുക്കുമായിരുന്നു. അന്ന് എം. വി. ജോർജ് ശെമ്മാശൻ (ഗീവർഗീസ് മാർ

പ. ബസേലിയോസ് ഔഗേൻ ബാവായോടൊപ്പം ഫാ. കെ. വി. ജോസഫ്.

ഒസ്താത്തിയോസ്) ക്ലാസ് എടുക്കുവാൻ അവിടെ വരുമായിരുന്നു. പാറേട്ട് അച്ചൻ (മാത്യൂസ് മാർ ഈവാനിയോസ്) ഇടവകപള്ളിയായ പുതുപ്പള്ളി പള്ളിയിലെ വികാരിയായിരുന്നു. ആ ആരാധനയും പ്രബോധനവും എല്ലാം ആത്മീയ ജീവിതത്തിലേക്ക് വഴിതെളിച്ചു.

കോട്ടയത്തെ വൈദിക പഠന അനുഭവങ്ങൾ എങ്ങനെ?

ഞാൻ പഠിച്ചപ്പോൾ (1953-57) വൈദിക സെമിനാരി കോട്ടയം എം.ഡി. സെമിനാരിയിൽ ആയിരുന്നു. വളരെ ഹൃദ്യമായ അദ്ധ്യാപക-വിദ്യാർത്ഥി ബന്ധം അന്നുണ്ടായിരുന്നു. വട്ടക്കുന്നേൽ മാത്യൂസ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്തായാണ് (പ. മാത്യൂസ് പ്രഥമൻ ബാവ) പ്രിൻസിപ്പാൾ. അന്ന് പഠിപ്പിച്ച അദ്ധ്യാപകർ അധികവും മെത്രാപ്പോലീത്തന്മാരായി ഉയർത്തപ്പെട്ടു. ഫാ. എം. വി. ജോർജ് (ഡോ. ഗീവർഗീസ് മാർ ഒസ്താത്തിയോസ്), ഫാ. എൻ. എ. യൂഹാനോൻ മല്പാൻ (യൂഹാനോൻ മാർ സേവേറിയോസ്), ഫാ. കെ. ഫിലിപ്പോസ് (ഫിലിപ്പോസ് മാർ തെയോഫിലോസ്), പോൾ വർഗീസ് (പൗലോസ് മാർ ഗ്രീഗോറിയോസ്) തുടങ്ങിയവർ സഭയെ നയിച്ച പിതാക്കന്മാരായി.

ഡോ. ടി. ജെ. ജോഷ്വാ അച്ചനും എന്റെ ഗുരുവാണ്. അന്നദ്ദേഹം ശെമ്മാശനായിട്ടാണ് സെമിനാരിയിൽ പഠിപ്പിക്കുവാൻ വന്നത്.

വൈദികസെമിനാരിയിൽ സഹപാഠിയാണ് കുര്യാക്കോസ് മാർ ക്ലിമ്മീസ് മെത്രാപ്പോലീത്താ (തുമ്പമൺ ഭദ്രാസനം). അമേരിക്കയിലുള്ള ഫാ. ഡോ. സി. ഒ. വർഗീസ്, ടി. എം. സഖറിയ കോർഎപ്പിസ്കോപ്പാ, പരുമല സെമിനാരി മുൻ മാനേജർ ഫാ. പി. വി. എബ്രഹാം ഓതറ, ഫാ. ടി. എ. ജേക്കബ് അമയന്നൂർ എന്നിവരും സഹപാഠികളാണ്. വൈദികസെമിനാരി പഠനം പൂർത്തിയാക്കിയിട്ട് 2020-ൽ 63 വർഷം തികയുകയാണ്. ആറു പതിറ്റാണ്ടിന്റെ സ്മരണകളാണ് പഴയസെമിനാരിയുമായി എനിക്കുള്ളത്.

പഴയസെമിനാരി മാനേജരായി പ്രവർത്തിച്ച കാലഘട്ടം എങ്ങനെ?

പഴയസെമിനാരി എന്റെ ജീവിതത്തിലെ വളരെ പ്രധാനപ്പെട്ട അനുഭവങ്ങൾ പകരുന്ന ആദ്ധ്യാത്മിക കേന്ദ്രമാണ്. സെമിനാരി പഠനകാലത്ത് സെമിനാരിയിലെ കൃഷി ഡയറക്ടറായി പ്രവർത്തിച്ചിട്ടുണ്ട്. പിന്നീട് 1964-66-ൽ പഴയസെമിനാരി മെസ് മാനേജരായും അസിസ്റ്റന്റ് മാനേജരായും ചുമതല വഹിച്ചു. അന്ന് ഫാ. കെ. ഫിലിപ്പോസ് ആയിരുന്നു മാനേജർ.

നിരവധി വർഷങ്ങൾക്ക് ശേഷം പഴയസെമിനാരി മാനേജരും ചാപ്ലയനുമായി 11 വർഷം പ്രവർത്തിച്ചു (1995-2006). അന്ന് പ്രിൻസിപ്പൽ കഴിഞ്ഞാൽ വിദ്യാർത്ഥികൾക്ക് മാനേജരാണ് മുഖ്യൻ. ചാപ്ലയനുമായിരുന്നതിനാൽ അദ്ധ്യാപകരും വിദ്യാർത്ഥികളുമായി വളരെ സൗഹൃദപരവും ഹൃദ്യവുമായ വ്യക്തിബന്ധം നിലനിർത്തിയിരുന്നു. അക്കാലത്തെ വിദ്യാർത്ഥികളെ പേരു ചൊല്ലി വിളിക്കുവാൻ ഇപ്പോഴും എനിക്ക് സാധിക്കാറുണ്ട്.

പഴയസെമിനാരി മാനേജരായിരുന്ന കാലത്താണ് പ. വട്ടശ്ശേരിൽ തിരുമേനിയെ പരിശുദ്ധനായി 2003 ഫെബ്രുവരി 23-ന് പ്രഖ്യാപിക്കുന്നത്. 'പരിശുദ്ധ പദ പ്രഖ്യാപന ശുശ്രൂഷ'യ്ക്ക് ആവശ്യമായ ക്രമീകരണങ്ങളും നടത്തിപ്പും യാതൊരു ഭംഗവും കൂടാതെ നിർവഹിക്കുവാൻ ദൈവം കൃപ ചൊരിഞ്ഞു. ഈ അത്യപൂർവ്വമായ സന്ദർഭം ജീവിതത്തിൽ ഒരിക്കലും മറക്കുവാൻ സാധിക്കുകയില്ല.

സഭയുടെ പൊതു സ്ഥാപനങ്ങളിൽ എല്ലാം പ്രവർത്തിക്കുവാൻ കഴിഞ്ഞതു എന്തുകൊണ്ടാണ്?

ദൈവത്തിന്റെ കൃപ ഒന്നുകൊണ്ട് മാത്രമാണ് സഭയുടെ പൊതു സ്ഥാപനങ്ങളിൽ പ്രവർത്തിക്കാൻ കഴിഞ്ഞത്. ദേവലോകം അരമന മാനേജർ, പഴയസെമിനാരി മാനേജർ, എം. ഡി. സെമിനാരി മാനേജർ, പരുമല സെമിനാരി അസിസ്റ്റന്റ് മാനേജർ. ഇതെല്ലാം ദൈവം തന്ന അനുഗ്രഹം മാത്രം. ദേവലോകം, പഴയസെമിനാരി (1995-2006), പരുമല സെമിനാരി (2006-2020), എം.ഡി. സെമിനാരി (1976-86), പാമ്പാടി ദയറാ തുടങ്ങിയ സഭയുടെ അഞ്ച് പൊതു സ്ഥാപനങ്ങളിലും പ്രവർത്തിക്കുവാൻ സാധിച്ചു. ഇതിൽ പഴയസെമിനാരിയിൽ പതിനൊന്ന് വർഷവും പരുമല സെമിനാരിയിൽ പതിനാല് വർഷവും സേവനമനുഷ്ഠിച്ചു. സഭ ഏൽപ്പിക്കുന്ന ഉത്തരവാദിത്വങ്ങൾ കൃത്യമായും ഭംഗിയായും വിശ്വസ്തതയോടെ നിർവ്വഹിക്കുക എന്നതാണ് എന്റെ രീതി. ഇത് പ്രാരംഭം മുതൽ ഇന്നുവരെയും അഭംഗുരം നടക്കുന്നു. സഭ ഏൽപ്പിക്കുന്ന ഏത് ഉത്തരവാദിത്വവും എന്റെ കഴിവും പ്രാപ്തിയും അനുസരിച്ച് പരമാവധി ഭംഗിയായി നിർവ്വഹിക്കുവാൻ സാധിച്ചു.

കെ. വി. ജോസഫ് റമ്പാന്റെ അപകടവും പ. ഗീവർഗീസ് രണ്ടാമൻ ബാവായുടെ സന്ദർശനവും അദ്ഭുതകരമായ രോഗശാന്തിയും

20 സെപ്റ്റംബർ 1960. ... ഇന്നു നമ്മുടെ പുതുപ്പള്ളിക്കാരൻ യൗസേഫ് മുണ്ടക്കയത്തു വച്ച് തലയ്ക്ക് കാറു മുട്ടി കോട്ടയം ആശുപത്രിയിൽ പ്രവേശിപ്പിച്ചിരിക്കുന്നുയെന്നുള്ള വിവരം നാം അറിഞ്ഞു. അവന് ബോധമില്ലാതെ മയങ്ങി കിടക്കുന്നുയെന്നു അവിടെ പോയിട്ടു വന്നവർ നമ്മോടു പറഞ്ഞു. ഈവാനിയോസ് മെത്രാച്ചൻ ഇവിടെ നിന്നു അവനെ കാണാൻ പോയി. അതുവഴി അദ്ദേഹം പുതുപ്പള്ളിക്ക് പോയി.

21 സെപ്റ്റംബർ 1960. ബുധൻ. ... ഉച്ചയ്ക്കു മൂന്നു മണിക്കുശേഷം കോട്ടയം ആശുപത്രിയിൽ പോയി പുതുപ്പള്ളിക്കാരൻ യൗസേഫിനെ കണ്ടു. അപ്പോൾ അവൻ മയങ്ങി കിടക്കുകയായിരുന്നു. അതിനുശേഷം ഡോക്ടർ പൗലോസ് താമസിക്കുന്ന വീട്ടിൽ പോയി അവിടെ പ്രായം കൊണ്ടു രോഗത്തിൽ കിടന്നിരുന്ന നമ്മുടെ പെങ്ങളുടെ തൈലാഭിഷേക ശുശ്രൂഷ നടത്തി. അതിനുശേഷം അരമനയിലേക്കു തിരികെ പോന്നു.

(പ. ഗീവർഗീസ് രണ്ടാമൻ കാതോലിക്കാ ബാവായുടെ ഡയറിയിൽ നിന്നും. സമ്പാദകൻ: ജോയ്സ് തോട്ടയ്ക്കാട്)

വി. മൂറോൻ കൂദാശയിൽ ഡോ. യൂഹാനോൻ മാർ ദീയസ്ക്കോറോസിനോടൊപ്പം.

പരുമല സെമിനാരിയിൽ ധ്യാനമന്ദിരത്തിന്റെ ചുമതല നിർവ്വഹിച്ചതിനാൽ മഹാപരിശുദ്ധനായ പരുമല തിരുമേനിയുടെ കബറിടത്തിൽ പ്രാർത്ഥിക്കുവാനും ധ്യാനിക്കുവാനും ദൈവം കൂടുതൽ അവസരം നൽകി. എല്ലാ യാമപ്രാർത്ഥനകളിലും ആരാധനകളിലും പതിവായി സംബന്ധിക്കും. പരുമലയിലെ ജീവിതം ഒരു പ്രത്യേകമായ ആദ്ധ്യാത്മിക അനുഭവം ആയിരുന്നു.

ഏതെല്ലാം സുപ്രധാന സംഭവങ്ങൾക്കാണ് സാക്ഷ്യംവഹിച്ചത്?

അമ്പതു വർഷത്തെ പൗരോഹിത്യ ജീവിതത്തിൽ ഒട്ടനവധി ചരിത്ര സംഭവങ്ങൾക്ക് സാക്ഷ്യം വഹിക്കുവാൻ കഴിഞ്ഞു. വൈദികനായത് 1970-ൽ ആണെങ്കിലും സെമിനാരി പഠനം കഴിഞ്ഞ് 1957 മുതൽ ദേവലോകത്ത് പ. ഗീവർഗീസ് ദ്വിതീയൻ ബാവായോടൊപ്പം താമസിച്ചതിനാൽ നിരവധി നിർണ്ണായക സംഭവങ്ങളിൽ പങ്കുചേരുവാൻ സാധിച്ചു.

എന്റെ ഓർമ്മയിലെ ഏറ്റവും പ്രധാന സംഭവം പഴയസെമിനാരിയിൽ പ. ഗീവർഗീസ് ദ്വിതീയൻ കാതോലിക്കാബാവ 1951 ഏപ്രിൽ 20-ന് നടത്തിയ വി. മൂറോൻ കൂദാശയാണ്. അന്ന് ഞാൻ എട്ടാം ക്ലാസ് വിദ്യാർത്ഥിയായിരുന്നു. മലങ്കരസഭയ്ക്ക് എതിരായി 1951-ൽ ഹൈക്കോടതി വിധി പ്രഖ്യാപിച്ചപ്പോൾ 'സത്യം ജയിക്കും. ചെറിയ ആട്ടിൻകൂട്ടമേ ഭയപ്പെടേണ്ട' എന്ന് പ്രസ്താവിച്ച പ. ഗീവർഗീസ് ദ്വിതീയൻ ബാവായെ അടൂർ മുതൽ കോട്ടയം എം.ഡി. സെമിനാരിയിലേക്ക് സ്വീകരിച്ച് ആനയിച്ച സ്വീകരണ ഘോഷയാത്രയും അവിസ്മരണീയമായി എന്റെ മനസ്സിൽ നിറഞ്ഞു നിൽക്കുന്നു.

എത്യോപ്യൻ ചക്രവർത്തി ഹെയ്ലി സെലാസി 1956 ഒക്ടോബർ 31-ന് പഴയസെമിനാരി സന്ദർശിച്ചപ്പോൾ ഞാൻ സെമിനാരി വിദ്യാർത്ഥിയായിരുന്നു. ചക്രവർത്തിയുടെ പഴയസെമിനാരി, ദേവലോകം സന്ദർശനത്തിൽ പ. ബാവായോടൊപ്പം പങ്കുചേരാൻ കഴിഞ്ഞു.

ഓർമ്മയിൽ പച്ചപിടിച്ചു നിൽക്കുന്ന സുന്ദര മുഹൂർത്തമായിരുന്നു 1958 ഡിസംബർ 16-ന് പഴയസെമിനാരിയിൽ നടന്ന സഭാ സമാധാന സമ്മേളനം. അന്ന് വൈദിക വിദ്യാഭ്യാസം ഞാൻ പൂർത്തിയാക്കിയിരുന്നു. 1962-ൽ നിരണത്തു വച്ച് ഔഗേൻ തിരുമേനിയെ, യോജിച്ച സഭയുടെ കാതോലിക്കാ ആയി തിരഞ്ഞെടുക്കുമ്പോഴും പ. ഗീവർഗീസ് രണ്ടാമൻ ബാവായോടൊപ്പം ഞാൻ ഉണ്ടായിരുന്നു.

പ. മാർത്തോമ്മാ ശ്ലീഹായുടെ പത്തൊമ്പതാം ശതാബ്ദിയാഘോഷം (1972), കാതോലിക്കേറ്റ് സപ്തതി ആഘോഷം (1982), കോട്ടയം എം.ഡി. സെമിനാരിയിൽ നടന്ന പ. വട്ടശ്ശേരിൽ തിരുമേനിയുടെ ചരമ സുവർണ്ണ ജൂബിലി ആഘോഷം (1984), ജോൺ പോൾ മാർപാപ്പായുടെ കോട്ടയം സന്ദർശനം (1986), പുനർ നിർമ്മിച്ച പരുമല പള്ളിയുടെ കൂദാശ (2000), പ. വട്ടശ്ശേരിൽ തിരുമേനിയുടെ പരിശുദ്ധ പ്രഖ്യാപന ശുശ്രൂഷ (2003), കാതോലിക്കേറ്റ് ശതാബ്ദി ആഘോഷം (2012) തുടങ്ങിയ എത്രയോ സമ്മേളനങ്ങളിൽ വിവിധ നിലകളിലും സംഘാടക രംഗത്തും പ്രവർത്തിച്ചു. പ. ഔഗേൻ ബാവാ മുതൽ പ. പൗലോസ് ദ്വിതീയൻ ബാവ വരെയുള്ള അഞ്ച് ബാവാമാരുടെ സ്ഥാനാരോഹണ ശുശ്രൂഷകളിൽ സംബന്ധിച്ചു. ഔഗേൻ ബാവായുടെ സ്ഥാനാരോഹണം എം.ഡി. സെമിനാരിയിൽ ആയിരുന്നു. മാത്യൂസ് പ്രഥമൻ ബാവായുടേത് പഴയസെമിനാരിയിൽ വച്ചും. പിന്നീട് എല്ലാം നടന്നത്

പരുമലയിലും. സഭയുടെ എല്ലാ പൊതു പരിപാടികളിലും മുടങ്ങാതെ പങ്കുചേരുവാൻ പ്രത്യേകം ശ്രദ്ധിക്കാറുണ്ട്.

പരുമലയിലെ ജീവിതവും താമസവും ആരാധനയും എങ്ങനെയായിരുന്നു?

പ. പരുമല തിരുമേനിയുടെ അനുഗ്രഹത്താൽ അവിടുത്തെ ജീവിതം ആത്മീയ സന്തോഷം പകരുന്നതായിരുന്നു. രാവിലെ 4.30-ന് ആരംഭിക്കുന്ന ജീവിതം സമാപിക്കുന്നത് വൈകിട്ട് 9 മണിയുടെ സൂത്താറ നമസ്ക്കാരത്തോടെയാണ്. എന്നും രാവിലെ അഞ്ചു മണിക്ക് പ്രാർത്ഥന. 10 മണിക്ക് അപേക്ഷ പ്രാർത്ഥന. 12 മണിക്ക് ഉച്ച നമസ്കാരം. 3 മണിക്ക് ഒമ്പതാം മണി നമസ്ക്കാരം. 6 മണിക്ക് സന്ധ്യാനമസ്കാരം. 9-ന് സൂത്താറ എന്നിങ്ങനെയാണ് ആരാധനാ ക്രമീകരണം. ഇതോടൊപ്പം വിശുദ്ധ കുർബാന, പ്രത്യേക ശുശ്രൂഷകൾ എന്നിവയിലും മാനേജരുടെ നിർദ്ദേശമനുസരിച്ച് പങ്കുചേരും. എല്ലാ വെള്ളിയാഴ്ചയും ധ്യാനപ്രസംഗവും മധ്യസ്ഥ പ്രാർത്ഥനയും ഉണ്ട്.

പരുമല പെരുന്നാൾ എന്നും ഓർത്തിരിക്കാൻ കഴിയും. ഒക്ടോബർ അവസാനം ആരംഭിക്കുന്ന 'പരുമല പെരുന്നാൾ തീർത്ഥാടനവാരം' എത്രയെത്ര പദ്ധതികൾക്കാണ് സാക്ഷ്യം വഹിക്കുന്നത്. നവംബർ ഒന്നിന് എത്തുന്ന പദയാത്രാ സംഘങ്ങളും തീർത്ഥാടകരും അക്ഷരാർത്ഥത്തിൽ പരുമലയെ പുണ്യ നഗരമാക്കി തീർക്കുന്നു. പ്രധാന പെരുന്നാൾ ദിനമായ നവംബർ രണ്ടിന് എത്തുന്നത് നാനാജാതിമതസ്ഥരായ വിശ്വാസികളുടെ സമൂഹമാണ്. എന്നും പരുമലയിലെ ജീവിതാനുഭവങ്ങൾ ഹൃദയത്തിൽ വർണാഭമായി നിലനിൽക്കും.

വിശുദ്ധ മൂറോൻ കൂദാശകൾക്ക് പങ്കാളിത്തം വഹിച്ചത് എങ്ങനെ?

മലങ്കരസഭയിലെ ആറു കാതോലിക്കാബാവാമാർ നടത്തിയ വിശുദ്ധ മൂറോൻ കൂദാശയിൽ പങ്കുചേരുവാൻ അവസരം ലഭിച്ചു. പഴയസെമിനാരിയിൽ പ. ഗീവർഗ്ഗീസ് ദ്വിതീയൻ ബാവാ നടത്തിയ മൂറോൻ കൂദാശയാണ് ആദ്യം ഓർമ്മയിൽ എത്തുന്നത്. പഴയസെമിനാരിയിൽ പ. ഔഗേൻ ബാവാ 1967 ഡിസംബർ 21-നു മൂറോൻ കൂദാശ നടത്തുമ്പോൾ ഞാൻ ശെമ്മാശനായി ആരാധനയിൽ പങ്കുചേർന്നു. വൈദികസെമിനാരി പഠനം കഴിഞ്ഞ് പത്തു വർഷത്തോളം ദേവലോകത്ത് താമസിച്ചുവരികയായിരുന്നു. മൂറോൻ കൂദാശ ആ വർഷം നടന്നതിനാലാണ് ഡിസംബർ 16-ന് ശെമ്മാശുപട്ടം ഏറ്റത്.

പ. മാത്യൂസ് പ്രഥമൻ ബാവാ, പഴയസെമിനാരിയിലും (1978) ദേവലോകത്തും (1988) നടത്തിയ വിശുദ്ധ മൂറോൻ കൂദാശയിലും പിന്നീട് ദേവലോകത്ത് പ. മാത്യൂസ് ദ്വിതീയൻ ബാവാ (1999) പ. ദിദിമോസ് ബാവാ (2009), പ. പൗലോസ് ദ്വിതീയൻ ബാവാ (2018) എന്നിവർ നടത്തിയ വി. മൂറോൻ കൂദാശയിലും ഫാ. കെ. വി. ജോസഫ് നേതൃത്വം നൽകി. വി. മൂറോൻ തയ്യാറാക്കുന്ന സ്ഥാനികളിൽ പല പ്രാവശ്യവും അംഗമായി നേതൃത്വം നൽകിയിട്ടുണ്ട്. ആറു കാതോലിക്കാ ബാവാമാർ നടത്തിയ ഏഴ് വി. മൂറോൻ കൂദാശകളിൽ പങ്കുചേരാൻ ദൈവം അവസരവും ആരോഗ്യവും നൽകി. അടുത്ത മൂറോൻ കൂദാശയ്ക്കു കാത്തു നിൽക്കാതെ റമ്പാച്ചൻ യാത്രയായി. ഏറ്റവും അധികം മൂറോൻ കൂദാശകളിൽ പങ്കെടുത്ത വ്യക്തി എന്ന ബഹുമതി റമ്പാച്ചനു സ്വന്തം.

ഇടയശുശ്രൂഷയിൽ അര നൂറ്റാണ്ട് പിന്നിട്ടല്ലോ. വയസ്സ് 86 ഉം ആയല്ലോ. ജീവിതം അങ്ങയെ എന്തു പഠിപ്പിച്ചു?

1. പരിശുദ്ധ ഗീവർഗീസ് ദ്വിതീയൻ ബാവായും പ. ഔഗേൻ പ്രഥമൻ ബാവായും ജീവിതത്തിൽ വളരെ സ്വാധീനിച്ചിട്ടുണ്ട്. ഈ പിതാക്കന്മാർ പകർന്ന ആദ്ധ്യാത്മിക പാഠം നോമ്പ്, ഉപവാസം, പ്രാർത്ഥന, ധ്യാനം, ദാനധർമ്മം എന്നിവയിൽ കേന്ദ്രീകൃതമായിരുന്നു. എന്റെ ജീവിതത്തിലും ഇവ ജീവിത പാഠമായി തീർന്നു.

2. 'സഭ എന്റേതാണ്. ഞാൻ സഭയുടേതാണ്. സഭ ദൈവത്തിന്റെ ശരീരമാണ്. സഭയ്ക്കു വേണ്ടി ജീവിക്കുക' എന്ന സിദ്ധാന്തമാണ് എനിക്കുള്ളത്. സഭ ഏല്പിക്കുന്ന ഉത്തരവാദിത്വങ്ങൾ പൂർണ വിശ്വസ്തതയോടെ പരിപാലിക്കുവാൻ കഴിയണം.

3. മലങ്കരസഭയുടെ കാതലായ വിശ്വാസസത്യങ്ങൾ ജീവിതത്തിന്റെ അവസാന ശ്വാസം വരെയും സംരക്ഷിക്കുവാൻ കഴിയണം. കാതോലിക്കേറ്റും ഭരണഘടനയും ദേശീയതയും സ്വയംശീർഷകത്വവും ഏവരും കാത്തു

ഫാ. ടി. സി. ജേക്കബ് (മാനേജർ, ദേവലോകം അരമന), പ. ബസേലിയോസ് ഔഗേൻ ബാവാ, കെ. വി. മാമ്മൻ, ഫാ. കെ. വി. ജോസഫ്.

സൂക്ഷിക്കണം.

4. ഇടവക ശുശ്രൂഷയിൽ ഏവരുമായി ആഴമായ ബന്ധം നിലനിർത്തണം. വിശ്വാസികളുടെ ആത്മീയ ആവശ്യങ്ങൾ കൃത്യമായി നിർവ്വഹിക്കണം. പ്രതിസന്ധികളിൽ വിശ്വാസികളുടെ ഭവനങ്ങൾ സന്ദർശിച്ച് ആശ്വാസം പകർന്നു പ്രാർത്ഥിക്കണം. വിശുദ്ധ കുർബ്ബാനയിൽ അവരുടെ പേരുകൾ വായിക്കുമ്പോൾ 'നെഞ്ചോട് ചേർത്തു പ്രാർത്ഥിക്കുമ്പോൾ' അവർക്ക് അതിന്റെ അനുഭവം ഉണ്ടാകും.

5. ദൈവ വിശ്വാസത്തോടൊപ്പം സഭാ വിശ്വാസവും സഭാപിതാക്കന്മാരോടുള്ള ആദരവും ബഹുമാനവും നിലനിർത്തണം. ഭാവിതലമുറയ്ക്ക് അത് മാതൃകയാക്കി പകരുവാനും കഴിയണം. ജീവിതത്തിൽ സങ്കടവും പ്രതിസന്ധിയും കഷ്ടനഷ്ടങ്ങളും ഉണ്ടാകുമ്പോൾ പരുമലയിൽ വന്നു പ്രാർത്ഥിക്കുന്ന പതിവ് നമ്മുടെ പൂർവ്വിക പിതാക്കന്മാർ കാണിച്ചു തന്നു. അത് പിന്തുടരുവാൻ ഏവരും ശ്രദ്ധിക്കണം. വൈദികശ്രേണിയിലെ ഓരോ സ്ഥാനിയും ഞാൻ എന്താണ്, എന്റെ ശുശ്രൂഷ എങ്ങനെ ആയിരിക്കണം എന്ന് വിലയിരുത്തണം. സ്നേഹത്തിന്റെയും സേവനത്തിന്റെയും കരുണയുടെയും തീർത്ഥാടനയാത്ര സമ്യക്കായി നിർവഹിക്കുവാനുള്ള ഊർജ്ജം - പരിശുദ്ധാത്മദാനം - പ്രാപിക്കുന്നതിനായി അപേക്ഷിക്കണം.

ഉപസംഹാരം

കളപ്പുരയ്ക്കൽ കെ. വി. ജോസഫ് റമ്പാന്റെ ജീവിതവും സാക്ഷ്യവും സുതാര്യമാണ്. വന്ദ്യ കെ. വി. ജോസഫ് റമ്പാന് സഭാചരിത്രത്തിന്റെ അകവും പുറവും ഏഴ് പതിറ്റാണ്ടായി ഹൃദിസ്ഥമാണ്. ജീവിതയാത്രയിൽ നവതിയുടെ നിറവിലും സഭാചരിത്രത്തിലെ ഏതൊരേടും കൃത്യമായി അടയാളപ്പെടുത്തുന്നു. സ്ഥലകാല വിവരങ്ങൾക്ക് സ്ഫടിക തിളക്കമാണ്. വ്യക്തികളുടെയും പിതാക്കന്മാരുടെയും ജീവിതവും കാലവും ദർശനവും അനർഗളമായി ഏതു നിമിഷവും പ്രവഹിക്കും. അത്രമാത്രം മലങ്കരസഭാ ചരിത്രത്തോട് ബന്ധപ്പെട്ടതാണ് 1953 മുതലുള്ള ജീവിതം. പുതുപ്പള്ളി, കോട്ടയം, പരുമല വഴി പാമ്പാടി ദയറായിൽ കെ. വി. ജോസഫ് റമ്പാൻ എത്തിയപ്പോൾ ആധുനിക മലങ്കരസഭാ ചരിത്ര സംഗ്രഹമാണ് ആ ജീവിതം സാക്ഷിക്കുന്നത്.

അടിയുറച്ച ദൈവവിശ്വാസം, പ്രാർത്ഥനാജീവിതം, സുസ്ഥിരമായ സഭാസ്നേഹം, സഭാപിതാക്കന്മാരോടുള്ള വിശ്വസ്തത, നൈർമ്മല്യം നിറഞ്ഞ ആത്മീയ ജീവിതം, പരിപക്വമായ ഇടയപരിപാലനം... വന്ദ്യ കെ. വി. ജോസഫ് റമ്പാൻ ദൈവകൃപയുടെ നീർച്ചാലുകൾ അനുഭവിച്ചറിഞ്ഞ അപൂർവ്വ പ്രതിഭയാണ്. പ്രശാന്തമായ ജീവിതസായാഹ്നത്തിലേക്ക് പാമ്പാടി ദയറാക്കുന്നുകൾ കയറുന്ന ഈ ജ്ഞാനയോഗിയിൽ ദിവ്യജ്ഞാനത്തിന്റെ ഓജസ്സും തേജസ്സും സമന്വയിച്ചിരിക്കുന്നു. യഥാർത്ഥമായും ദൈവത്തിന്റെ പുരോഹിതനായ ജ്ഞാനയോഗി.

2025 ഡിസംബർ 11-നു അന്തരിച്ച വന്ദ്യ കെ. വി ജോസഫ് റമ്പാച്ചന് ഹൃദയപൂർവ്വമായ പ്രണാമം. ❑

മലങ്കരയുടെ ഒരു താപസൻ കൂടി യാത്രയാവുന്നു

ഫാ. പി. എ. ഫിലിപ്പ്

പ്രാർത്ഥനാ ചൈതന്യത്തിന്റെ ആൾരൂപമായിരുന്ന വന്ദ്യ കെ. വി. ജോസഫ് റമ്പാച്ചൻ നമ്മിൽ നിന്ന് വിടവാങ്ങിയിരിക്കുന്നു. ഒരു സന്യാസ സമൂഹത്തിലും അംഗമായിരുന്നില്ലെങ്കിലും ഒരു താപസശ്രേഷ്ഠന് വേണ്ട എല്ലാ ഗുണങ്ങളും ആത്മീയചര്യകളും ജീവിതത്തിന്റെ അന്ത്യം വരെ പരിപാലിച്ച ഒരു ഉത്തമ ദയറായക്കാരനാണ് ജോസഫ് റമ്പാച്ചൻ. റാന്നി പെരുന്നാട് ബഥനി ആശ്രമത്തിൽ കബറടങ്ങിയിരിക്കുന്ന അലക്സിയോസ് മാർ തെവോദോസ്യോസ് തിരുമേനിയുടെ ഓർമ്മ പെരുന്നാളിൽ എല്ലാ വർഷവും ഓഗസ്റ്റ് ആറിന് ഞാൻ ജോസഫ് അച്ചനെ കാണുമായിരുന്നു. എന്നാൽ അദ്ദേഹവുമായി അടുത്ത് പരിചയപ്പെടുന്നത് 1983-ൽ കോട്ടയം ബസേലിയോസ് കോളജിൽ ഞാൻ വിദ്യാർഥിയായി എത്തുമ്പോഴാണ്. കോളജിനു തൊട്ടടുത്തുള്ള മാർ ഏലിയാ കത്തീഡ്രൽ വികാരിയാണ് അന്ന് അച്ചൻ. അച്ഛനുമായി പരിചയപ്പെട്ടു കഴിഞ്ഞപ്പോൾ 'ഉച്ചയൂണ് ഏലിയായിൽ വച്ചായി കൂടെ' എന്ന് അച്ചൻ ചോദിച്ചു. അതനുസരിച്ച് കോളേജിൽ പഠിച്ച മൂന്നു വർഷക്കാലവും എല്ലാ ദിവസവും അച്ചനൊപ്പം ആയിരുന്നു ഉച്ചഭക്ഷണം. അങ്ങനെ ആ ബന്ധം സുദൃഢമായി വളർന്നു. ഏലിയ കത്തീഡ്രലിലെ പ്രാർത്ഥനായോഗങ്ങൾ, മർത്തമറിയം മീറ്റിങ്ങുകൾ ഇവയ്ക്കൊക്കെ പ്രസംഗിക്കുവാൻ ജോസഫ് അച്ചൻ എനിക്ക് അവസരം തന്നു. അങ്ങനെയാണ് കോട്ടയത്ത് അനേകം ആളുകളുമായി പരിചയപ്പെടുവാനുള്ള അവസരം ഉണ്ടായത്. അക്കാലങ്ങളിൽ, ജോസഫ് അച്ചന് ചുമതല ഉണ്ടായിരുന്ന പാത്താമൂട്ടം സെൻമേരിസ് ചാപ്പലിലും ശുശ്രൂഷയ്ക്കായി എന്നെയും കൊണ്ടുപോകുമായിരുന്നു. അങ്ങനെ പിതൃപപുത്ര സമാനമായ ഞങ്ങളുടെ ബന്ധം വളരുകയായിരുന്നു. ഇടവക ശുശ്രൂഷയ്ക്ക് ശേഷം വിരമിച്ചപ്പോൾ കോട്ടയം പഴയ സെമിനാരി മാനേജർ, പരുമല സെമിനാരി അസിസ്റ്റന്റ് മാനേജർ എന്നീ നിലകളിൽ ഒക്കെ സഭയെ ആത്മാർത്ഥമായി ശുശ്രൂഷിച്ച ഒരു ആചാര്യ ശ്രേഷ്ഠനാണ് ജോസഫ് റമ്പാച്ചൻ. അച്ചനോട് അടുത്ത ഇടപഴകിയ എല്ലാവർക്കും ഒരു നൂറു കഥകൾ അദ്ദേഹത്തെപ്പറ്റി പറയാൻ ഉണ്ടാവും.

1960 സെപ്റ്റംബർ മാസത്തിൽ അതീവ ഗുരുതരമായ ഒരു അപകടം അദ്ദേഹത്തിന് സംഭവിച്ചു. മരണപ്പെട്ടു എന്ന് പലരും വിധിയെഴുതിയ പുതുപ്പള്ളിക്കാരൻ കളപ്പുരക്കൽ ജോസഫ് അദ്ഭുതകരമായി ജീവിതത്തിലേക്ക് മടങ്ങിയെത്തുകയായിരുന്നു. പരിശുദ്ധ ബസേലിയോസ് ഗീവർഗീസ് ബാവ തിരുമേനി അദ്ദേഹത്തെ ആശുപത്രിയിൽ സന്ദേശിച്ച് പ്രാർത്ഥിച്ചു മടങ്ങിയപ്പോഴാണ് അദ്ഭുതകരമായ ആ സൗഖ്യം ഉണ്ടായത് എന്ന് അദ്ദേഹം പറഞ്ഞിട്ടുണ്ട്. പിന്നീട് അദ്ദേഹം 65 വർഷം കൂടി ജീവിച്ച ശേഷം ഇന്ന് നമ്മോട് വിട പറഞ്ഞു. 1970 മുതൽ മലങ്കരസഭയിൽ നടന്നിട്ടുള്ള എല്ലാ മൂറോൻ കൂദാശകളിലും ഒരു സ്ഥിര സാന്നിധ്യമായിരുന്നു റമ്പാച്ചൻ. ഇങ്ങനെ ഒരു അസുലഭ ഭാഗ്യം മറ്റു ആർക്കെങ്കിലും ലഭിച്ചോ എന്നെനിക്കറിഞ്ഞു കൂടാ. 6 കാതോലിക്കാമാർ നടത്തിയ 7 മൂറോൻ കൂദാശകളിൽ അദ്ദേഹത്തിന്റെയും നേതൃത്വം ഉണ്ടായിരുന്നു

വിട്ടുവീഴ്ചയില്ലാത്ത പ്രാർത്ഥനാ ജീവിതം. യാമ നമസ്കാരങ്ങൾ, വിശുദ്ധ കുർബാന, കൂദാശകൾ ഇതെല്ലാം തികഞ്ഞ ഒരുക്കത്തോടും വിശുദ്ധിയോടും മാത്രമേ അദ്ദേഹം നിർവഹിച്ചിരുന്നുള്ളൂ. ഒരു വരി ആവട്ടെ ഒരു വരയാവട്ടെ വിടാൻ അദ്ദേഹം തയ്യാറായിരുന്നില്ല. കുർബാനയുടെ രഹസ്യ പ്രാർത്ഥനകൾക്ക് (തൂയോബോ) ഏതാണ്ട് ഒരു മണിക്കൂറോളം അദ്ദേഹം എടുത്തിരുന്നു. അല്പം പോലും സംഗീത വാസന ഇല്ലായിരുന്നു എങ്കിലും, എല്ലാ ഗീതങ്ങളും ഒരക്ഷരം വിടാതെ അദ്ദേഹം ചൊല്ലിയിരുന്നു. കൂടെ പാടുന്നവർ സംഗീത വിദ്വാന്മാരാണെങ്കിൽ കൂടെയും അദ്ദേഹത്തിന് അതൊരു പ്രശ്നമല്ലായിരുന്നു. സെമിനാരി മാനേജർ ആയിരിക്കുന്ന കാലത്ത് അവിടെ പഠിച്ചിരുന്ന വിദ്യാർത്ഥികൾക്ക് ഈ കാര്യം നന്നായി അറിയാം. ജീവിത സായാഹ്നത്തിൽ പാമ്പാടി ദയറായിൽ താമസിക്കുന്ന സമയത്ത് പോലും ഒരു നമസ്കാരം അദ്ദേഹം മുടക്കിയിരുന്നില്ല. ഇതായിരുന്നു വിട്ടുവീഴ്ചയില്ലാത്ത ആ പ്രാർത്ഥന ജീവിതം. നോമ്പ്, ഉപവാസം ഇതൊക്കെ ഒരു ദയറാ വാസിയെക്കാൾ നിഷ്ഠയോടെ അദ്ദേഹം അനുഷ്ഠിച്ചിരുന്നു. ഒരു താപസശ്രേഷ്ഠന്റെ മുഖശ്രീ അദ്ദേഹത്തിന് ഉണ്ടായിരുന്നു.

വ്യക്തിബന്ധങ്ങൾ സുദൃഢമായി സൂക്ഷിക്കുന്നതിൽ റമ്പാച്ചനെപ്പോലെ വൈഭവം ഉള്ളവർ കുറവാണ്. ഓരോ വ്യക്തിയെയും പേരു ചൊല്ലി വിളിക്കുന്ന



ബേബി ജോസഫ്



ഡീക്കൻ കെ.വി. ജോസഫ്

റവ. ഫാ. കെ.വി. ജോസഫ്



വെരി.റവ. കെ.വി. ജോസഫ് റമ്പാൻ

അപാരമായ ഒരു കഴിവ് ഉണ്ടായിരുന്നു. സഭയോടും സഭാ പിതാക്കന്മാരോടുമുള്ള കൂറും വിധേയത്വവും ഒന്നു വേറെയായിരുന്നു. പരിശുദ്ധ ഗീവർഗീസ് ദ്വിതീയൻ,ഔഗെൻ പ്രഥമൻ ബാവ തിരുമേനിമാരോടൊപ്പം ഉള്ള സഹവാസം അദ്ദേഹത്തെ ഈ കാര്യത്തിൽ ഉറപ്പിച്ചു എന്ന് വേണം വിശ്വസിക്കുവാൻ. അദ്ദേഹത്തിന്റെ കൊച്ചുമക്കൾ ആകാൻ മാത്രം പ്രായമുള്ള തിരുമേനിമാരെ പോലും എത്ര വിനയത്തോടും ഭക്തിയോടും ആണ് അദ്ദേഹം സ്വീകരിച്ചിരുന്നത്! സഭയെ പറ്റി കുറ്റം പറയാൻ ഒരിക്കലും അദ്ദേഹം സമ്മതിച്ചിരുന്നില്ല. നേരും നെർമല്യവും ഋജു ബുദ്ധിയും കൈമുതലായിരുന്ന റമ്പാച്ചന് ഒരു പകരക്കാരൻ ഉണ്ടാകുമോ എന്ന് സംശയമാണ്. ദീർഘമായ ഒരു ജീവിതം കറ പുരളാതെ സൂക്ഷിച്ച് അനുഗ്രഹീതനായി കടന്നുപോകുന്ന റമ്പാച്ചന് യാത്ര മംഗളങ്ങൾ!

ഫാ. എ. എം. ഉലഹന്നാൻ എറാടികുന്നേൽ അന്തരിച്ചു

കണ്ടനാട് ഈസ്റ്റ് ഭദ്രാസനത്തിലെ സീനിയർ വൈദികനായിരുന്ന ഫാ. എ. എം. ഉലഹന്നാൻ എറാടികുന്നേൽ അന്തരിച്ചു. കണ്ടനാട് ഈസ്റ്റ് ഭദ്രാസന മുൻ സെക്രട്ടറിയായി സേവനം അനുഷ്ഠിച്ചിരുന്നു. പാലക്കുഴ സെന്റ് ജോൺസ് ഓർത്തഡോക്സ് പള്ളി ഇടവകാംഗമാണ്. സംസ്കാരശുശ്രൂഷ നടത്തി.

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

Historical-theological Context of Nicaea

Fr. Dr. Jose John

Introduction

When the Church in the Roman empire began to establish itself with its own identity rather than the Jewish, there arose many questions related to Christ and Salvation. The early Church tried to answer those questions in its particular historical-theological and philosophical context. The Council of Nicaea and its Creed is an example of such theological exercise by the early Church. The creeds or doctrines developed by the early Church are neither exhaustive nor final formulations, but they are the contextual responses of the Christian community to the need and culture of the day. Here we delineate the historical-theological context of Nicaea, the first ecumenical council.

Historical Context

The historical context of Nicaea was a time of political and social upheaval. M.E. Gibbs gives the following description regarding the status of the Church at the beginning of the fourth century; "The Edict of Milan, 313, brought to an end the era of persecution and a new age of partnership began between Church and the State. The collaboration of the Church with the State brought both gain and loss to the Church. After the Edict of Milan the Church got religious recognition and thus it was free to develop its own life in peace without any restrictions or limitations. The Church got the privilege and freedom to build churches, to conduct liturgical celebration in public with splendor, and to copy the Scripture without fear or fright. Besides, general councils of bishops had been convened to settle theological disputes, Sunday became a public holiday; Christian ideas began to modify the laws of the empire; marriage became more permanent and concubinage was abolished due to the Christian influence, Infanticide and abortion were made criminal offences, cruel games and entertainments were discouraged and abolished". Released all imprisoned Christians and restituted their properties; the churches were exempted from taxes etc. At the same time the Christian life was lowered and the Church flooded with large number of people rather nominal Christians. The Church became imperial and the standard of Christian life and principles were declining day-by-day. The Church was forced to compromise its principles and Christian values for the sake of empire and imperial favors. Ancient Christian centers became Patriarchates and major centers of Christian learning.

According to Roger, the Church gained substantial identity in terms of social organization, theological self-understanding, hierarchical evolution, liturgical and monastic development, formation of canon of the Scripture. Again, the Church got developed in terms of extension and geographical expansion, cultural identities, membership, self-definition of its faith, sacramental theology, and organization structure. At the dawn of the fourth century, Roger says, Christianity underwent the most violent and protracted persecution and at the end of the century Christianity became the official religion of the empire. Roger comments that 'with Constantine the Church and empire begin to run together and become entwined'.

Political Context

Constantine became the sole political ruler of the Roman Empire after defeating the Eastern emperor, in the second decades of the fourth century. He, together with the Eastern emperor, Licinius, issued the so-called Edict



of Milan on 13th June 313 declaring freedom of religious worship. This edict gave unrestricted liberty in all religious matters to all his subjects; freedom of conscience was granted to Christian and pagan alike; all restrictions against the Christians were cancelled and their churches were restored to them. He heaped upon the Church power and responsibility within the civic realm. He gifted the Church with properties, he built churches; he exempted the Church and the clergy from taxes thus giving them civic status. Further he charged the Church with civic responsibilities such as care of the poor and granted jurisdiction to church tribunals for settling certain legal conflicts. The church became an instrument in the running of society. By the time of Constantine the church was a sufficiently robust organization for the emperor to engage it as partner in unifying the empire. Christianity did not become the official religion of the Roman empire under Constantine, but imperial hostility had turned into enthusiastic support, backed with money and patronage. … Constantine's patronage of the church set it on an altogether different path and made it in a real sense a public institution with a legal presence and official recognition." Reiger states that the heritage of the church – in all its orthodox and heterodox forms – has been shaped by the intersections of empire and church since the early days.

In addressing and settling religious and theological issues, Constantine assumed leadership in the Church when those issues affect the unity of the empire. He convened the first ecumenical council at Nicea and tried to

settle down the Arian controversy without affecting the stability of the State. Constantine could create a new relationship between the Church and the State. The transition of the Church`s status from 'persecuted Church' to 'imperial Church' is described in the following words; "The Church had passed quickly from a situation in which leading and honored bishops had been martyrs to one in which her leaders were the emperor`s table guests and court advisors". During and after the rule of Constantine the Church`s organizational structure solidified into the mold of the empire. Christianity became the official religion of the Roman Empire due to imperial intervention in the ecclesiastical matters. Thus the Church became imperial and got many advantages from the imperial throne during the 4th and 5th centuries. Radical changes occurred in the life and practice of the Church. It got strengthened numerically, became worldly, and started to interfere in the imperial matters and vice versa.

Social Context

The theological controversies absorbed the intellectual activity of that time, and shook the foundations of the Church and the empire. Arian controversy became a heated subject and topic among all the members of the Church as well as all the people of the empire. Bishops, priests, monks, emperors, civil officers and people from all spheres society engaged themselves with the theological controversy. Philip Schaff writes, "In Constantinople, during the Arian controversy, all classes, even mechanics, bankers, frippers, market women and runaway slaves took lively part in the questions of Homousion and sub-ordination, of the begotten and the unbegotten". Gregory of Nazianzen , who lived in the midst of the Arian wars, describes the division and hostility which this polemic spirit introduced between parents and children, husband and wives, old and young, masters and slaves, priests and people. The social life of the Roman empire was really influenced by the Christological controversy of the fourth century. Philip says "it has gone so far that the whole market resounds with the discourses of heretics, every banquet is corrupted by this babbling even to nausea, every merrymaking is transformed into a mourning, …even the chambers of women, the nurseries of simplicity, are disturbed thereby, and the flowers of modesty are crushed by this precocious practice of dispute". In the Nicene age minds crashed against each other, and fought the decisive battles for and against the doctrines of the true deity of Christ, with which the divinity of Christianity stands or falls. It is to note that even the social context of the Roman empire was much affected by the Christological controversy.

Theological Context

According to Joby Jose Kocumuttom, the theological developments in the ancient world can be viewed as offshoots of the three fundamental branches of Christian traditions and their Christian theology namely, the Syriac Orient (Hebrew culture), the Greek East (Hellenistic Culture), and the Latin West (Latin Culture). The Council of Nicaea is seen as a threshold in Hellenistic-Christan theology. The dependence of Greek intellectual concepts and thought patterns resulted in the emergences of Trinitarian and Christological conflicts of the early centuries in which Alexandrian and Antiochean theological schools played significant roles. The encounter of the Christian religion with the Jewish religion and the Greco-Roman world brought theological confusions and paved for the emergence of many heresies in the ancient centuries.

Antiochene and Alexandrian Schools

Antiochene and Alexandrian theological schools were the two major theological schools in the Roman Empire. Differences of Christological approaches of these schools led to different heresies. While the Alexandrian school of thought upheld Christology from above -descending Christology- its starting point was Word, the Antiochene Christology maintained Christology from below -ascending Christology- its starting point was human nature of Christ. Both these approaches led to Christological heresies and which in turn divided the Church into many groups and sects. The Nicaean Christological controversy had germinated from the theological disparities of the major theological schools in the Roman empire.

Theological school of Antioch, founded by Lucian of Samosata, was mainly following the Aristotelian philosophical system in opposition to the allegorical method of Alexandrians. It gave careful attention to the text itself and let its students to more objective evaluation by historical and grammatical study of the Scripture. It became the womb of heresy due its rationalistic tendency. As we have mentioned earlier, Christology from below or ascending Christology was its theological perspective/approach and its starting point was humanity of Jesus. Antiochene theologians conceived human nature as personal and having a distinct personality of its own. They could not conceive of 'nature' without personality. The real strength and value of the Antiochene School all through was its splendid vindication of the historical Christ and the loving attention paid to the historical portrait in the Gospels.

Alexandrian School, founded by Pantaenus in the mid of second century followed metaphysical investigation of faith principles, Platonic philosophy and allegorical interpretation. Alexandrian school holds the divinity of Christ as the starting point of Christological studies. Christology from above or descending Christology, as we mentioned, was its Christological perspective. It was influenced by Greek language and culture. It emphasized sotereological questions and thus focused on the divinity of Christ without negating His humanity whereas the Western wing Church, centered in Antioch, was more concerned about the humanity of Christ. Western theologians fully acknowledged the divinity of Christ but given much attention to His humanity.

Johannes Quasten writes that the School of Antioch was, founded by Lucian of Samosata, in direct opposition to the excesses and fantasies of the allegorical method of Origen. It gave careful attention to the text itself and led its pupils into the sphere of literal elucidation and historical and grammatical study of the Scripture. The school of Antioch stood in opposition to the allegorism of that of Alexandria. It interpreted Scriptures literally. "The diversity of method was a diversity of mind that had already made itself felt in Greek philosophy. Alexandrias's idealism and speculative bend owed inspiration to Plato, Antioch"s realism and empiricism to Aristotle; the former inclined to mysticism, the latter to rationalism." Rationalistic tendency led, school of Antioch, to its becoming the womb of heresy.

Maurice Relton`s comments on the significance of these schools and its different approaches is noteworthy. He says; "The two standpoints, the Alexandrian and Antiochene, represent complementary aspects of Christian theology. If the Alexandrian and mystical standpoint has found fuller expression in the later thought and teaching of Christendom, the problems of modern thought and the evolutionary view of the universe, have once more called attention to the view point which underlies the teaching of the Antiochenes". Alexandrians stood for union and Antiochenes for separation/distinction. Again, he adds, "While the Alexandrian theology started from the Divine side and deduced all its conclusions from that source, the Antiochenes followed the inductive and rationalistic method, which consisted in a careful examination of the facts of human nature and experience. The philosophical basis of the one was Platonist, while that of the other was Aristotelian".

Immediate Theological Context of Nicaea

The immediate theological context of the conveying of the Nicaean council was the teaching of Arius. According to the opponents of Arius, the basic premise of Arius` thinking was that God the Father is absolutely unique and transcendent and God`s essence (the Greek term ousia means both 'essence' and 'substance') cannot be shared by another or transferred to another, not even the Son. Consequently, for Arius, the distinction between Father and Son was one of substance (ousia); if they were of the same substance, there would be two gods. Rather than sharing the same 'essence' with the Father, the Son is the first and unique creation of God. Therefore, Christ was begotten of God in time, not from all eternity. Besides, Christ was a part of creation and inferior to God even though greater than other creatures. Since the Son is a creature it must have had a beginning and at the same time He is liable to change and even to sin. He was influenced by Stoic, Neo-Platonist thoughts according to which there is a Logos creator, the divine principle, but inferior to God.

The Arian controversy divided the Christians in the Roman empire and Constantine regarded himself as the legally entitled authority to interfere in the dispute. Pre-Nicaean councils were held to resolve the Christological problem raised by Arius but were futile. Emperor Constantine, at first, tried to bring reconciliation between the parties through diplomatic way by sending letters and mediators like Hosius of Spain but without effect. Later he summoned the first ecumenical council to settle down the theological controversies and issues which disturbed the church and the empire alike. The emperor summoned the bishops of the empire by a letter of invitation and provided public conveyances and residence at the expense from the public treasury. The Council was originally planned to be held at Ancyra, but later transferred to Nicaea, a city a Bithynia, which was near to imperial residence as well as easy accessible. Constantine, sent letters to all the bishops, both eastern and western, and convoked the first ecumenical council at Nicaea on 19th June 325.

Nicaea and Constantine

The conveying of Nicaea was an attempt to get dictatorship over the whole Roman empire. Constantine desired total control and authority over the empire; but he had to devise new means to promote unity and and security in the vast, diverse and unstable empire. The convening of the Nicaean council was a sign that Christianity had assumed a new mode of government and position in the Roman empire. Constantine made use of the Council as a tool for political and imperial dominance. Constantine's religious policies were aimed at unifying Christianity as a symbolic means of unifying the empire's subjects and territories in those regions where Christianity had grown the most in previous centuries. The imperial policies were aimed primarily at eradicating dissent rather than to assert doctrinal orthodoxy.

The historiography of Nicaea always has been a debate between Athanasius' and Eusebius of Caeserea's interpretation of the council. Some historians have the opinion that despite the depiction of a pious Constantine in the Christian eulogies written by Eusebius of Caeserea and Lanctantius, Constantine was a ruthless, despotic and totalitarian ruler. It is important to understand the political motivations of the authors of these eulogies, and the totalitarian demands of the empire. Political theology of the eulogizers cannot be discarded.

Conclusion

The First Council of Nicaea was a 'true monument and token of victory against every heresy' as St. Athanasius remarks. It rejected Arianism and formulated a standard faith formula which became the foundation of all theological-Christological affirmations of the Church. But the political and imperial interest of the convoking of the council is debatable.

(Paper presented at the Joint International Commission Meeting 2025, 9 &10 December, Devalokam, Kottayam)

ഒ.സി.വൈ.എം യു.എ.ഇ മേഖല സമ്മേളനം (Exodus The Final Destination) സമാപിച്ചു

ഫുജൈറ: ഓർത്തഡോക്സ് ക്രൈസ്തവ യുവജന പ്രസ്ഥാനം യുഎഇ മേഖലയുടെ 35-ാമത് വാർഷിക സമ്മേളനം സഖറിയ മാർ സേവേറിയോസ് മെത്രാപ്പോലീത്താ ഉദ്ഘാടനം ചെയ്തു മേഖലാ പ്രസിഡന്റ് ഫാ. സന്തോഷ് സാമുവൽ കെ. അധ്യക്ഷത വഹിച്ചു.

അഖില മലങ്കര ബാസ്കയോമോ അസോസിയേഷൻ ജോയിന്റ് സെക്രട്ടറി ആയ മേജർ മിനി സൈമൺ എം. DMIHER, നാഗ്പൂർ സർവകലാശാലയിൽ നിന്ന് Health Profession Education (HPE) വിഷയത്തിൽ ഡോക്ടറൽ ബിരുദം നേടി. കുന്നംകുളം ഭദ്രാസനത്തിലെ ഫാ. ടി. സി. ജേക്കബിന്റെ സഹധർമിണിയാണ്. ധരംശാല ഡിഫൻസ് ആശുപത്രിയിൽ സേവനം ചെയ്തു വരുന്നു.

പ്രൊഫ. ജോൺ ജോസഫ് അന്തരിച്ചു

കോട്ടയം ബസേലിയോസ് കോളജ് മുൻ പ്രൊഫസറും കോന്നി കല്ലേലി വടക്കേടത്ത് പ്രൊഫ. ജോൺ ജോസഫ് (83) അന്തരിച്ചു. സംസ്ക്കാര ശുശ്രൂഷ നാളെ 4-നു കല്ലേലി മാർ കുറിയാക്കോസ് ഓർത്തഡോക്സ് പള്ളിയിൽ. കോട്ടയം മാർ ഏലിയാ കത്തീഡ്രൽ ട്രസ്റ്റി, ഓർത്തഡോക്സ് സഭാ മാനേജിംഗ് കമ്മിറ്റി അംഗം, കോട്ടയം വൈഎംസിഎ പ്രസിഡന്റ്, കോട്ടയം വൈസ്മെൻസ് ക്ലബ് പ്രസിഡന്റ് തുടങ്ങിയ നിലകളിലും സേവനം അനുഷ്ഠിച്ചിട്ടുണ്ട്.

ഭാര്യ: നൂറനാട് ചിറ്റൂർ കുടുംബാംഗം സൂസൻ ജോൺ (റിട്ട. അധ്യാപിക ഇൻഫന്റ് ജീസസ് സ്കൂൾ). മക്കൾ: സോജു ഷിബു (കോട്ടയം), മഞ്ചു അലക്സാണ്ടർ (യുഎസ്എ) നൈജു ജോസഫ് ജോൺ (ദുബായ്). മരുമക്കൾ: ഷിബു കുര്യൻ (സൂപ്പർ ഫർണീച്ചർ, കോട്ടയം), അനി അലക്സാണ്ടർ (യുഎസ്എ), അഞ്ചു അലക്സാണ്ടർ (ദുബായ്). കൊച്ചുമക്കൾ: ജോയൽ, ജോഷ്വാ, ഹന്ന, ഷോൺ, ജോജു, ജുവാൻ, ജേക്ക്.

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

വേദപുസ്തകത്തിലെ സ്ത്രീ കഥാപാത്രങ്ങൾ

ഏശാവിന്റെ ഭാര്യമാരായ യെഹൂദിത്തും, ബാസമത്തും

സിസ്റ്റർ മേരി OSM
(ബേത്‌ലഹേം ദയറ കിഴക്കമ്പലം)



യിസ്ഹാക്കിന്റെയും റിബേക്കയുടെയും മകനായ ഏശാവിനേക്കുറിച്ചുള്ള പരാമർശം ഉല്പത്തി പുസ്തകത്തിന്റെ ഒരു പ്രധാന ഭാഗമാണ്. ഏശാവ് യാക്കോബിന്റെ മൂത്ത ഇരട്ട സഹോദരനായിരുന്നു, അദ്ദേഹത്തിന്റെ ജീവിതം അനുഗ്രഹങ്ങളും പോരാട്ടങ്ങളും നിറഞ്ഞതാണ്. ഏശാവിന്റെ ജീവിതത്തിലെ ഏറ്റവും പ്രധാനപ്പെട്ട ഭാഗങ്ങളിലൊന്ന് ഭാര്യമാരെ തിരഞ്ഞെടുക്കുന്നതാണ്. ഏശാവ് രണ്ട് ഹിത്യ സ്ത്രീകളെ വിവാഹം കഴിച്ചുവെന്ന് ബൈബിൾ നമ്മോട് പറയുന്നു 'ബേരിയുടെ മകളായ യെഹൂദിത്തിനെയും ഏലോന്റെ മകളായ ബാസമത്തിനെയും' (ഉല്പത്തി 26:34). ഈ വിവാഹങ്ങൾ കുടുംബകാര്യങ്ങൾ മാത്രമായിരുന്നില്ല; അവയ്ക്ക് ആത്മീയവും സാംസ്കാരികവുമായ അർത്ഥവും ഉണ്ടായിരുന്നു.

അക്കാലത്ത്, ചുറ്റുമുള്ള കനാന്യ ഗോത്രങ്ങളിൽ നിന്നുള്ള സ്ത്രീകളെ വിവാഹം കഴിക്കുന്നത് പലപ്പോഴും നിരുത്സാഹപ്പെടുത്തിയിരുന്നു, കാരണം അവർ അബ്രഹാമിന്റെയും യിസ്ഹാക്കിന്റെയും യാക്കോബിന്റെയും ദൈവത്തെ പിന്തുടരുന്നില്ലായിരുന്നു. ഏശാവിന്റെ തിരഞ്ഞെടുപ്പ് അവന്റെ മാതാപിതാക്കൾക്ക് വേദനയും അദ്ദേഹത്തിന് ആത്മീയ വെല്ലുവിളികളും വരുത്തി. എന്നിരുന്നാലും, ഈ സ്ത്രീകൾ - യെഹൂദിത്തും ബാസമത്തും - വ്യക്തിത്വം, കുടുംബ ബന്ധങ്ങൾ, തിരഞ്ഞെടുപ്പുകളുടെ സ്വാധീനം എന്നിവയെക്കുറിച്ചുള്ള പാഠങ്ങൾ നമുക്ക് കാണിച്ചുതരുന്നു.

1. ഹിത്യനായ ബേരിയുടെ മകളായ യെഹൂദിത്ത്

ഏശാവിന്റെ കാലത്ത് കനാനിൽ താമസിച്ചിരുന്ന ശക്തമായ ഒരു വിഭാഗത്തിൽപ്പെട്ട ഹിത്യ സ്ത്രീയായിരുന്നു യെഹൂദിത്ത്. ശക്തമായ സംസ്കാരം, വികസിത നഗരങ്ങൾ, വ്യത്യസ്ത മതപരമായ ആചാരങ്ങൾ എന്നിവയാൽ ഹിത്യർ അറിയപ്പെട്ടിരുന്നു. ഒരു സത്യദൈവത്തെ ആരാധിച്ചിരുന്ന അബ്രഹാമിന്റെ കുടുംബത്തിൽ നിന്ന് വ്യത്യസ്തമായി, അവർ പലപ്പോഴും നിരവധി ദേവന്മാരെയും ദേവതകളെയും ആരാധിച്ചിരുന്നു.

യെഹൂദിത്തിനെ വിവാഹം കഴിച്ചതിലൂടെ, ഏശാവ് വളരെ വ്യത്യസ്തമായ വിശ്വാസങ്ങളുള്ള ഒരു ജനതയുമായി തന്നെത്തന്നെ ബന്ധിപ്പിക്കുകയായിരുന്നു. അവൾ കാരണം യിസ്ഹാക്കിന്റെ കുടുംബത്തിൽ ഉണ്ടായേക്കാവുന്ന വെല്ലുവിളികളെക്കുറിച്ച് ഈ പശ്ചാത്തലം നമുക്ക് ഒരു ധാരണ നൽകുന്നു.

യെഹൂദിത്തിന്റെ വ്യക്തിപരമായ സ്വഭാവത്തെക്കുറിച്ച് ബൈബിൾ വളരെ കുറച്ച് മാത്രമേ പറയുന്നുള്ളൂ, എന്നാൽ ഉല്പത്തി 26:35 നമ്മോട് പറയുന്നത് ഏശാവിന്റെ ഭാര്യമാർ 'യിസ്ഹാക്കിനും റിബേക്കയ്ക്കും ദുഃഖകാരണമായിരുന്നു' എന്നാണ്. ഏശാവിന്റെ മാതാപിതാക്കളോടും അവരുടെ വിശ്വാസത്തോടും അനാദരവ് കാണിക്കുന്നതോ മനസ്സിലാക്കാൻ കഴിയാത്തതോ ആയ വിധത്തിൽ യെഹൂദിത്ത് പെരുമാറിയിരിക്കാമെന്ന് ഇത് സൂചിപ്പിക്കുന്നു.

ഒരുപക്ഷേ അവൾ ഹിത്യ ആചാരങ്ങൾ പിന്തുടർന്നിരിക്കാം, വിഗ്രഹങ്ങളെ ആരാധിച്ചിരിക്കാം, അല്ലെങ്കിൽ അവൾ വിവാഹം കഴിച്ച കുടുംബത്തിന്റെ ആത്മീയ പാരമ്പര്യങ്ങളെ വിലമതിച്ചിരുന്നില്ല. അവളുടെ പെരുമാറ്റം വീട്ടിൽ പിരിമുറുക്കം സൃഷ്ടിച്ചിരിക്കാം, അത് റിബേക്കയ്ക്കും യിസ്ഹാക്കിനും ദുഃഖകാരണമായി തീർന്നു.

ഇതിൽ നിന്ന്, യെഹൂദിത്തിനെ ലോക സ്വാധീനത്തെ പ്രതിനിധീകരിക്കുന്ന ഒരു സ്ത്രീയായി നമുക്ക് വിശേഷിപ്പിക്കാം - ദൈവത്തിന്റെ പദ്ധതിക്ക് വിരുദ്ധമായ ഒരു ജീവിതശൈലി പ്രവൃത്തികൾ കാണിച്ച ഒരാൾ. ഏശാവിന്റെ ജീവിതത്തിലെ അവളുടെ സാന്നിധ്യം നമ്മെ ഓർമ്മിപ്പിക്കുന്നത് വ്യക്തിപരമായ തിരഞ്ഞെടുപ്പ് ഒരു കുടുംബത്തിന്റെ മുഴുവൻ സമാധാനത്തെയും ബാധിക്കുമെന്നാണ്.

ഏശാവിന്റെ ആദ്യ ഭാര്യമാരിൽ ഒരാളായിരുന്നു യെഹൂദിത്ത്, സ്വന്തമായി ഒരു കുടുംബം സ്ഥാപിക്കാൻ അവൻ ആഗ്രഹിച്ചിരുന്നുവെന്ന് ഇത് കാണിക്കുന്നു. എന്നിരുന്നാലും, അവളെ വിവാഹം കഴിക്കാനുള്ള ഏശാവിന്റെ തീരുമാനം മാതാപിതാക്കളുടെ അംഗീകാരമോ ദൈവത്തിന്റെ മാർഗനിർദ്ദേശമോ തേടാതെയാണെന്ന് തോന്നുന്നു. ബാഹ്യ ആകർഷണത്തിലോ സാംസ്കാരിക സൗകര്യത്തിലോ കെട്ടിപ്പടുത്ത ബന്ധങ്ങൾ ആന്തരിക ആത്മീയ സംഘർഷത്തിലേക്ക് എങ്ങനെ നയിക്കുമെന്ന് യെഹൂദിത്തിലൂടെ നാം മനസ്സിലാക്കുന്നു.

ഭാര്യാഭർത്താക്കന്മാർക്കിടയിൽ വിശ്വാസം പങ്കിടാത്തപ്പോൾ അത് എത്രത്തോളം ബുദ്ധിമുട്ടാണെന്ന് ഏശാവിന്റെ ജീവിതത്തിൽ അവൾ വഹിക്കുന്ന പങ്ക് കാണിക്കുന്നു. അവൾ ഏശാവിനെ സ്നേഹിച്ചിരുന്നിരിക്കാം, പക്ഷേ വിശ്വാസങ്ങളിലെ വ്യത്യാസം കുടുംബത്തിനുള്ളിൽ വൈകാരികവും ആത്മീയവുമായ അകലം സൃഷ്ടിച്ചു.

2. ഹിത്യനായ ഏലോന്റെ മകൾ ബാസമത്ത്

ബാസമത്തും ഒരു ഹിത്യസ്ത്രീയായിരുന്നു, ഏലോന്റെ മകൾ. യെഹൂദിത്തിനെപ്പോലെ, അവൾ വിഗ്രഹാരാധന നടത്തിയിരുന്ന ഒരു സംസ്കാരത്തിൽ നിന്നാണ് വന്നത്, അബ്രഹാമിന്റെ പിൻഗാമികളിൽ നിന്ന് വ്യത്യസ്തമായ ആചാരങ്ങൾ അനുസരിച്ചാണ് അവൾ ജീവിച്ചത്. അവളുടെ കുടുംബം സമ്പന്നമോ സ്വാധീനമുള്ളതോ ആയിരുന്നിരിക്കാം, അത് ഏശാവ് അവളെ തിരഞ്ഞെടുത്തതിന്റെ ഒരു കാരണമായിരിക്കാം.

ആദരണീയരായ കനാന്യ കുടുംബങ്ങളിൽ നിന്നുള്ള സ്ത്രീകളെ വിവാഹം കഴിച്ചാൽ തനിക്ക് ശക്തമായ ഒരു സാമൂഹിക സ്ഥാനം ലഭിക്കുമെന്ന് ഏശാവ് കരുതിയിരിക്കാം. എന്നിരുന്നാലും, ആത്മീയ അനുസരണത്തെക്കാൾ ലൗകിക ബഹുമതിയാണ് അവൻ വിലമതിക്കുന്നതെന്ന് ഈ തീരുമാനം തെളിയിച്ചു.

ബൈബിൾ വീണ്ടും ബാസ്മത്തിന്റെ വ്യക്തിജീവിതത്തെക്കുറിച്ച് ചുരുക്കം ചില വിവരങ്ങൾ മാത്രമേ നൽകുന്നുള്ളൂ, എന്നാൽ ഉല്പത്തി 26:35-ൽ അവളെ യെഹൂദിത്തുമായി ബന്ധിപ്പിക്കുന്നതിലൂടെ, രണ്ട് ഭാര്യമാർക്കും കുടുംബത്തിൽ

സമാനമായ സ്വാധീനം ഉണ്ടായിരുന്നുവെന്ന് വ്യക്തമാകും. ബാസ്മത്തിന്റെ പശ്ചാത്തലത്തിൽ അവർ അഭിമാനിക്കുകയും ആത്മവിശ്വാസം പുലർത്തുകയും ചെയ്തിരിക്കാം. ഒരുപക്ഷേ ഇസഹാക്കിന്റെ കുടുംബത്തിന്റെ വിശ്വാസ കേന്ദ്രീകൃത ജീവിതവുമായി പൊരുത്തപ്പെട്ട് തന്റെ വഴികൾ മാറ്റാൻ അവൾ തയ്യാറായിരുന്നില്ലായിരിക്കാം.

ആത്മീയ മൂല്യങ്ങളെക്കാൾ ലൗകിക വിജയത്തെക്കുറിച്ച് കൂടുതൽ ചിന്തിക്കാൻ അവൾ ഏശാവിനെ സ്വാധീനിച്ചിരിക്കാം. ഈ രീതിയിൽ, ബാസ്മത്തിന്റെ സ്വഭാവം ലൗകിക ആകർഷണത്തെയും സാംസ്കാരിക അഭിമാന ഗുണങ്ങളെയും പ്രതിഫലിപ്പിക്കുന്നു, അവ ആദ്യം ആകർഷകമായി തോന്നിയേക്കാം, പക്ഷേ വിശ്വാസത്തിൽ നിന്നും കുടുംബ ഐക്യത്തിൽ നിന്നും ആളുകളെ അകറ്റുമ്പോൾ അവ ദോഷകരമായി മാറിയേക്കാം.

ബാസമത്തിന്റെയും യെഹൂദിത്തിന്റെയും സാന്നിധ്യം യിസ്ഹാക്കിനും റിബേക്കയ്ക്കും കുടുംബജീവിതം ദുഷ്കരമാക്കി. ഉല്പത്തി 26:35-ൽ പരാമർശിച്ചിരിക്കുന്ന ദുഃഖം വൈകാരികം മാത്രമായിരുന്നില്ല - ഈ വിവാഹങ്ങൾക്ക് ആത്മീയ പരിണതഫലങ്ങൾ ഉണ്ടായിരുന്നുവെന്ന് അത് കാണിച്ചു. 'ഈ ഹിത്യസ്ത്രീകൾ നിമിത്തം എന്റെ ജീവൻ എനിക്ക് അസഹ്യമായിരിക്കുന്നു.' എന്ന് റിബേക്ക പിന്നീട് ഉല്പത്തി 27:46-ൽ പറഞ്ഞു. ഏശാവിന്റെ ഭാര്യമാരുടെ പെരുമാറ്റം കുടുംബത്തിന്റെ സമാധാനത്തെ എത്രത്തോളം ആഴത്തിൽ ബാധിച്ചുവെന്ന് ഈ പ്രസ്താവന കാണിക്കുന്നു.

ഇതിൽ നിന്ന്, ബാസമത്തിന്റെ സ്വാധീനം, ഒരുപക്ഷേ മനഃപൂർവമല്ലെങ്കിലും, ഭിന്നതയും ദുഃഖവും സൃഷ്ടിച്ചുവെന്ന് നമുക്ക് മനസ്സിലാകും. കുടുംബ ഐക്യം പങ്കിട്ട വിശ്വാസത്തെയും ബഹുമാനത്തെയും ആശ്രയിച്ചിരിക്കുന്നുവെന്ന് അവരുടെ ഉദാഹരണം നമ്മെ ഓർമ്മിപ്പിക്കുന്നു.

3. ഏശാവിന്റെ ഭാര്യമാരിൽ നിന്നുള്ള പാഠങ്ങൾ

നമ്മൾ എടുക്കുന്ന ഓരോ തീരുമാനവും ഏതെങ്കിലും വിധത്തിൽ നമ്മുടെ ഭാവിയെ രൂപപ്പെടുത്തുന്നു. ചില തിരഞ്ഞെടുപ്പുകൾ സമാധാനവും അനുഗ്രഹങ്ങളും നൽകുന്നു, മറ്റു ചിലത് ദുഃഖവും വേദനയും നൽകുന്നു. ഈ പരമ സത്യത്തിന്റെ വ്യക്തമായ ഉദാഹരണമാണ് ഏശാവിന്റെ ജീവിതം. ഹിത്യ ഗോത്രത്തിൽ നിന്നുള്ള സ്ത്രീകളെ വിവാഹം കഴിക്കാൻ അദ്ദേഹം തീരുമാനിച്ചപ്പോൾ, തന്റെ തീരുമാനം തന്റെ കുടുംബത്തെയോ ആത്മീയ ജീവിതത്തെയോ എങ്ങനെ ബാധിക്കുമെന്ന് അദ്ദേഹം ചിന്തിച്ചില്ല. ജ്ഞാനത്തേക്കാളും വിശ്വാസത്തെക്കാളും വ്യക്തിപരമായ ആഗ്രഹത്തിന്റെ അടിസ്ഥാനത്തിലാണ് അദ്ദേഹം പ്രവർത്തിച്ചത്.

ഏശാവിന്റെ ഭാര്യമാർ സത്യദൈവത്തെ ആരാധിക്കാത്ത ഒരു ജനതയിൽ നിന്നുള്ളവരായതിനാൽ അവന്റെ മാതാപിതാക്കളായ യിസ്ഹാക്കും റിബേക്കയും വളരെയധികം ദുഃഖിച്ചു. അവരുടെ ആചാരങ്ങളും വിശ്വാസങ്ങളും വളരെ വ്യത്യസ്തമായിരുന്നു, ഇത് കുടുംബത്തിൽ പിരിമുറുക്കം സൃഷ്ടിച്ചു. വ്യക്തിപരമായ ഒരു തിരഞ്ഞെടുപ്പായി ആരംഭിച്ചത് താമസിയാതെ അവരുടെ വീട്ടിൽ ദുഃഖത്തിന്റെയും ഭിന്നതയുടെയും ഉറവിടമായി മാറി.

ഏശാവിൽ നിന്ന് നമ്മൾ പഠിക്കുന്ന പാഠം ഇന്നും പ്രസക്തമാണ്. വിവാഹം, സൗഹൃദം അല്ലെങ്കിൽ വിശ്വാസം പോലുള്ള പ്രധാനപ്പെട്ട കാര്യങ്ങളിൽ നമ്മുടെ തിരഞ്ഞെടുപ്പുകൾ തിടുക്കത്തിലോ പ്രാർത്ഥനയില്ലാതെയോ എടുക്കരുത്. ജ്ഞാനികളും ദൈവഭക്തരുമായ ആളുകളുടെ ഉപദേശം തേടുന്നത് ദീർഘകാല വേദനയിലേക്ക് നയിക്കുന്ന തെറ്റുകൾ ഒഴിവാക്കാൻ നമ്മെ സഹായിക്കും. ഓരോ തീരുമാനത്തിനും ഒരു തരംഗപ്രഭാവമുണ്ട്, അത് നമ്മുടെ സ്വന്തം ജീവിതത്തെ മാത്രമല്ല, നമ്മൾ സ്നേഹിക്കുന്നവരുടെയും നമ്മുടെ പിൻഗാമികളുടെയും ജീവിതത്തെ സ്പർശിക്കുന്നു.

സാംസ്കാരിക ആകർഷണത്തേക്കാൾ പ്രധാനമാണ് ആത്മീയ മൂല്യങ്ങൾ. ഒരു വ്യക്തി തന്റെ ഹൃദയത്തിൽ വിശ്വസിക്കുകയും വിലമതിക്കുകയും ചെയ്യുന്നത് അവർ എങ്ങനെ കാണപ്പെടുന്നു, എത്ര സമ്പന്നരാണ്, അല്ലെങ്കിൽ സമൂഹത്തിൽ അവർ എന്ത് സ്ഥാനം വഹിക്കുന്നു എന്നതിനേക്കാൾ പ്രധാനമാണ്. യഥാർത്ഥ സൗന്ദര്യം ഉള്ളിൽ നിന്നാണ് വരുന്നത്, ദൈവത്തെ സ്നേഹിക്കുകയും അവന്റെ തത്ത്വങ്ങൾക്കനുസൃതമായി ജീവിക്കുകയും ചെയ്യുന്ന ഒരു ഹൃദയത്തിൽ നിന്നാണ്. ഏശാവിന്റെ ഭാര്യമാരായ യെഹൂദിത്തും ബാസമത്തും ഹിത്യരുടെ ഇടയിൽ ആകർഷകരും ജനപ്രിയരും ബഹുമാന്യരുമായിരിക്കാം, പക്ഷേ ഏക സത്യദൈവത്തിലുള്ള ഏശാവിന്റെ കുടുംബത്തിന്റെ വിശ്വാസം അവർ പങ്കിട്ടില്ല. ഇക്കാരണത്താൽ, അവരുടെ വിവാഹം കുടുംബത്തിൽ ആത്മീയ സംഘർഷവും തെറ്റിദ്ധാരണയും അസന്തുഷ്ടിയും കൊണ്ടുവന്നു.

സൗന്ദര്യം, പണം, പ്രശസ്തി തുടങ്ങിയ ബാഹ്യ കാര്യങ്ങളിൽ മാത്രം കെട്ടിപ്പടുത്ത ബന്ധങ്ങൾ നിലനിൽക്കില്ലെന്ന് അവരുടെ ജീവിതം നമ്മെ ഓർമ്മിപ്പിക്കുന്നു. ഈ കാര്യങ്ങൾ കുറച്ചു കാലത്തേക്ക് ആകർഷകമായി തോന്നിയേക്കാം, പക്ഷേ അവയ്ക്ക് യഥാർത്ഥ സമാധാനമോ സന്തോഷമോ നൽകാൻ കഴിയില്ല. ആളുകൾ വിവാഹം കഴിക്കുമ്പോഴോ അടുത്ത സൗഹൃദങ്ങൾ സ്ഥാപിക്കുമ്പോഴോ, ഒരേ വിശ്വാസവും ധാർമ്മിക മൂല്യങ്ങളും പങ്കിടുന്നത് വളരെ പ്രധാനമാണ്. പൊതുവായ ആത്മീയ വിശ്വാസങ്ങൾ ദമ്പതികളെ പരസ്പരം പിന്തുണയ്ക്കാനും ഒരുമിച്ച് വെല്ലുവിളികളെ നേരിടാനും അവരുടെ കുടുംബങ്ങളെ ഐക്യത്തിൽ വളർത്താനും സഹായിക്കുന്നു.

ഇതിനു വിപരീതമായി, രണ്ടുപേർ വ്യത്യസ്ത ആത്മീയ പാതകൾ പിന്തുടരുമ്പോൾ, അഭിപ്രായവ്യത്യാസങ്ങളും ആശയക്കുഴപ്പങ്ങളും പലപ്പോഴും ഉണ്ടാകാറുണ്ട്. അതിനാൽ, ശാരീരിക ആകർഷണത്തിനോ സാമൂഹിക പദവിക്കോ ഒരിക്കലും കഴിയാത്തതിനേക്കാൾ, നിലനിൽക്കുന്ന സ്നേഹം, സമാധാനം, സന്തോഷം എന്നിവയ്ക്ക് ആത്മീയ ഐക്യം ശക്തമായ അടിത്തറ സൃഷ്ടിക്കുന്നു. ഏശാവിന്റെ ജീവിതത്തിൽ നിന്നുള്ള ഈ പാഠം, ബാഹ്യരൂപങ്ങളെക്കാൾ വിശ്വാസം, സ്വഭാവം, ആന്തരിക നന്മ എന്നിവയെ അടിസ്ഥാനമാക്കിയുള്ള ബന്ധങ്ങൾ തിരഞ്ഞെടുക്കാൻ നമ്മെ പ്രോത്സാഹിപ്പിക്കുന്നു.

കുടുംബ സമാധാനത്തിന്റെ താക്കോലാണ് ബഹുമാനവും ധാരണയും. ഏതൊരു കുടുംബത്തിന്റെയും ഐക്യം പരസ്പര ബഹുമാനം, ക്ഷമ, പരസ്പരം മനസ്സിലാക്കാനുള്ള ആത്മാർത്ഥമായ ശ്രമം എന്നിവയിലാണ് കെട്ടിപ്പടുക്കുന്നത്. കുടുംബാംഗങ്ങൾ പരസ്പരം അഭിപ്രായങ്ങൾ ശ്രദ്ധിക്കുകയും വിലമതിക്കുകയും പരസ്പരം വിശ്വാസങ്ങളിൽ കരുതൽ കാണിക്കുകയും ചെയ്യുമ്പോൾ, സ്നേഹം കൂടുതൽ ശക്തമാകുന്നു. ഏശാവിന്റെ ഭാര്യമാരുടെ ജീവിതത്തിൽ, യെഹൂദിത്തും ബാസമത്തും ഇസഹാക്കിനെയും റിബേക്കയെയും പോലെ ഒരേ വിശ്വാസമോ ആചാരങ്ങളോ പങ്കിട്ടില്ല. അവർ തങ്ങളുടെ ഭർത്താവിന്റെ മാതാപിതാക്കളുടെ വിശ്വാസങ്ങളെ ബഹുമാനിക്കുകയും അവരിൽ നിന്ന് പഠിക്കാൻ ശ്രമിക്കുകയും ചെയ്തിരുന്നെങ്കിൽ, കുടുംബത്തിൽ സമാധാനവും ഐക്യവും ഉണ്ടാകുമായിരുന്നു. പകരം, അവരുടെ ബഹുമാനക്കുറവ് തെറ്റിദ്ധാരണകളിലേക്കും നീരസത്തിലേക്കും വൈകാരിക അകലത്തിലേക്കും നയിച്ചു.

നമുക്ക് പഠിക്കാൻ കഴിയുന്ന പാഠം, ഓരോ കുടുംബവും, അതിലെ അംഗങ്ങൾ എത്ര വ്യത്യസ്തരാണെങ്കിലും, മനസ്സിലാക്കലിലൂടെയും ദയയിലൂടെയും അഭിവൃദ്ധി പ്രാപിക്കുന്നു എന്നതാണ്. ആളുകൾ പരസ്പരം പാരമ്പര്യങ്ങളെയും മൂല്യങ്ങളെയും വികാരങ്ങളെയും വിലമതിക്കാൻ സമയമെടുക്കുമ്പോൾ, അവർ സ്നേഹത്തിന്റെയും വിശ്വാസത്തിന്റെയും ഒരു അന്തരീക്ഷം സൃഷ്ടിക്കുന്നു. മറുവശത്ത്, വ്യക്തികൾ മറ്റുള്ളവർ വിശ്വസിക്കുന്നതിനെ അവഗണിക്കുകയോ നിരസിക്കുകയോ ചെയ്യുമ്പോൾ, അത് സമാധാനത്തിന്റെ ബന്ധത്തെ തകർക്കുകയും വേദനിപ്പിക്കുകയും ചെയ്യുന്നു. അതുകൊണ്ട്, യഥാർത്ഥ കുടുംബ സന്തോഷം ഒരേപോലെയാകുന്നതിലൂടെയല്ല, മറിച്ച് സ്നേഹമുള്ള ഹൃദയത്തോടെ പരസ്പരം വ്യത്യാസങ്ങൾ അംഗീകരിക്കുകയും ബഹുമാനിക്കുകയും ചെയ്യുന്നതിലൂടെയാണ്.

മനുഷ്യന്റെ പദ്ധതികളേക്കാൾ വലുതാണ് ദൈവത്തിന്റെ പദ്ധതി. ആളുകൾ തെറ്റായ തീരുമാനങ്ങൾ എടുക്കുമ്പോഴോ ദൈവഹിതത്തിന് വിരുദ്ധമായി തോന്നുന്ന പ്രവൃത്തികൾ ചെയ്യുമ്പോഴോ പോലും, അവൻ എപ്പോഴും നിയന്ത്രണത്തിലാണ്. അവന്റെ ഉദ്ദേശ്യം പൂർത്തീകരിക്കപ്പെടുന്നത് തടയാൻ യാതൊന്നിനും കഴിയില്ല.

ഹിത്യ സ്ത്രീകളുമായുള്ള ഏശാവിന്റെ വിവാഹം അവന്റെ മാതാപിതാക്കളായ യിസ്ഹാക്കിനും റിബേക്കയ്ക്കും ദുഃഖം വരുത്തിവച്ചു. ഈ ബന്ധങ്ങൾ കുടുംബത്തിനുള്ളിൽ ഭിന്നതയ്ക്കും ആത്മീയ സംഘർഷത്തിനും കാരണമായി. എന്നിരുന്നാലും, ഏശാവിന്റെ തിരഞ്ഞെടുപ്പുകൾ വേദന സൃഷ്ടിച്ചെങ്കിലും, അവ ദൈവത്തിന്റെ പദ്ധതിയെ നശിപ്പിച്ചില്ല. ഏശാവിന്റെ സഹോദരനായ യാക്കോബിലൂടെ അബ്രഹാമുമായി ഉണ്ടാക്കിയ ഉടമ്പടി എന്ന തന്റെ വാഗ്ദാനം തുടരാൻ ദൈവം തീരുമാനിച്ചു. ദൈവത്തിന്റെ അനുഗ്രഹങ്ങൾ ലോകത്തിൽ എത്തിച്ചേർന്ന ഇസ്രായേലിലെ പന്ത്രണ്ട് ഗോത്രങ്ങളുടെ പിതാവായി യാക്കോബ് മാറി.

മനുഷ്യന്റെ തെറ്റുകൾക്ക് ദൈവത്തിന്റെ ഉദ്ദേശ്യത്തെ തടയാൻ കഴിയില്ലെന്ന് ഇത് കാണിക്കുന്നു. ആളുകൾ പരാജയപ്പെടാം, അനുസരണക്കേട് കാണിക്കാം,

അല്ലെങ്കിൽ വഴിതെറ്റിപ്പോയേക്കാം, പക്ഷേ ദൈവത്തിന് ആ സാഹചര്യങ്ങളെ വളർച്ചയ്ക്കും പഠനത്തിനുമുള്ള അവസരങ്ങളാക്കി മാറ്റാൻ കഴിയും. താഴ്മ, ക്ഷമ, ദൈവാശ്രയം എന്നിവ നമ്മെ പഠിപ്പിക്കാൻ അവന് നമ്മുടെ പരാജയങ്ങൾ ഉപയോഗിക്കാം.

അവസാനം, എത്ര തടസ്സങ്ങൾ ഉണ്ടായാലും ദൈവത്തിന്റെ പദ്ധതി എല്ലായ്പ്പോഴും വിജയിക്കും. അവന്റെ ജ്ഞാനം മനുഷ്യബുദ്ധിയെക്കാൾ ഉയർന്നതാണ്, നാം അവനിൽ വിശ്വാസം അർപ്പിക്കുമ്പോൾ വേദനാജനകമായ അനുഭവങ്ങൾ പോലും നന്മയിലേക്ക് നയിക്കുമെന്ന് അവന്റെ സ്നേഹം ഉറപ്പാക്കുന്നു.

ഏശാവിന്റെ ഹിത്യ ഭാര്യമാരായ യെഹൂദിത്തും ബാസമത്തും, നാം എടുക്കുന്ന ഓരോ തിരഞ്ഞെടുപ്പിനും അർത്ഥമുണ്ടെന്ന് നമ്മെ ഓർമ്മിപ്പിക്കുന്നു. ബൈബിൾ അവരെക്കുറിച്ച് കുറച്ച് വാക്യങ്ങൾ മാത്രമേ നൽകുന്നുള്ളൂവെങ്കിലും, അവരുടെ ജീവിതം വിശ്വാസത്തെയും കുടുംബത്തെയും ഉത്തരവാദിത്തത്തെയും കുറിച്ച് ഉച്ചത്തിൽ സംസാരിക്കുന്നു.

ആത്മീയ മൂല്യങ്ങളെ ആളുകൾ അവഗണിക്കുമ്പോൾ ഉണ്ടാകുന്ന വേദനയും വീട്ടിൽ വിശ്വാസം പങ്കിടാത്തപ്പോൾ നഷ്ടപ്പെടുന്ന സമാധാനവും അവരുടെ ജീവിതം കാണിക്കുന്നു. യെഹൂദിത്തും ബാസമത്തും ശക്തരും സ്വതന്ത്രരുമായ സ്ത്രീകളായിരിക്കാം, പക്ഷേ വിശ്വാസത്തിലും മനോഭാവത്തിലുമുള്ള അവരുടെ വ്യത്യാസങ്ങൾ അവരെ യിസ്ഹാക്കിനും റിബേക്കയ്ക്കും ദുഃഖത്തിന്റെ കാരണമാക്കി.

ജീവിതത്തിലും വിവാഹത്തിലും യഥാർത്ഥ ഐക്യം ഉണ്ടാകുന്നത് ആളുകൾ മറ്റെല്ലാറ്റിനുമുപരി ദൈവഹിതത്തെ വിലമതിക്കുമ്പോഴാണ് എന്ന് അവരുടെ മാതൃകയിലൂടെ നാം മനസ്സിലാക്കുന്നു. മാർഗനിർദേശം തേടാനും കുടുംബ മൂല്യങ്ങളെ ബഹുമാനിക്കാനും വിശ്വാസത്തെയും സ്നേഹത്തെയും ബഹുമാനിക്കുന്ന ബന്ധങ്ങൾ കെട്ടിപ്പടുക്കാനുമുള്ള ഒരു സൗമ്യമായ ഓർമ്മപ്പെടുത്തലായി അവരുടെ ജീവിതം നിലകൊള്ളുന്നു. ❑

പ. ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവാ കോട്ടയം മുട്ടമ്പലം ഗവൺമെന്റ് യു.പി. സ്കൂളിൽ വോട്ട് രേഖപ്പെടുത്തി. കോട്ടയം മുനിസിപ്പാലിറ്റി ദേവലോകം വാർഡിലെ വോട്ടർ പട്ടികയിൽ ഒന്നാം പേര് പരിശുദ്ധ കാതോലിക്കാ ബാവായുടേതാണ്.

33rd Meeting of the Joint International Commission for Dialogue between the Catholic Church and the Malankara Orthodox Church

The 33rd Meeting of the Joint International Commission for Dialogue between the Catholic Church and the Malankara Orthodox Syrian Church commenced at the Catholicate Aramana, Kottayam, on 9 December 2025. The Malankara Orthodox Syrian Church delegation included Dr. Yuhanon Mar Demetrios (Co-Chair), Dr. Yuhanon Mar Chrisostomos, Dr. Yakub Mar Irenaios, Dr. Yuhanon Mar Dioscoros, Geevarghese Mar Barnabas, Fr. Dr. Jose John, Fr. Dr. Mathew Varghese, and Fr. Dr. Koshy Vaidyan (Co-Secretary). The Catholic Church was represented by Mathew Moolakkatt, Dr. Thomas Koorilos, Dr. Selvister Ponnumuthan, Mar Joseph Kallarangatt, Fr. Dr. Augustine Kadeparambil, Fr. Dr. Philip Nelpuraparampil, Fr. Dr. Jacob Thekkepparampil, and Fr. Fr. Hyacinthe Destivelle (Co-Secretary). H.H. Baselios Marthoma Mathews III graciously met and blessed the delegation during the session.

പുസ്തകം



മലങ്കരസഭയുടെ ബാർ എബ്രായ പരിശുദ്ധ ബസേലിയോസ് ഔഗേൻ പ്രഥമൻ കാതോലിക്കാ ബാവായുടെ അമ്പതാം ചരമ വാർഷികത്തിൽ പരിശുദ്ധ പിതാവിന്റെ ദീപ്ത സ്മരണയിൽ എം.ഒ.സി. പബ്ലിക്കേഷൻസ് സാഹിതീ സരണി വിഭാഗം മലങ്കര സഭയ്ക്ക് സമർപ്പിക്കുന്ന 'പ. ഔഗേൻ ബാവ: മലങ്കരയുടെ ജ്ഞാനപർവ്വം' എന്ന പുസ്തകം അക്ഷരസ്നേഹിയായ പ. ബസ്സേലിയോസ് ഔഗേൻ പ്രഥമൻ കാതോലിക്കാ ബാവായുടെ ചരമ കനക ജൂബിലി പെരുന്നാളിൽ വി. കുർബാനയ്ക്ക് ശേഷം പരിശുദ്ധ ബസേലിയോസ് മാർത്തോമ മാത്യൂസ് ത്രിതീയൻ കാതോലിക്കാ ബാവാ, കുര്യാക്കോസ് മാർ ക്ലിമിസ് തിരുമനസ്സിന് നൽകി പ്രകാശന കർമ്മം നൽകി നിർവഹിച്ചു.

ശ്രീ. സക്കറിയ പെരുമ്പടവം എഡിറ്റിംഗ് നിർവഹിച്ച പുസ്തകത്തിൽ പ. ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് പ്രഥമൻ കാതോലിക്കാ, ഡോ. ഫിലീപ്പോസ് മാർ തെയോ ഫിലോസ് മെത്രാപ്പോലീത്താ, ഫാ. സി. എസ്സ്. സ്കറിയാ ചെമ്മങ്കുഴ, സഭാകവി സി. പി. ചാണ്ടി, ഇസഡ്. എം. പാറേട്ട്, ഡോ. സാമുവൽ ചന്ദനപ്പള്ളി, ഏബ്രഹാം സഖറിയാ ചെമ്പകമഠം, എം. വി. മാത്യൂ, ഫാ. ജോർജ്ജ് കളീക്കൽ തുടങ്ങിയവരുടെ രചനകൾ ഉൾപ്പെടുത്തിയിരിക്കുന്നു. സഭയുടെ എല്ലാം ങഛഞഇ ഔട്ട്ലെറ്റുകളിലും പുസ്തകം ലഭ്യമാണ്

Price: Rs. 180

കൊറിയറിൽ പുസ്തകം ആവശ്യമുള്ളവർ 9188940424 എന്നാൽ നമ്പറിൽ ബന്ധപ്പെടാവുന്നതാണ്.

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

വചനതീർത്ഥം

യോസഫിനുണ്ടായ വെളിപാട്

(വി. മത്തായി 1:18-25)

ഫാ. ബ്രിൻസ് അലക്സ് മാത്യൂസ്
(ഓർത്തഡോക്സ് സെമിനാരി, കോട്ടയം)

'മാതാവില്ലാതെ മഹനീയനായ പിതാവിൽ നിന്ന് ജനിക്കുകയും കാലത്തിക വിങ്കൽ ശാരീരിക പിതാവില്ലാതെ കന്യകയിൽ നിന്ന് ജനിക്കുകയും ചെയ്ത സ്വർഗ്ഗീയ കുഞ്ഞാടായ കർത്താവേ..." വി. കുർബ്ബാനയുടെ ഒരു സെദറ നമ്മുടെ കർത്താവിന്റെ മനുഷ്യാവതാരത്തെ അടയാളപ്പെടുത്തുന്നത് ഇപ്രകാരം ആണ്. നീതിമാനായ യോസഫ് കന്യക മറിയാമിന് വിവാഹം നിശ്ചയിക്കപ്പെട്ട ആളെന്ന നിലയിലും യേശുക്രിസ്തുവിന്റെ രക്ഷകർത്താവ് എന്ന നിലയിലും രക്ഷാ ചരിത്രത്തിൽ മിഴിവോടെ നിൽക്കുന്ന വ്യക്തിത്വം ആണ്. പഴയനിയമത്തിലെ യോസഫിനെ പോലെ ദർശനങ്ങളെ ജീവിതഗന്ധിയായ അനുഭവങ്ങളുടെ മുന്നാസ്വാദനമായി മനസ്സിലാക്കുവാൻ നീതിമാനായ യോസഫിനും കഴിഞ്ഞു.

യോസേഫിനെ കുറിച്ച് വി. വേദപുസ്തകത്തിൽ ഏറെ പരാമർശങ്ങളില്ല. യേശുവിന്റെ ബാല്യകാല വിവരണത്തിൽ അല്ലാതെ 4 പരാമർശങ്ങൾ മാത്രമേ യോസഫിനെ കുറിച്ച് സുവിശേഷം നൽകുന്നുള്ളൂ (ലൂക്കോസ് 3:23, 4:22; യോഹ. 1:45, 6:42). ഈ ഭാഗങ്ങളെല്ലാം യേശുവിനെ "യോസഫിന്റെ മകൻ" എന്ന് അഭിസംബോധന ചെയ്യുന്നതാണ്. തനിക്ക് ലഭിച്ച വെളിപ്പാടുകൾ പൂർണ്ണമായി ഉൾക്കൊണ്ട് തന്റെ മകനായി യേശുവിനെ വളർത്തിയ ഒരു പിതാവിന് ലഭിക്കുന്ന വലിയ അംഗീകാരമാണിത്.

നീതിയുടെ കൃത്യമായ വിതരണം നിർവഹിക്കുന്ന യോസഫ്

യോസഫിനെ വി. വേദപുസ്തകം അടയാളപ്പെടുത്തുന്ന ഏറ്റവും മനോഹരമായ വാക്കുകളിൽ ഒന്ന് നീതിമാൻ എന്നതാണ്. നീതി എന്ന വാക്ക് പല പ്പോഴും നിയമവുമായി ബന്ധപ്പെട്ടാണ് മനസ്സിലാക്കാറുള്ളത്. നിയമം നിറവേറ്റപ്പെട്ടു കിട്ടുക എന്നതിനുപരി നീതിക്ക് മറ്റൊരു നിർവ്വചനം നൽകുകയാണ് യോസഫ് ചെയ്യുന്നത്.

വിവാഹം നിശ്ചയിക്കപ്പെട്ട ഒരു പെൺകുട്ടിയെ ഗർഭവതിയായി കാണപ്പെട്ടാൽ അവളെ സ്വീകരിക്കേണ്ട ആവശ്യമില്ല എന്നതും അവൾ കല്ലെറിയപ്പെടണം എന്നതും അക്കാലത്തെ നിയമമാണ്. ഒരുപക്ഷേ അത് ജോസഫിന് അവകാശപ്പെട്ട നീതിയും ആണ്. എന്നാൽ മറിയാമിനെ വിവാഹം കഴിക്കുക എന്ന ബാധ്യതയിൽ ഉൾപ്പെടാതെ താൻ മാറുന്നു എന്നതിനൊപ്പം മറിയാമും സുരക്ഷിതയാവണം എന്നൊരു താൽപര്യമാണ് യോസഫ് പ്രകടിപ്പിക്കുന്നത്. തനിക്ക് ലഭിക്കുന്ന ആ നീതിയോടൊപ്പം തുല്യനീതി മറിയാമിനും അവകാശപ്പെട്ടതാണ് എന്ന് യോസഫ് തിരിച്ചറിയുന്നുണ്ട്.

മറിയാമിന് ലോകാപവാദം വരുത്തുവാൻ മനസ്സില്ലാത്തതിനാൽ അവളെ രഹസ്യമായി ഉപേക്ഷിക്കുവാൻ തീരുമാനിച്ചു എന്നാണ് വേദഭാഗം പറയുന്നത്. താൻ കാരണമാണ് ഈ വിവാഹബന്ധം വേർപിരിയുന്നതെന്ന് ലോകത്തോട് വിളിച്ചു പറയുവാനും മറിയാമിനെ അപവാദത്തിൽ നിന്ന് മാറ്റി നിർത്തുവാനുമുള്ള ജോസഫിനെ മനസ്സ് ഒരു ഉത്തമ നീതി നിർവഹണം നടത്തുന്ന ഒരുവന്റെ മനസ്സാണ്.

രണ്ട് വ്യക്തികൾ തമ്മിലുള്ള ബന്ധത്തിൽ തന്നോടൊപ്പം ഉള്ളവനോ ഉള്ളവൾക്കോ യുക്തിസഹമായി നൽകേണ്ടുന്നതൊക്കെ നൽകുന്നതാണ് ഒരു നീതിമാന്റെ അടയാളം. അത് സമയമോ സ്നേഹമോ ക്ഷമയോ കരുതലോ നല്ല വാക്കുകളോ അഭിനന്ദനങ്ങളോ ഒക്കെ ആകാം. നമ്മുടെ എല്ലാ ബന്ധങ്ങളിലും ഇപ്രകാരമുള്ള നീതിയുടെ സമമായ വിതരണം നടത്തുവാൻ നമുക്ക് കഴിയണം.

ആകുലതകളുടെ ദൈവീക പരിഹാരമാതൃക കണ്ടെത്തുന്ന യോസഫ്

കലങ്ങി മറിഞ്ഞ ഹൃദയമുള്ള യോസഫിൻറെ ചിത്രവുമായാണ് ഈ വേദഭാഗം ആരംഭിക്കുന്നത് സംഘർഷഭരിതമായ മനസ്സിൽ ഏറെ ചിന്തകൾ അലയടിക്കുന്നുണ്ട്. എന്നാൽ വേദഭാഗം അവസാനിക്കുമ്പോൾ അവൻ നിദ്രയിൽ നിന്ന് ഉണർന്ന് ദൂതൻ അവനോട് അറിയിച്ചത് പോലെ ചെയ്തു എന്നാണ് പറയുന്നത്. ആകുലതകളുടെയും അവയുടെ പരിഹാരത്തിന്റെയും മധ്യേ ഒരു ദൈവ പരിഹാര മാതൃക ജോസഫ് കണ്ടെത്തുകയാണ്.

നിലപാടുകളിൽ വ്യക്തതയില്ലാത്ത മനുഷ്യ ജീവിതങ്ങൾക്ക് മുൻപിൽ ജോസഫ് നിലപാടുകളുടെ രാജകുമാരൻ ആണ്. നിലപാടുകളുടെ വ്യക്തതയാണ് ഒരു മനുഷ്യനെ എല്ലാ അർത്ഥത്തിലും ശക്തൻ ആക്കുന്നത്.

ലോകപ്രകാരമുള്ള ഒരു പരിഹാരമാണ് ജോസഫ് അന്വേഷിക്കുന്നത്. അത് തന്റെ യുക്തിക്ക് ഏറ്റവും സ്വീകാര്യമായ ഒന്ന് ആകണമെന്ന നിർബന്ധത്തോടെ അദ്ദേഹം അന്വേഷിക്കുമ്പോൾ ആ പ്രശ്നങ്ങളുടെ പരിഹാരം ദൈവീക ബോധ്യത്തോടെ സാധ്യമാവുകയാണ്. ഭാര്യയെ ഉപേക്ഷിക്കണമെന്ന് തീരുമാനിച്ചിരുന്നവൻ അവളെ ചേർത്തുകൊള്ളുകയാണ്. അവളിൽ ഉല്പാദിതമായത് ദൈവീക പ്രജ എന്ന തിരിച്ചറിവിൽ മറിയാമിനെ കൂടുതൽ ബഹുമാനിക്കുകയാണ്. ഒരു പക്ഷേ യേശുവിനെ ദൈവപുത്രൻ എന്ന് മറിയാമിന് ശേഷം ആദ്യം മനസ്സിലാക്കിയ വ്യക്തി യൌസേഫാകും.

പരിഹരിക്കുവാൻ സാധിക്കാത്ത ആകുലതകളുടെ മുൻപിൽ പതറി നിൽക്കുന്ന ഏറെ മനുഷ്യജീവിതങ്ങൾക്ക് യോസഫ് ഒരു മാതൃകയാണ്. സ്വന്തം യുക്തികൊണ്ട് താൽക്കാലിക തീർപ്പ് മാത്രമേ ഉണ്ടാകുന്നുള്ളൂ എന്ന് ഈ സംഭവം അടിവരയിടുന്നുണ്ട്. പ്രശ്നങ്ങളെ ദൈവിക മാതൃകയിൽ പരിഹരിക്കുവാനുള്ള പരിശ്രമത്തിലേക്കാണ് ജോസഫ് വിരൽ ചൂണ്ടുന്നത്.

നിലപാടുകളിൽ വ്യക്തതയുള്ള യോസഫ്

ഗർഭിണിയായ മറിയാമിനെ സ്വീകരിക്കുക എന്നാൽ ജോസഫ് ഒരുപാട് ചോദ്യങ്ങൾക്ക് ഉത്തരം നൽകുവാൻ ബാധ്യസ്ഥൻ ആകുക എന്നുകൂടിയാണ് അർത്ഥം. യഹൂദ നിയമപ്രകാരം ഒരു പുരുഷന് തന്റെ ആത്മാഭിമാനം നഷ്ടപ്പെടുത്തുന്നതിന് തുല്യമായ ഒന്നിനാണ് ജോസഫ് തയ്യാറാകുന്നത്.

മറിയാമിനെ സ്വീകരിക്കുകയും തുടർന്ന് വിശുദ്ധ ലൂക്കോസിന്റെ സുവിശേഷം അനുസരിച്ച് അവളോടൊപ്പം ബേതലഹേമിലേക്ക് യാത്രയാവുകയും പൈതൽ ജനിച്ചതിനു ശേഷവും ധാരാളം യാത്രകൾ നടത്തുകയും ഒക്കെ ചെയ്യുന്ന യോസഫിനെ സുവിശേഷം വരച്ചു കാട്ടുന്നുണ്ട്. ഇതിന് ജോസഫിന് പ്രാപ്തനാക്കുന്നത് അദ്ദേഹത്തിൻറെ നിലപാടുകളിലുള്ള ഉറപ്പാണ്. ദൈവീകമായി തനിക്ക് കിട്ടിയ ഉത്തരത്തെ ഹൃദയത്തോട് ചേർത്തു പിടിക്കുവാൻ താൻ ആരെയും ഭയപ്പെടേണ്ട കാര്യമില്ല എന്ന് ഉറച്ച നിലപാടും വിശ്വാസ സ്ഥൈര്യവും ജോസേഫിനെ വ്യത്യസ്തനാക്കുകയാണ്. മറിയാമിനെ ചേർത്തുകൊള്ളുവാൻ ജോസഫ് കാട്ടുന്ന നിശ്ചയദാർഢ്യം ചെറുതല്ല. തന്റെ ഉറച്ച നിലപാടുകളിലൂടെ മൂന്നു കാര്യങ്ങൾക്കാണ് ജോസഫ് കാവലാളാകുന്നത്. 1. ദൈവീക നിയോഗങ്ങളുടെ 2. മറിയാമെന്ന തിരസ്കരിക്കപ്പെട്ടവളുടെ 3. മനുഷ്യാവതാരം ചെയ്ത മിശിഹായുടെ ബാല്യകാലത്തിന്റെ.

നിലപാടുകളിൽ വ്യക്തതയില്ലാത്ത മനുഷ്യ ജീവിതങ്ങൾക്ക് മുൻപിൽ ജോസഫ് നിലപാടുകളുടെ രാജകുമാരൻ ആണ്. നിലപാടുകളുടെ വ്യക്തതയാണ് ഒരു മനുഷ്യനെ എല്ലാ അർത്ഥത്തിലും ശക്തൻ ആക്കുന്നത്. ❑

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

Church Calendar

The Righteous Joseph

Revelation to Joseph (Matthew 1:18–25)



Philipose Ramban
(Jyothis Ashram, Abu Road, Rajasthan)

In the New Testament of the Holy Bible, when describing the birth of Jesus Christ, St. Matthew gives more prominence to the annunciation to St. Joseph, while St. Luke gives more prominence to that of the Holy Virgin Mary. In Luke 1:31 it is said to the Holy Virgin Mary, "You will conceive and give birth to a son, and you are to call him Jesus," and to Joseph, it says in Matthew 1:25, "he did not consummate their marriage until she gave birth to a son. He was to give the son the name Jesus."

St. Joseph is an important figure in the events connected with the birth of our Lord. Although there are not many details about St. Joseph in the Holy Bible, we see him, betrothed to Mary, as the protector of the Holy Family in Bethlehem, in Egypt, and subsequently in Nazareth. Later, we also understand Joseph's presence at the time of the Lord Jesus' presentation in the temple. Joseph does not appear in any event after this. Through the rare opportunities he received, Joseph was able to leave a distinct mark on the hearts of the people.

The Church Father, St. Augustine, says, "Mary accepted Joseph to be a witness to her virginity and to protect the divine child." The Fathers also call Joseph the 'Protector of Jesus,' the 'Protector of Divine Mysteries,' and the 'Guardian.' When we examine the life of Joseph, we can primarily attribute three characteristics to him.

Joseph the Righteous

Joseph was a righteous man. He honored the law of Jehovah and lived according to it. Others like him were Zechariah the priest and his wife Elizabeth (Luke 1:6), Simeon (Luke 2:25), and Anna the prophetess (Luke 2:37). Joseph was Jesus' legal father and protector. His righteous character is made clear by his attitude and behavior towards his wife when she was found to be pregnant outside of marriage.

He had two paths before him: Bring Mary before the Sanhedrin council, expose her, and have her punished (Deuteronomy 22:23). The punishment was to be stoned to death. Because Joseph was a righteous man, he was unwilling to have a young girl stoned to death.

The second path was to give Mary a certificate of divorce secretly and send her away. Joseph decided to take this second course of action.

Once a betrothal took place, a formal divorce was required to dissolve it. It was the custom of the day for the man and woman to live together after the betrothal and be called husband and wife. This is why Mary is called Joseph's wife and he her husband in the Gospels. Just as Jacob lived in Laban's house after his betrothal, Mary and Joseph also lived together. The Old Testament custom was for a betrothed couple to live together for a period of up to three years before the marriage was formalized.

It was during this time, while Mary was living in Joseph's house, that she became pregnant. It was then that Joseph thought of dismissing her secretly.

It was in this situation, as he was thinking and distressed, that the angel of the Lord appeared to him and announced, "Joseph son of David, do not be afraid to take Mary home as your wife, because what is conceived in her is from the Holy Spirit." This means: do not be afraid because the virgin who lives with you as your wife is pregnant without a man's involvement. Her pregnancy is from the Holy Spirit.

How could Joseph have understood this? Being familiar with the Old Testament traditions, he knew about the workings of the Holy Spirit. Since it was explicitly stated that it was by the Holy Spirit, there was no room for doubt about the origin of the pregnancy. Joseph knew of the God who created the first humans, Adam and Eve, without marital union; who made a dry staff sprout; who brought forth water from a rock; and who provided a ram from a thicket.

At the creation of the universe, the Spirit moved over the waters and made creation possible. He held the hope that the Holy Spirit would also work in the re-creation of the universe and humanity. Joseph understood that this same Divine Spirit had worked in the conception within Mary. Therefore, the pregnancy in Mary was not of human origin; it was from the Holy Spirit. This meant Mary was blameless.

The Obedient Joseph

"She will give birth to a son, and you are to give him the name Jesus, because he will save his people from their sins" (St. Matthew 1:21). When Joseph woke up, he did what the angel of the Lord had commanded him and took Mary home as his wife. But he did not consummate their marriage until she gave birth to a son. And he gave him the name Jesus (St. Matthew 1:24-25). Although it was a matter that was very difficult to believe and obey, when the angel's announcement came, Joseph immediately and completely believed it and prepared to act accordingly. The obedient character of St. Joseph is exemplary.

In the dream, the angel addresses Joseph not by his father's name but as "Joseph, son of David." This was to remind him of the promise made to David regarding the Messiah. The angel also comforts Joseph, who was afraid to send Mary away, by saying, "Do not be afraid," and firmly convinces him that the cause of the pregnancy is not human but from the Holy Spirit, and therefore, Mary is blameless.

Perhaps Joseph was greatly distressed in his mind. Knowing the details of what had happened a short time before, Elizabeth's conception and the punishment Zechariah received for not believing it, he may have thought that this too could be a divine miracle. If so, he might have felt unworthy even to approach her. At the same time, he knew it would be cruel to abandon her, subjecting her to public scandal and even death. Driven by these various conflicting emotions, he finally decided to "send her away secretly."

However, after God revealed the secret of Mary's conception to him, he completely submitted to God's will, obeyed God's words fully, took Mary as his wife, and became the protector of the child Jesus.

In our own lives, too, there may be many occasions where misunderstandings lead us to make wrong decisions. In these situations, if we can understand what God wishes to tell us and are able to make decisions with complete obedience, submitting to His will, many of the problems in our lives will find a solution. Therefore, may we be able to cultivate the habit of obedience in our lives

Joseph, Who Overcame Crises with Calmness

A great crisis arises in Joseph's life. What now? What decision should he make? Should he accept her or leave her? "Before they came together, she was found to be pregnant through the Holy Spirit. Because her husband Joseph was a righteous man and did not want to expose her to public disgrace, he had in mind to divorce her quietly" (Matthew 1:19). Here, he decides to dismiss her secretly, without any great commotion. We know the punishment for a woman pregnant by another man.

However, without isolating or blaming the virgin Mary, he calmly sat in silence and asked for God's counsel. He then made decisions according to that counsel. That is why God chose Joseph to be a witness to the virginity of the Mother of our Lord and to protect the divine child. Joseph was able to fulfil the responsibility God entrusted to him with great faithfulness.

In today's modern world, amidst the hustle of human life, are we able to face life's crises by sitting for a short while in calm silence? Our ancestors were people who had tasted the sweetness of this silence. May we be able to face the crises of life with calmness and maturity, just like Father Joseph! May the prayer of Joseph be our guard and fortress.

❑

രാജ്യത്തിന്റെ ഓപ്പറേഷൻ സിന്ദൂറിനായി ആന്റി-ജാമിംഗ് ഡ്രോൺ സംവിധാനം നിർമ്മിച്ചതിന് മാവുങ്കൽ ലിബിൻ ജോൺ ആർമി ജനറലിൽ നിന്ന് അഭിനന്ദനം ലഭിച്ചു. ഈ സംവിധാനം ശത്രുരാജ്യത്തു വലിയ തടസ്സങ്ങൾ സൃഷ്ടിക്കുകയും ഓപ്പറേഷൻ വിജയത്തിൽ പ്രധാന പങ്ക് വഹിക്കുകയും ചെയ്തിരുന്നു. ലിബിൻ ജോൺ മലബാർ ഭദ്രാസനത്തിൽ നെല്ലിപ്പൊയിൽ സെന്റ് തോമസ് ഓർത്തഡോക്സ് ഇടവകാംഗമാണ്.

പ്രൊഫ. ജിജി പി. ജോണിന് ഡോക്ടറേറ്റ്

ഇന്ത്യയിലെയും വിദേശത്തെയും നഴ്സുമാർക്കിടയിലെ തൊഴിൽ സംതൃപ്തിയെ സംബന്ധിച്ചുള്ള പരസ്പര ബന്ധിത പഠനത്തിൽ പിഎച്ച്ഡി നേടിയ പ്രൊഫ. ജിജി പി. ജോൺ. ശ്രീഗോകുലം ഹെൽത്ത് കെയർ ഗ്രൂപ്പിൽ പ്രൊഫസർ ആയി സേവനം അനുഷ്ഠിക്കുന്നു. ഗവൺമെന്റ് അസിസ്റ്റന്റ് ഡയറക്ടർ (AHD, കോഴഞ്ചേരി) ഡോ. രാജു മാത്യു ഭർത്താവാണ്. തിരുവനന്തപുരം VSSC ഓഫീസർ ആയിരുന്ന എം. യോഹന്നാന്റെയും ഹെഡ്മിസ്ട്രെസ് ആയിരുന്ന മറിയകുട്ടി യോഹന്നാന്റെയും മകളാണ്. പാളയം സെന്റ് ജോർജ് ഓർത്തഡോക്സ് കത്തീഡ്രൽ ഇടവക അംഗവും സൺഡേ സ്കൂൾ അധ്യാപികയുമാണ്.

Dr. Yuhanon Mar Diascoros at Prerana Special School, An initiative of STOTS, Nagpur.

മറുപുറം

പിറവിയിലെ പെൺകരുത്ത്

ഫാ. അജീഷ് ബാബു

In the birth of the Son of God, womanhood unveils its quiet yet radiant strength.

ആരും തുണയില്ലാത്ത ആ തോന്നൽ, അവളുടെ ഉള്ളിലെ വലിയൊരു ശക്തിയായി മാറും.

തന്റെ കണ്ണീരു തുടയ്ക്കാൻ മറ്റൊരാൾ വരില്ലെന്ന തിരിച്ചറിവിൽ, അവൾ സ്വന്തം കൈകൾ കൊണ്ട് തന്നെ തന്റെ ജീവിതം തുന്നിച്ചേർക്കാൻ പഠിക്കുന്നു. പുരുഷ സ്പർശം ശരീരത്തിൽ അനുഭവിക്കാതെ ഒരു കുഞ്ഞിന് ജന്മം നൽകുവാൻ ചരിത്രത്തിൽ സ്ത്രീ എടുക്കുന്ന തന്റേടം പുരുഷന്റെ സ്ത്രീ ശരീരത്തിന്റെ മേലുള്ള എല്ലാ അധികാര ഘടനകളെയും വെല്ലുവിളിക്കുന്നതാണ്. അതാണ് മറിയം ഏറ്റെടുക്കുന്നത്. അങ്ങനെ ജൂത മതത്തിന്റെ പുരുഷകേന്ദ്രീകൃതമായ അധികാരഘടനകളെ അവൾ സ്വയം ചേർത്തു തോൽപ്പിക്കുന്നു. തനിക്കുണ്ടാകുന്ന ദൈവിക ദർശനത്തിലൂടെ.

അവളിൽ ദൈവം.

സമർപ്പണത്തിന്റെ നൂലുകളാൽ നെയ്ത ഓർമ്മകളിൽ അലിഞ്ഞുചേരുന്ന ഒരു മൗനശബ്ദമാണ് മറിയം. ദൈവം തന്റെ പ്രണയത്തെ ഒരു മാലാഖയുടെ ചിറകുകളിൽ കെട്ടിപ്പിടിച്ച് അവളുടെ അരികിലേക്ക് ഇറങ്ങിവന്നപ്പോൾ, ലോകം മുഴുവൻ കാണാതെ പോകുന്ന ഒരു ശാന്തനിശയുടെ ഉദയാസമയമായിരുന്നു അത്. അവൾ ഒറ്റയ്ക്ക്. പക്ഷേ, ആ ഏകാന്തതയുടെ പാളികളിൽ അസാധാരണമായ ഒരു ദൈവികതയുടെ സ്നേഹം കവിഞ്ഞൊഴുകി. ജീവിതത്തിൽ ഏറ്റെടുക്കാൻ കഴിയാത്ത കുറ്റഭാരങ്ങളായി തോന്നുന്ന വേദനകളെ പോലും ദൈവം അവളുടെ കൈകളിലേക്ക് വച്ചുകൊടുത്തപ്പോൾ അവളുടെ ഒറ്റപ്പെടൽ തന്നെയാണ് അവളെ ഏറ്റവും ശക്തിയായി തീർത്തത്.

പരമ്പരാഗത ഘടനകളിൽ ഒരു സ്ത്രീയുടെ ജീവിതം, എത്രയോ രാത്രികളിൽ ഒച്ചവെച്ച് കരഞ്ഞാലും, ആ കരച്ചിലിന്റെ നടുക്കം ഭിത്തികൾക്കിടയിലൂടെ ചെരിഞ്ഞിറങ്ങി വിള്ളുന്ന നിശ്ശബ്ദതയിൽ വീണ്ടുമൊരു തരംഗമായി മടങ്ങിയെത്തും. ശബ്ദം തിരിച്ചു തരുന്ന ഈ ലോകം, അവളെ പിടിച്ചുയർത്താൻ കൈ നീട്ടാത്ത ലോകം. അവളുടെ ഹൃദയത്തിനൊപ്പമുള്ള ഏക കൂട്ടുകാരനായി ഒരു ഭീകരമായ ശൂന്യതയെ മാത്രം അവശേഷിപ്പിക്കുന്നു. ആ ശൂന്യതക്ക് രൂപം ഇല്ല; അതിന് മുഖവുമില്ല, ആശ്വാസവുമില്ല. അതൊരു തണുത്തറവായിരുന്നു.

അവളുടെ ശ്വാസത്തെ മുട്ടിച്ചുവെക്കുന്ന, തന്റേതായ ഹൃദയമിടിപ്പുകളെ പോലും അനാഥമായ ശബ്ദംപോലെ തോന്നിപ്പിക്കുന്ന ആഴമുള്ള ഒരു അന്ധകാരം. എങ്കിലും, ആ ഇരുട്ടിൽ തന്നെയാണ് കാലുകൾ വിറച്ച് വീണുകിടക്കുന്ന സ്ത്രീ വീണ്ടും മെല്ലെ എഴുന്നേൽക്കാൻ പഠിക്കുന്നത്. ആരും ചോദിച്ചറയാത്ത വേദനകൾ ഒരിക്കലും പരാജയപ്പെടാത്ത ഒരു അഗ്നിയായി അവളുടെ ഉള്ളിൽ നിശ്ശബ്ദമായി തെളിയുന്നു.

ദുഃഖം പൂത്തുലഞ്ഞു കത്തുന്ന ആ നിമിഷങ്ങളിൽ, അവൾ ഒരു മഹാനദിപോലെ മാറുന്നു: ആദ്യം തളരുന്നുവെങ്കിലും, ഒരിക്കൽ പാഞ്ഞൊഴുകാൻ തുടങ്ങുമ്പോൾ തടസ്സങ്ങൾക്കുമീതെ വഴിയൊരുക്കുന്ന ഒരു ശക്തിയായി. "എന്റെ കണ്ണീർ തുടയ്ക്കാൻ മറ്റാരും വരില്ല," എന്ന തിരിച്ചറിവ് ആദ്യം ഹൃദയം തകർക്കും. പക്ഷേ പിന്നീട്, അതേ തിരിച്ചറിവ് തന്നെയാണ് അവൾക്ക് പുതിയൊരു ജീവിതം പണിയാൻ ആഴത്തിലുള്ള ധൈര്യമായി വളരുന്നത്. അവൾ പിന്നെ സാവധാനം സ്വന്തം ഹൃദയത്തിന്റെ ചിതറിച്ചുകിടക്കുന്ന ചുരുകൾ ഒന്നൊന്നായി കൂട്ടിച്ചേർക്കാൻ തുടങ്ങി, ഒരു ചിത്രശലഭം പോലെ വേദനയെ നൂലാക്കി ജീവിതം തുന്നിത്തുടങ്ങി.

പുറംലോകം ഒരിക്കലും കേൾക്കാത്ത തീവ്രമായ ഒരു നിശ്ശബ്ദതയുണ്ട്. അവൾ ആ നിശ്ശബ്ദതയിൽ ഇരുന്നു തന്റെ തന്നെ അന്ധകാരണത്തെ കേൾക്കുന്നു; അതിന്റെ ചെരിവുകളിൽ നിന്നാണ് അവൾ തന്റെ അതിജീവനത്തിന്റെ ആദ്യ രേഖ വരയ്ക്കുന്നത്. ആ രേഖ ഒടുവിൽ ഒരു മരുഭൂമിയിൽ പൂക്കുന്ന നീലത്താമരപോലെ വിപുലമായ ആകാശങ്ങളായി വിരിയുന്നു. ആകാശം അവളെ തേടിയെത്തുന്നതല്ല; അവൾ തന്നെയാണ് ആകാശത്തെ കണ്ടെത്തുന്നത്,

കരഞ്ഞുകീറിയ രാത്രികളുടെ ചിതറിച്ചുനിൽക്കുന്ന അവശിഷ്ടങ്ങളിൽ നിന്നുമാണ് ഊർജ്ജമുള്ള ഒരു പുതിയ ലോകം അവൾ പണിയുന്നത്. ആ ലോകം, ഒരിക്കൽ അവളെ തളർത്തിയ അവൾ തന്നെയാണ് ഇപ്പോൾ കൈവശപ്പെടുത്തുന്നത്.

അമിത സങ്കടങ്ങളിൽ ഒറ്റപ്പെട്ടുപോയവർ ഇനി സങ്കടപ്പെടരുത്; ദൈവം ഒരു മനുഷ്യഹൃദയം തിരഞ്ഞെടുക്കുമ്പോൾ അതിനെ ഒരിക്കലും ഉപേക്ഷിക്കുന്നില്ല. മറിച്ച് എല്ലാ സഹനങ്ങളെയും നേരിടാൻ കരുത്തുകൂടി നൽകും, തീർത്തും ഒറ്റയ്ക്കാക്കില്ല.

പ്രണയം

മറിയം ദൈവം ഭൂമിയെ പ്രണയിക്കാൻ തിരഞ്ഞെടുത്ത സ്ത്രീയാണ്. ഒരു സ്ത്രീയുടെ ഹൃദയം തന്നെയാണ് ദൈവത്തിന്റെ ഭൂമിയിലേക്കുള്ള ആദ്യ നടപ്പാത. എന്നാൽ, ഈ പ്രണയം മനുഷ്യർക്കു പുറത്തുനിന്നു നോക്കുമ്പോൾ മനസ്സിലാകാത്തത്ര ദുഃഖങ്ങളാൽ നിറഞ്ഞതുമായിരുന്നു. ദൈവത്തിന്റെ പ്രണയം സന്തോഷത്തിലേക്കു കൊണ്ടുപോകുന്ന ഒരു പാതയല്ലെന്ന് പലപ്പോഴും നമുക്ക് തോന്നും; ചിലപ്പോൾ അത് പെട്ടെന്നുള്ള ഇരുട്ടുകളിലേക്ക് ചാടിച്ചെല്ലുന്ന ഒരു നിശ്ശബ്ദ യാത്രപോലും.

അതുകൊണ്ടാണ് ഈ വഴികൾ ആദ്യം സുരക്ഷിതമെന്ന് തോന്നാതെ നൊമ്പരഭരിതമായിത്തീരുന്നത്. ഈ ദുഃഖങ്ങൾ ഒന്നും മറിയത്തിനൊരു പരാതി ആയിരുന്നില്ല. അവളുടെ ജീവിതത്തിന്റെ വാക്കുകൾ എല്ലാം ദൈവത്തിനു വേണ്ടി എഴുതിയവയാണ്.

ദൈവമാതാവിന്റെ രൂപം

മനുഷ്യരുടെ കയ്പ്പുമധുരമായ ഓർമ്മകളാണ് അവളെക്കുറിച്ച് രൂപപ്പെടുന്ന ദൈവമാതാവിന്റെ സ്വരൂപം. പലരും അവളുടെ ജീവിതത്തെ ദുഃഖത്തിന്റെ കണ്ണുകളാണ് നോക്കുന്നത്, "അവൾക്കു ലഭിച്ചത് ദൈവത്തിന്റെ പ്രണയമല്ല, വേദനയാണ്" എന്നു വിലയിരുത്തുന്നവരും ഉണ്ടാകും. പക്ഷേ അത്തരം നിമിഷങ്ങളിൽ അവൾ പറഞ്ഞ വാക്ക് "ഞാൻ നിന്റെ ദാസി."

ഇവിടെ 'ദാസി' എന്ന പദത്തിൽ അലങ്കരിക്കാനാകാത്ത ഒരു സമ്പൂർണ സമർപ്പണത്തിന്റെ ഭാവമാണ്. ശരീരത്തിൻറെയും മനസ്സിന്റെയും മുഴുവൻ അധികാരവും ദൈവത്തിലേക്ക് കൈമാറുന്ന ഒരു ജീവിതമുറ.

അവൾ സ്വയം 'ദാസി'യായി തീർന്നതുകൊണ്ടാണ് കാലം അവളെ 'ദൈവമാതാവ്' എന്ന് വിളിക്കുന്നത്. ദൈവം അവളെ പ്രണയിച്ചത് ഒരു നിമിഷത്തിനായി മാത്രമല്ല; എല്ലാ നിമിഷങ്ങൾക്കും, എല്ലാ കാലങ്ങൾക്കും വേണ്ടിയാണ്. അവൾ എന്നുമുള്ള ദൈവമാതാവാണ്.

മറിയം ലോകം കണ്ടിട്ടില്ലാത്ത ഒരു സാധാരണ പെൺകുട്ടി. സാമൂഹ്യ ജീവിതത്തിന്റെ സൂക്ഷ്മതകളിൽ വളർന്ന അവളുടെ സ്വപ്നങ്ങൾ വളരെ സാധാരണവും അതേ സമയം അത്യന്തം സ്നേഹനിറഞ്ഞതുമായിരിക്കും. സ്ത്രീകൾക്ക് വിവാഹജീവിതത്തെക്കുറിച്ചുള്ള സ്വപ്നങ്ങൾ മനസ്സിൽ കൂടുതൽ താലോലിക്കപ്പെടും. ഒരു വീട്ടുവളപ്പിന്റെ ചൂട്, ഒരു കുടുംബത്തിന്റെ നിത്യ നിലാവുകൾ, ഒരു പുരുഷന്റെ സ്നേഹത്തിന്റെ ഉറപ്പുകൾ... ഇവ എല്ലാം അവളുടെ ജീവിതത്തിൽ ഒരുനാളിൽ പെട്ടെന്നുതന്നെ മാറിമറിഞ്ഞു.

അവളുടെ സ്വപ്നങ്ങൾ അവൾ ജീവിച്ചിരുന്ന ഗ്രാമീണ ചുറ്റുപാടുകളോടൊത്ത് കെട്ടിപ്പിണഞ്ഞവയായിരുന്നു. അവൾക്കെഴുതപ്പെടുന്നതുപോലെ ലളിതമായിരുന്നു അവളുടെ ഭാവി.

അവിടെ തന്നെയാണ്, അവൾ ദേവാലയത്തിൽ മാത്രം പരിചയമുള്ള ഒരു അത്യല്പ ശബ്ദം ആകാശത്തിന്റെ മൗനമെന്നതുപോലൊരു സമാധാനം നിറഞ്ഞ 'ദൈവസാന്നിധ്യം', അവളുടെ അരികിലേക്ക് തന്നെ വരുന്നത്.

സ്ത്രീകൾ നിൽക്കുന്ന ദേവാലയഭാഗത്ത് ആരാധനയിൽ നിറഞ്ഞുനിൽക്കുന്ന ഈ പെൺകുട്ടി, സ്വയം പോലും കേൾക്കാൻ കഴിയാത്ത അമ്പരപ്പിലാണ്.

അവൾ ആരാധിച്ചു കൊണ്ടിരുന്ന ആ ദൈവം തന്നെ, "നീ എന്റെ അമ്മയാകും" എന്ന് പറയുമ്പോൾ. അവളുടെ ലോകത്ത് ദൈവത്തിന്റെ അമ്മമാരെപ്പറ്റി കേട്ട കഥകൾ ഉണ്ടായിരുന്നില്ല. അവൾ ആരാധിച്ചിരുന്നു, പക്ഷേ അമ്മയായതായി അവൾ ഒരിക്കലും ചിന്തിച്ചിട്ടില്ല. ദൈവത്തെ തന്റെ ഉദരത്തിനുള്ളിൽ ചുമക്കാൻ തയാറാകുന്ന നിമിഷമാണ് അവളുടെ ജീവിതം ഒടുവിൽ അവളെ തന്നെ മറന്നുപോയത്. സ്വപ്നങ്ങൾ മെനഞ്ഞുകൂട്ടുന്ന ലോകത്തിൽ അവൾ തന്റെ സ്വപ്നത്തിൽ നിന്ന് സ്വയം പൂർണ്ണമായും പുറത്തുവന്നു.

അവളിൽ ദൈവം ദൈവം ഇപ്പോൾ അവളുടെ ഉദരത്തിനുള്ളിൽ, മനുഷ്യരൂപം കൈക്കൊള്ളുന്നവൻ അവളിൽ ഒരു മൃദുവായ നിശ്വബ്ദമായി വളരുന്നു. അവൾ ഇനി ഒരു സാധാരണ പെൺകുട്ടിയല്ല, ദൈവത്തെ തന്റെ രക്തത്തിലൂടെ ശ്വസിപ്പിക്കുന്ന, തന്റെ ഹൃദയത്തിലൂടെ വളർത്തുന്ന, തന്റെ ഭയങ്ങളിലൂടെ സംരക്ഷിക്കുന്ന ഒരു ജീവജാലം. മറക്കരുത്, അവളിലാണ് ദൈവം. അവളിൽ തന്നെയാണ് ദൈവം.

❑

ആൻ പോൾസൺ ടെക്സ്റ്റൈൽ ടെക്നോളജിയിൽ ഡോക്ടറേറ്റ് കരസ്ഥമാക്കി. പാലക്കാട് സെന്റ് മേരീസ് ഓർത്തഡോക്സ് മഹാ ഇടവക അംഗമായ പോൾ റ്റി. വിൽസന്റെ സഹധർമ്മിണിയാണ്.





മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

ദിവ്യബോധനം കോൺവൊക്കേഷൻ

കോട്ടയം: ഓർത്തഡോക്സ് വൈദിക സെമിനാരിയിൽ നടന്ന ദിവ്യബോധനം കോൺവൊക്കേഷൻ സമ്മേളനം പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാബാവാ ഉദ്ഘാടനം ചെയ്തു.

ദിവ്യബോധനം പ്രസിഡൻറ് ഡോ. യാക്കോബ് മാർ ഐറേനിയോസ് മെത്രാപ്പോലീത്ത അധ്യക്ഷത വഹിച്ചു. വടവാതൂർ അപ്പോസ്തോലിക് സെമിനാരി പ്രസിഡൻറ് ഫാ. ഡോ. പോളി മണിയാട്ട് കോൺവൊക്കേഷൻ പ്രഭാഷണം നടത്തി.

സെമിനാരി വൈസ് പ്രസിഡൻറ് ഡോ. മാത്യൂസ് മാർ തീമോത്തിയോസ് മെത്രാപ്പോലീത്ത, ഡോ. യൂഹാനോൻ മാർ ദീയസ്ക്കോറോസ് മെത്രാപ്പോലീത്ത, പ്രിൻസിപ്പൽ ഫാ. ഡോ. ജോൺ തോമസ് കരിങ്ങാട്ടിൽ, ദിവ്യബോധനം രജിസ്ട്രാർ ഫാ. ഡോ. മാത്യൂസ് ജോൺ മനയിൽ,പബ്ളിക്കേഷൻ ഓഫീസർ ഫാ. സിജു വർഗീസ് കോശി, പ്രൊഫ. ഡോ. ചെറിയാൻ തോമസ് എന്നിവർ പ്രസംഗിച്ചു. വിജയികൾക്ക് സർട്ടിഫിക്കറ്റുകളും സമ്മാനങ്ങളും പരിശുദ്ധ കാതോലിക്കാബാവാ നൽകി.

മലയാളത്തിൻറെ പ്രിയ കഥാകാരൻ ടി. പത്മനാഭൻറെ 96-ാമത് പിറന്നാൾ ദിന സമ്മേളനത്തിൽ ഡോ. ഗബ്രിയേൽ മാർ ഗ്രീഗോറിയോസ് ആശംസ നേരുന്നു.

പുസ്തകം

കോട്ടയം ഭദ്രാസന ശതോത്തര സുവർണ ജൂബിലിയുടെ ഭാഗമായി സമ്പൂർണ്ണ പാർപ്പിട സുരക്ഷാ പദ്ധതി

കോട്ടയം: കോട്ടയം ഭദ്രാസന ശതോത്തര സുവർണ ജൂബിലി ആഘോഷങ്ങളുടെ ഭാഗമായി നടപ്പിലാക്കുന്ന പ്രധാന കർമ്മ പദ്ധതികളിൽ ഒന്നായ സമ്പൂർണ്ണ പാർപ്പിട സുരക്ഷാപദ്ധതിയുടെ ആദ്യ ഭവനം പുതുപ്പള്ളി പള്ളിയുടെ പൂർണ ചുമതലയിൽ മണർകാട് മാലത്ത് നിർമ്മാണം പൂർത്തിയായി. പുതുതായി നിർമിച്ച വീടിന്റെ കൂദാശ ഡോ. യുഹാനോൻ മാർ ദിയസ്കോറോസ് നിർവഹിച്ചു. മെത്രാസന സെക്രട്ടറി ഫാ. കെ. എം. സക്കറിയ, പദ്ധതി കൺവീനർ സി. ജോൺ കോർ എപ്പിസ്ക്കോപ്പ ചിറത്തലാട്ട്, പുതുപ്പള്ളി പള്ളി വികാരി ഫാ. ആൻഡ്രൂസ് റ്റി. ജോൺ, ഫാ. കുര്യാക്കോസ് ഏലിയാസ്, ഫാ. കുര്യാക്കോസ് ബേബി, ഫാ. വർഗീസ് മാത്യു, ശതോത്തര സുവർണ ജൂബിലി പ്രോഗ്രാം സെക്രട്ടറി സാം വർഗീസ്, പുതുപ്പള്ളി പള്ളി കൈകാരന്മാരായ പി. എം. ചാക്കോ, ജോണി ഈപ്പൻ, സെക്രട്ടറി മോനു പി. ജോസഫ്, മാനേജിങ് കമ്മിറ്റി അംഗങ്ങൾ എന്നിവർ സംബന്ധിച്ചു.

ദിവബോധനം സുവനീർ ദ്യുതി ഡോ.യാക്കോബ് മാർ ഐറേനിയോസ് മെത്രാപ്പോലീത്ത, ജോർജ് വർഗീസ് കോർഎപ്പിസ്കോപ്പായ്ക്ക് നൽകി പ്രമുക്തി കർമ്മം നിർവഹിച്ചു. പ്രിൻസിപ്പൽ ഫാ. ഡോ. ജോൺ തോമസ് കരിങ്ങാട്ടിൽ, ഫാ. ഡോ. മാത്യൂസ് ജോൺ മനയിൽ, ഫാ. സിജു വർഗീസ് കോശി എന്നിവർ പ്രസംഗിച്ചു.

കുന്നംകുളം ഭദ്രാസനത്തിലെ വൈദികയോഗം ഭദ്രാസന മെത്രാപ്പോലീത്താ ഡോ. ഗീവർഗീസ് മാർ യൂലിയോസിന്റെ അദ്ധ്യക്ഷതയിൽ നടന്നു. യോഗത്തിൽ ആന്ധ്ര ഇവാൻഞ്ചലിക്കൽ സഭയിലെ ഡോ. ഡാനിയേൽ പ്രേം കുമാർ ബിഷപ്പിനെ ആദരിച്ചു. തിരുവനന്തപുരം ഭദ്രാസന സഹായ മെത്രാപ്പോലീത്തായായി പരിശുദ്ധ ബാവാ തിരുമേനി നിയമിച്ച അഭിവന്ദ്യ തിരുമേനിയെയും, ഭദ്രാസനത്തിന്റെ പുതിയ സെക്രട്ടറിയായി തിരഞ്ഞെടുക്കപ്പെട്ട ഫാ. സ്റ്റീഫൻ ജോർജ്ജിനെയും വൈദിക യോഗം പൊന്നാട അണിയിച്ച് ആദരിച്ചു.